# പഞ്ചായത്ത് രാജ്

പുസ്തകം 51 ◆ ലക്കം 8
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
നവംബർ 2011

കേരളപ്പിറവിയും ഭരണഭാഷയും

നമ്മെ മറക്കുന്ന നമ്മൾ

എൻ. കൃഷ്ണപിള്ളയുടെ വിദ്യാഭ്യാസ ചിന്തകൾ

## ഗ്രാമസഭ

### പങ്കാളിത്ത ഭരണത്തിന്റെ കേന്ദ്രബിന്ദു

## വസ്തുനികുതി പരിഷ്കരണം: നടപടിക്രമങ്ങൾ






# ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 ഗ്രാമസഭ: പങ്കാളിത്ത ഭരണത്തിന്റെ കേന്ദ്രബിന്ദു
ഡോ. എം.കെ. മുനീർ

8 ഗ്രാമസഭകളും പഞ്ചായത്തും
ഡോ. പി.പി. ബാലൻ



11 ഗ്രാമസഭകൾ പുതുമ തേടുമ്പോൾ
വിനു. എ



13 കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ 12-ാം പഞ്ചവത്സരപദ്ധതി നയസമീപനരേഖയുടെ പ്രകാശനം
പി.ടി. മാത്യു



16 കേരളപ്പിറവിയും ഭരണഭാഷയും
എം.വി. തോമസ്



18 നമ്മെ മറക്കുന്ന നമ്മൾ
ഡോ. വിളക്കുടി രാജേന്ദ്രൻ

20 എൻ. കൃഷ്ണപിള്ളയുടെ വിദ്യാഭ്യാസ ചിന്തകൾ
ഡോ. എഴുമറ്റൂർ രാജരാജവർമ്മ



22 വസ്തു നികുതി പരിഷ്കരണം - നടപടിക്രമങ്ങൾ
കെ. പ്രശാന്ത് കുമാർ

28 അധികാരവും പ്രയോഗതന്ത്രവും
അഡ്വ: കെ. പുഷ്പരാജൻ ആചാരി

32 പ്രൊക്യൂർമെന്റ് മാന്വൽ: കൺസൾട്ടൻസി സേവന വ്യവസ്ഥകൾ
കെ. വിനോദ് കുമാർ



35 ഞാൻ കണ്ട ഡൽഹി
റോയ് ചാക്കോ ഇളമണ്ണൂർ



38 കേരളപ്പെരുമ
കെ.എൽ. ശ്രീകൃഷ്ണ ദാസ്

40 സാനഡു മോഹനം: മന്ത്രികൃഷി നൂറുമേനി
ഡോ. ഡി ഷൈൻകുമാർ

42 വാർത്തകൾ വിശേഷങ്ങൾ




## പ്രശംസ അർഹിക്കുന്നു

കേരളത്തിലെ കിഴങ്ങുവർഗ്ഗ വിളകളെപ്പറ്റി ഒക്ടോബർ ലക്കം പഞ്ചായത്ത് രാജ് മാസികയിൽ ഉൾപ്പെടുത്തിയിരുന്ന ലേഖനങ്ങൾ പ്രശംസ അർഹിക്കുന്നു. കേരളീയർ ഒരുകാലത്ത് തങ്ങളുടെ വീട്ടുവളപ്പിൽ കൃഷിചെയ്തിരുന്ന ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയ കിഴങ്ങുവർഗ്ഗ വിളകൾ ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഒരുകാലത്ത് പാവപ്പെട്ടവന്റെ ഭക്ഷണമായിരുന്ന മരച്ചീനി ഇന്ന് സ്റ്റാർ ഹോട്ടലുകളിൽ സ്ഥാനം നേടിയിട്ടുണ്ട്. മലയാളിക്ക് ഇഷ്ടമുള്ള വിഭവമായിട്ടുപോലും മരച്ചീനികൃഷി വ്യാപകമാണെന്ന് പറയുവാൻ കഴിയില്ല. ഈ കാലയളവിൽ കൃഷിക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ലേഖനങ്ങൾ കൃഷിയെപ്പറ്റിയുള്ള ഓർമ്മകൾ പുതുക്കാനും, അതിലേക്ക് തിരിയുവാനും കർഷകന് പ്രോത്സാഹനമാകുമെന്നതിൽ സംശയമില്ല.

**സന്തോഷ്കുമാർ,** *വാകത്താനം*

## ഗാന്ധിസ്മരണ സന്ദർഭോചിതം

'നവമാനവികതയുടെ ശബ്ദം' എന്ന ഒക്ടോബർ ലക്കം പഞ്ചായത്ത് രാജിലെ ഗാന്ധിസ്മരണ സന്ദർഭോചിതമായി. ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്ന് രാഷ്ട്രനിർമ്മാണ ശില്പികളെ ഓർമ്മപ്പെടുത്തിയ മഹാത്മാഗാന്ധിയുടെ ചിന്തകൾ ഇന്നും പ്രസക്തമാണ്. ഗ്രാമ-നഗര അന്തരവും ദരിദ്ര-ധനിക അന്തരവും വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ഗ്രാമങ്ങളുടെ വളർച്ചയ്ക്കും വികസനത്തിനും പ്രാധാന്യം നൽകുന്ന പദ്ധതികൾ 12-ാം പഞ്ചവത്സര പദ്ധതിയിൽ ഇടം നേടുമെന്ന് പ്രതീക്ഷിക്കുന്നു. എങ്കിൽമാത്രമേ ഗാന്ധിജിയുടെ സ്വപ്നഭാരതം യാഥാർത്ഥ്യമാകൂ.

**ഗോപകുമാർ,** *ധനുവച്ചപുരം*

## വികേന്ദ്രീകൃതാസൂത്രണം: സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പുനസംഘടിപ്പിച്ചു

നഗരകാര്യ-വ്യവസായ വകുപ്പുമന്ത്രി അദ്ധ്യക്ഷനായും പഞ്ചായത്ത്-സാമൂഹ്യക്ഷേമം, ഗ്രാമവികസനവും-ആസൂത്രണവും വകുപ്പുമന്ത്രിമാർ സഹ അദ്ധ്യക്ഷന്മാരുമായി വികേന്ദ്രീകൃതാസൂത്രണം സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പുനഃസംഘടിപ്പിച്ചു. ആസൂത്രണ-സാമ്പത്തികകാര്യം, ധനകാര്യം, പട്ടികജാതി പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പു സെക്രട്ടറിമാരും, സംസ്ഥാന ആസൂത്രണ ബോർഡംഗം (വികേന്ദ്രീകൃതാസൂത്രണം), സംസ്ഥാന ആസൂത്രണ ബോർഡംഗം (വിഭവം), പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം എന്നീ വകുപ്പു മേധാവികളും അംഗങ്ങളാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി മെമ്പർ സെക്രട്ടറിയാണ്. (G.O.(MS) No.250/2011/LSGD dated 15.10.2011)

## കുടുംബശ്രീ ഗവേണിംഗ് ബോഡി പുനസംഘടിപ്പിച്ചു

പഞ്ചായത്ത് സമൂഹ്യക്ഷേമ വകുപ്പുമന്ത്രി ചെയർമാനായി കുടുംബശ്രീ മിഷൻ ഗവേണിംഗ് ബോഡി പുനസംഘടിപ്പിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, ധനകാര്യം, സാമൂഹ്യക്ഷേമം, പട്ടികജാതി പട്ടികവർഗ്ഗ വികസനം, ആരോഗ്യ കുടുംബക്ഷേമം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ, പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം എന്നീ വകുപ്പുകളുടെ അദ്ധ്യക്ഷന്മാരടക്കം 27 അംഗങ്ങളാണ് ഗവേണിംഗ് ബോഡിയിലുള്ളത്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറാണ് മെമ്പർ സെക്രട്ടറി. (G.O.(MS)No.274/2011/LSGD dated 3.11.2011)


## വസ്തുനികുതി പരിഷ്കരണത്തിന് സമയക്രമം

2010ലെ വാർഡുവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ കെട്ടിടങ്ങൾക്കും നമ്പർപ്ലേറ്റ് പതിച്ച് വസ്തുനികുതി നിർണ്ണയ റിട്ടേൺ രജിസ്റ്റർ തയ്യാറാക്കി 31.03.2012നു മുൻപായി വസ്തുനികുതി വസൂലാക്കുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങളും സമയക്രമവും പുറപ്പെടുവിച്ച് സർക്കാർ ഉത്തരവായി. (സ.ഉ.(സാധാ) നം. 2414/2011/തസ്വഭവ, തീയതി 20.10.2011).

## ആസ്തി രജിസ്റ്റർ തയ്യാറാക്കി റിപ്പോർട്ട് ചെയ്യണം

കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി ഓരോ തദ്ദേശഭരണ സ്ഥാപനവും ഇൻഫർമേഷൻ കേരള മിഷനും സർക്കാരിനും റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചു. 2011 നവംബർ 20നകം കൃത്യമായി ആസ്തി രജിസ്റ്റർ തയ്യാറാക്കി ഇൻഫർമേഷൻ കേരള മിഷന് ലഭ്യമാക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് തടഞ്ഞുവയ്ക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതും ബന്ധപ്പെട്ട സെക്രട്ടറി/എഞ്ചിനീയർ എന്നിവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതുമാണ്. (സർക്കുലർ നമ്പർ 50412/ഡിബി2/11/തസ്വഭവ, തീയതി 13.10.11).

## കെ.എൽ.ജി.എസ്.ഡി.പി. കൈപ്പുസ്തകം പ്രകാശനം ചെയ്തു



*കേരള ലോക്കൽ ഗവൺമെന്റ് സർവീസ് ഡെലിവറി പ്രോജക്ടിന്റെ ഭാഗമായി തയ്യാറാക്കിയ കൈപ്പുസ്തകം പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ പ്രകാശനം ചെയ്യുന്നു.*



**പഞ്ചായത്ത് രാജ്**
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

നവംബർ 2011
പുസ്തകം 51
ലക്കം 8
വാർഷിക വരിസംഖ്യ: ₹ 120
www.lsg.kerala.gov.in

**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് വകുപ്പ് മന്ത്രി

അംഗങ്ങൾ

**ജെയിംസ് വർഗ്ഗീസ്,** ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

**ഡയറക്ടർ**
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി. ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ജി. രാജീവ്**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

എഡിറ്ററുടെ പേജ്

# ഗ്രാമസഭകൾ കൂടുതൽ ഫലവത്താകണം

നമ്മുടെ നാട്ടിലെ സാധാരണ പൗരന് ഭരണത്തിൽ നേരിട്ട് പങ്കാളിത്തം നൽകുന്ന പ്രത്യക്ഷ ജനാധിപത്യവേദികളാണ് ഗ്രാമസഭകൾ. 'ഗ്രാമസ്വരാജ്' എന്ന ഗാന്ധിയൻ സങ്കല്പത്തിന്റെ സ്വപ്ന സാക്ഷാത്ക്കാരമാണ് ഗ്രാമസഭകൾ. കേരളത്തിൽ ഒമ്പതാം പദ്ധതികാലത്ത് ജനപങ്കാളിത്തം കൊണ്ടും ക്രിയാത്മകമായ പ്രവർത്തനങ്ങളാലും ശ്രദ്ധ പിടിച്ചുപറ്റിയ ഗ്രാമസഭകളുടെ ഇന്നത്തെ അവസ്ഥയെന്ത്? ഒരു ആത്മപരിശോധനയ്ക്ക് നാം തയ്യാറായേ മതിയാകൂ.

സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം സമാരംഭിച്ച പല ഗ്രാമവികസന പരിപാടികളും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാത്തതിനെ തുടർന്ന് നടന്ന പഠനങ്ങളിൽ പഞ്ചായത്തീരാജ് സമ്പ്രദായത്തിനോടൊപ്പം ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ ജനസമൂഹത്തിന്റെ പങ്കാളിത്തവും ഉറപ്പുവരുത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും ചൂണ്ടിക്കാണിച്ചിരുന്നു. എന്നാൽ അക്കാലത്ത് സംസ്ഥാനങ്ങൾ നടത്തിയ പഞ്ചായത്ത് നിയമ നിർമ്മാണങ്ങളിലൊന്നും ഭരണത്തിൽ പൗരജനങ്ങൾക്ക് ഇടപെടാൻ കഴിയുന്ന ചിരപുരാതന സംവിധാനമായ ഗ്രാമസഭകൾക്ക് ഇടമുണ്ടായിരുന്നില്ല. 1993ൽ പ്രാബല്യത്തിൽ വന്ന 73, 74 ഭരണഘടനാ ഭേദഗതികളാണ് ഇതിനൊരു മാറ്റം ഉണ്ടാക്കിയത്. ത്രിതല പഞ്ചായത്ത് സംവിധാനംപോലെ സാർവ്വത്രിക സാദ്ധ്യതയുള്ള ഏറ്റവും താഴെതട്ടിലെ ഭരണതലമായി ഗ്രാമസഭകൾ നിർവ്വചിക്കപ്പെട്ടു. ഭരണഘടനാ ഭേദഗതിയെ തുടർന്ന് നിർമ്മിച്ച കേരളപഞ്ചായത്ത് രാജ് നിയമത്തിൽ (1994) ഗ്രാമസഭയുടെ ഘടനയും ചുമതലയും ഉത്തരവാദിത്വങ്ങളും സുവ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

കേരളത്തിൽ ഗ്രാമസഭയുടെ പ്രായോഗികതയെക്കുറിച്ച് ആദ്യം വളരെ സംശയമുണ്ടായിരുന്നു. എന്നാൽ ഒമ്പതാംപദ്ധതി കാലത്ത് നടപ്പാക്കിയ ജനപങ്കാളിത്ത ആസൂത്രണം ഗ്രാമസഭകളെ പലയിടത്തും ജനകീയോത്സവമാക്കി. കക്ഷി രാഷ്ട്രീയത്തിനും ജാതിമതവർഗ്ഗ വർണ്ണങ്ങൾക്കും അതീതമായി ജനങ്ങൾ അണിനിരന്നുകൊണ്ട് ആസൂത്രണത്തിലും നിർവ്വഹണത്തിലും ക്രിയാത്മകമായി ഇടപെടാൻ ഗ്രാമസഭകൾക്ക് കഴിഞ്ഞു. എന്നാൽ കാലക്രമേണ ഗ്രാമസഭകൾ വേണ്ടത്ര ഫലപ്രദമാക്കാൻ കഴിഞ്ഞില്ല. കഷ്ടിച്ചു ക്വാറം തികയുന്ന അവസ്ഥയാണിന്ന് പലയിടത്തും. കുടുംബശ്രീ അംഗങ്ങളും പദ്ധതി ഗുണഭോക്താക്കളുമാണ് പങ്കെടുക്കുന്നവരിൽ ഏറിയ പങ്കും. ഇടത്തട്ട്-മേൽത്തട്ട് വിഭാഗത്തിന്റെ പ്രാതിനിധ്യം നാമമാത്രമായത് ചർച്ചകളുടെ സ്വഭാവത്തെ സ്വാധീനിച്ചു. ഗ്രാമസഭാ പ്രദേശത്തെ ഉൾക്കൊള്ളുന്ന നിയമസഭാംഗം, ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, കൈമാറികിട്ടിയ സ്ഥാപന മേധാവി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ഗ്രാമസഭകളിൽ പങ്കെടുക്കേണ്ടതുണ്ടെങ്കിലും ഫലപ്രാപ്തിയിലെത്താത്ത അനുഭവമാണ് അധികവും.

ഗ്രാമസഭകൾക്ക് വിപുലമായ അധികാരങ്ങളും ചുമതലകളുമാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പാർശ്വവൽക്കരിക്കപ്പെട്ടതും സാമൂഹ്യമായി പരിത്യജിക്കപ്പെട്ടവരും ഉൾപ്പെടെയുള്ള ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളും അഭിലാഷങ്ങളും ഉദ്ഘോഷിക്കുന്ന വേദികളാണ് ഗ്രാമസഭകൾ. സാമ്പത്തിക ഭരണവികസന പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും ഗ്രാമസഭകളുടെ മുമ്പാകെ വയ്ക്കുവാൻ പഞ്ചായത്ത് ബാദ്ധ്യസ്ഥമാണ്. ഗ്രാമസഭയാണ് നിയമാനുസൃതമായ സോഷ്യൽ ആഡിറ്റ് ഫോറം. പക്ഷേ ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം സാധാരണ പൗരന് വലിയ അവബോധമില്ല എന്നതാണ് വാസ്തവം.

ഗ്രാമസഭകളുടെ പ്രാധാന്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്താനും അധികാരത്തിന്റെ പ്രാഥമികതലമെന്ന നിലയിൽ ഗ്രാമസഭകളുടെ പ്രവർത്തനം അർത്ഥവത്താക്കാനുമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടുമാത്രമേ മുന്നോട്ടുപോകാൻ കഴിയൂ. ഗ്രാമസഭകളുടെ പ്രവർത്തനം സജീവമാക്കാൻ കിലയുടെ നേതൃത്വത്തിൽ ഈ മാസം മുതൽ ബൃഹത്തായ പരിശീലന പരിപാടികൾക്ക് തുടക്കം കുറിക്കുകയാണ്. ഗ്രാമസഭയാണ് വികേന്ദ്രീകൃത ജനാധിപത്യത്തിന്റെ അടിത്തറ. അധികാരവികേന്ദ്രീകരണത്തിന്റെ ആത്യന്തിക ലക്ഷ്യം ഭരണത്തിൽ പരമാവധി ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയെന്നതാണ്. സൂക്ഷ്മതല ജനാധിപത്യത്തിന്റെ പരീക്ഷണശാലയായി വിശേഷിക്കപ്പെടുന്ന കേരളത്തിന് ദുർബ്ബലമായ ഗ്രാമസഭകൾ ഭൂഷണമല്ല. തദ്ദേശഭരണ രംഗത്തെക്കുറിച്ച് പ്രാദേശിക സമൂഹത്തിന്റെ വീക്ഷണവും ശബ്ദവും പ്രതിഫലിപ്പിക്കുന്ന ജീവസുറ്റ വേദികളായി ഗ്രാമസഭകളെ പരിവർത്തനപ്പെടുത്തുന്നതിന് നമുക്ക് കൂട്ടായി യത്നിക്കാം.



**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി

# ഗ്രാമസഭ പങ്കാളിത്ത ഭരണത്തിന്റെ കേന്ദ്രബിന്ദു

തദ്ദേശസ്വയംഭരണ സംവിധാനത്തിന്റെ കേന്ദ്രബിന്ദുവാണ് ഗ്രാമസഭകൾ. ഭരണഘടനയുടെ 73,74 ഭേദഗതികളെത്തുടർന്ന് ഇന്ത്യയ്ക്കാകെ മാതൃകാപരമായ നടപടികൾ സ്വീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ജനാധിപത്യവൽക്കരിക്കുകയും ശാക്തീകരിക്കുകയും ചെയ്ത സംസ്ഥാനമാണ് കേരളം. ജനാധിപത്യം, അധികാരവികേന്ദ്രീകരണം, വികേന്ദ്രീകൃതാസൂത്രണം എന്നീ മൂന്ന് ഘടകങ്ങൾ സ്വയംഭരണ സംവിധാനത്തിന്റെ ആണിക്കല്ലുകളാണ്. ഇവയെ ബലവത്തായി ഉറപ്പിച്ചു നിർത്തുന്നവയാണ് ഗ്രാമസഭകൾ അല്ലെങ്കിൽ വാർഡ് സഭകൾ. ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽത്തന്നെയുള്ള ഭരണം എന്ന സങ്കൽപ്പം പ്രാവർത്തികമാക്കുന്നത് ഗ്രാമസഭകളിലൂടെയാണ്. ജനപങ്കാളിത്തം, സുതാര്യത, കാര്യക്ഷമത എന്നിവ ഉറപ്പാക്കുന്നതിലൂടെ മാത്രമേ അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃതാസൂത്രണവും അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ പ്രാവർത്തികമാവുകയുള്ളൂ. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് അടിസ്ഥാനപരമായി വേണ്ടത് ഗ്രാമസഭകളെ ശക്തിപ്പെടുത്തുക എന്നതാണ്.

**ജനപങ്കാളിത്തം എന്നത് വോട്ടിംഗിൽ മാത്രം ഒതുങ്ങുന്ന ഒരു പ്രക്രിയയല്ല. ഭരണവും വികസനപരവുമായ കാര്യങ്ങൾ ജനങ്ങൾ അറിയണം. അവർക്ക് തീരുമാനങ്ങളെടുക്കാനും ആ തീരുമാനങ്ങൾ നടപ്പിലാക്കാനും പുരോഗതി വിലയിരുത്താനും കഴിയണം. ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും പ്രവർത്തനം നിരന്തരം നിരീക്ഷണത്തിന് വിധേയമാക്കി അവരോട് ചോദ്യങ്ങളുന്നയിക്കാനും കഴിയണം. ഇവയെല്ലാം കൂടിച്ചേരുമ്പോൾ ഗ്രാമസഭകളുടെയും വാർഡ് സഭകളുടെയും പ്രവർത്തനം അർത്ഥവത്താകും.**

ജനപങ്കാളിത്തം എന്നത് വോട്ടിംഗിൽ മാത്രം ഒതുങ്ങുന്ന ഒരു പ്രക്രിയയല്ല. ഭരണവും വികസനപരവുമായ കാര്യങ്ങൾ ജനങ്ങൾ അറിയണം. അവർക്ക് തീരുമാനങ്ങളെടുക്കാനും ആ തീരുമാനങ്ങൾ നടപ്പിലാക്കാനും പുരോഗതി വിലയിരുത്താനും കഴിയണം. ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും പ്രവർത്തനം നിരന്തരം നിരീക്ഷണത്തിന് വിധേയമാക്കി അവരോട് ചോദ്യങ്ങളുന്നയിക്കാനും കഴിയണം. ഇവയെല്ലാം കൂടിച്ചേരുമ്പോൾ ഗ്രാമസഭകളുടെയും വാർഡ്സഭകളുടെയും പ്രവർത്തനം അർത്ഥവത്താകും.



ജനങ്ങൾ ഏറെ പ്രതീക്ഷ അർപ്പിക്കുന്നവയാണ് ഇന്നത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നുള്ള ഫണ്ടുകൾ, കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ നടപ്പിലാക്കൽ, വിവിധ വകുപ്പുകളും അവയുടെ ഉദ്യോഗസ്ഥരും എന്നിവയൊക്കെ ഉൾക്കൊള്ളുന്ന സമഗ്ര സംവിധാനമാണ് ഈ സ്ഥാപനങ്ങൾ. അതുകൊണ്ട് തന്നെ പഞ്ചായത്ത് രാജ് നിയമത്തിലെ അധ്യായം II 3എ, 3ബി വകുപ്പുകൾ പ്രകാരമുള്ള വിപുലമായ അധികാരങ്ങളും ചുമതലകളും ഗ്രാമ/വാർഡ് സഭകളിൽ നിക്ഷിപ്തമാണ്. പക്ഷേ ഗ്രാമ/വാർഡ് സഭ അംഗങ്ങളായ സാധാരണ ജനങ്ങൾക്ക് ഇവയെപ്പറ്റി കുറെയേറെ ബോധവൽക്കരണം വേണ്ടിയിരിക്കുന്നു എന്ന സത്യം നമുക്ക് അംഗീകരിക്കേണ്ടതായിരിക്കുന്നു. ഓരോ പൗരന്റെയും സജീവ പങ്കാളിത്തം ഉറപ്പാക്കാൻ പ്രത്യേക ശ്രദ്ധ പതിയേണ്ട സംഗതികൾ എന്തൊക്കെയെന്ന് പരിശോധിക്കാം.

- ഗ്രാമസഭകൾ ഭരണഘടനാനുസൃതമായിട്ടുള്ളവയും അവ ഗ്രാമതലത്തിൽ ജനങ്ങളുടെ ഉന്നതമായ ജനാധിപത്യപ്രക്രിയയുടെ വേദിയും ആണെന്ന അവബോധം.
- ഗ്രാമസഭകൾ മെമ്പർമാരുടെയോ ഉദ്യോഗസ്ഥരുടെയോ പ്രേരണയിൽ ചേരേണ്ടതല്ല എന്നും ഗ്രാമസഭയിൽ പങ്കെടുക്കേണ്ടത് പൗരന്റെ കർത്തവ്യമാണെന്നുമുള്ള ബോധം.
- വിഭവസമാഹരണത്തിന്റെയും വിനിയോഗത്തിന്റെയും വിശദാംശങ്ങളെപ്പറ്റിയുള്ള അറിവ്.
- വികസനപ്രവർത്തനങ്ങളും അവയുടെ വിലയിരുത്തലും.
- സേവനങ്ങൾ അവകാശമാണെന്നുള്ള തിരിച്ചറിവ്.
- ഗ്രാമസഭകളുടെ അധികാരങ്ങളെപ്പറ്റി വ്യക്തമായ ധാരണ.
- പന്ത്രണ്ടാം പദ്ധതി ആസൂത്രണ പ്രക്രിയയിൽ ഗ്രാമ/വാർഡ് സഭകളുടെ ഫലപ്രദമായ ഇടപെടൽ.
- ഗ്രാമസഭ ഉന്നത നയരൂപീകരണ വേദിയും വികസന കാര്യത്തിൽ തീരുമാനമെടുക്കുന്ന കേന്ദ്രവും ആണെന്ന യാഥാർത്ഥ്യം.

മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ പ്രാവർത്തികമാക്കാനായി 'കില' ശാസ്ത്രീയമായ ഒരു പരിശീലന പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. 2011 ഡിസംബർ മുതൽ 2012 ജനുവരിവരെയുള്ള കാലയളവിലായിരിക്കും ഈ പരിശീലനം. മെമ്പർമാർക്കായി 16680 ഗ്രാമസഭാ വാർഡുകളിലും 2575 നഗരസഭാ വാർഡുകളിലും ഏകദിന പരിശീലനം ഉണ്ടാവും. ഒരു വാർഡിൽ സജീവമായി ഇടപെടാൻ കഴിയുന്ന 150-200 അംഗങ്ങളെ പരിശീലനത്തിൽ പങ്കാളികളാക്കും. 38 ലക്ഷം പേർക്ക് ഇത്തരത്തിൽ ബോധവൽക്കരണം നടത്താൻ കഴിയും. ഇതിനായി സംസ്ഥാനതലത്തിൽ 10000 മാസ്റ്റർ ട്രെയിനർമാർ, ബ്ലോക്ക്/നഗരഭരണതലത്തിൽ 20000 മാസ്റ്റർ ഫെസിലിറ്റേറ്റർമാർ, പഞ്ചായത്ത്/നഗരഭരണ തലത്തിൽ 19,00,00 ഫെസിലിറ്റേറ്റർമാർ എന്നിവരെ 'കില' സജ്ജമാക്കുന്നുണ്ട്. ഇത്രയും ബൃഹത്തായ ഒരു പരിശീലന യജ്ഞം ഒരു പക്ഷേ ഇന്ത്യയിൽ ആദ്യമായിട്ടായിരിക്കും. പുതുമയാർന്ന ഈ പദ്ധതിയിലൂടെ അധികാരവികേന്ദ്രീകരണ-വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ ക്രിയാത്മകമായി ഇടപെടാൻ കഴിയുന്നവരുടെ ഒരു വലിയ നിരയെ രൂപപ്പെടുത്താൻ കഴിയും. ഭാവി വികസന-സേവന മേഖലകളിൽ അത്ഭുതം സൃഷ്ടിക്കാൻ കഴിയുന്ന ഈ പദ്ധതി സംസ്ഥാന സർക്കാരിന്റെയും 'കില'യുടെയും അഭിമാനകരമായ മുന്നേറ്റത്തിൽ ഒരു നാഴികക്കല്ലായി ഭാവിചരിത്രം കുറിച്ചിടും എന്ന് എനിക്ക് ഉറപ്പുണ്ട്. ■

# ഗ്രാമസഭകളും പഞ്ചായത്തും

ഡോ. പി.പി. ബാലൻ

വികേന്ദ്രീകൃതാസൂത്രണത്തിൽ ഗ്രാമസഭകൾക്കുള്ള പ്രസക്തി ഏറെയാണ്. പ്രത്യക്ഷ ജനാധിപത്യത്തിന്റെ (Direct Democracy) പ്രതിരൂപമാണ് ഗ്രാമസഭകൾ. ഗാന്ധിജി പറഞ്ഞത് ഗ്രാമസഭയിൽ നിന്നും ലോകസഭയിലേക്ക് എന്നാണ്. രണ്ടിനും അതിന്റേതായ പ്രസക്തിയുണ്ട്. എന്നാൽ ഗ്രാമസഭയ്ക്ക് ഏറെ മഹത്വം അദ്ദേഹം കല്പിച്ചു. അതു ചലനാത്മകമാക്കുകയാണ് പഞ്ചായത്ത്രാജിലൂടെ ചെയ്യേണ്ടതെന്നും അദ്ദേഹം കണ്ടു. പഞ്ചായത്തുകൾക്ക് ജീവൻ നൽകുന്നത് ഗ്രാമസഭകളാണ്. എന്നാൽ അധികാരവികേന്ദ്രീകരണത്തിന്റെ ആണിക്കല്ലായ ഗ്രാമസഭകൾ ഇന്ന് ദുർബ്ബലമാണ്. ശുഷ്ക്കമായിക്കൊണ്ടിരിക്കുന്ന ഗ്രാമസഭകൾ ജനാധിപത്യ അധികാര വികേന്ദ്രീകരണത്തിന്റെ നിലനില്പിനെ തന്നെ ചോദ്യം ചെയ്യുന്നു.

## അല്പം ചരിത്രം

പുരാതന ഗ്രീക്ക് നഗര രാഷ്ട്രങ്ങളായ ആതൻസിലും സ്പാർട്ടയിലുമാണ് ആദ്യം പ്രത്യക്ഷ ജനാധിപത്യം നിലനിന്നിരുന്നത്. ജനങ്ങളെല്ലാം ഒറ്റക്കെട്ടായി ഭരണ-വികസന പ്രവർത്തനങ്ങളുടെ ഭാഗവാക്കുകളായിരുന്നതായി ഈ നഗര രാഷ്ട്രങ്ങളുടെ ചരിത്രം ഉദ്ഘോഷിക്കുന്നു. ജനകേന്ദ്രീകൃതമായിരുന്നു അവിടുത്തെ ഭരണം. പങ്കാളിത്ത വികസന പ്രവർത്തനങ്ങളുടെ തുടക്കം അവിടെയുണ്ടായി. ജനങ്ങൾക്കുള്ള അധികാരം (Ownership) ആരും ചോദ്യം ചെയ്തില്ല. ഓരോ വികസന പ്രവർത്തനങ്ങളിലും അവർ ഭാഗവാക്കുകളായി. എന്നാൽ ജനസംഖ്യാ വർദ്ധനവ് പ്രവർത്തനങ്ങളുടെ താളംതെറ്റിച്ചു. കൂട്ടമായി തീരുമാനമെടുക്കുന്നത് പ്രായോഗികമല്ലാതായി. പ്രാതിനിധ്യ ഭരണത്തെ പകരമായി അവർ കണ്ടു. തെരഞ്ഞെടുപ്പു വന്നു. ഉത്തരവാദിത്വം ജനപ്രതിനിധികളിലർപ്പിതമായി. ജനം പിൻവലിഞ്ഞു. ഇന്ത്യയിലെ പുരാണേതിഹാസങ്ങളിൽ പറഞ്ഞുവന്ന സഭകളും സമിതികളും ഇത്തരത്തിൽ പ്രത്യക്ഷ ജനാധിപത്യ വേദികളായിരുന്നു. ഒരു കാലഘട്ടത്തിൽ രാജാധികാരത്തെ അതു നിയന്ത്രിച്ചു നിർത്തി. എന്നാൽ ക്രമത്തിൽ അതും അപ്രത്യക്ഷമായി.

## ഭരണഘടനാ ഭേദഗതിക്കുശേഷം

എഴുപത്തിമൂന്നാം ഭരണഘടനാ ഭേദഗതിയുടെ പ്രധാന സവിശേഷതകളിലൊന്ന് ഗ്രാമസഭയുടെ രൂപീകരണമാണ്. ഭരണഘടനയുടെ 243-ാം വകുപ്പ്, ഗ്രാമസഭയെ ഗ്രാമത്തിലെ മുഴുവൻ വോട്ടർമാരും ഉൾക്കൊള്ളുന്നതും ഗ്രാമതലത്തിൽ പ്രവർത്തിക്കുന്നതുമായ സഭയായി നിർവ്വചിച്ചിരിക്കുന്നു. അതാത് സംസ്ഥാന നിയമസഭകൾ വ്യവസ്ഥചെയ്യുന്ന അധികാരങ്ങളും ചുമതലകളും പ്രവർത്തനങ്ങളും ഗ്രാമസഭകൾ കയ്യാളുമെന്ന് 243(എ) വകുപ്പ് പറയുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ രണ്ടാം അദ്ധ്യായം പൂർണ്ണമായും ഗ്രാമസഭയുടെ ഘടന, അധികാരങ്ങൾ, ഉത്തരവാദിത്വങ്ങൾ, പ്രവർത്തനം എന്നിവ സംബന്ധിച്ചാണ്. ഗ്രാമങ്ങളിൽ ഗ്രാമസഭകൾ പോലെ കോർപ്പറേഷനുകളിലും വൻനഗരങ്ങളിലുമൊഴികെ മറ്റു മുനിസിപ്പാലിറ്റികളിൽ മുഴുവൻ വോട്ടർമാരടങ്ങുന്ന വാർഡ് സഭകളും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമപ്രകാരം വാർഡ് സഭകൾ രൂപീകരിക്കേണ്ടാത്ത നഗരസഭാ സ്ഥാപനങ്ങളിലും പദ്ധതി ആസൂത്രണ-നിർവ്വഹണവുമായി ബന്ധപ്പെട്ട് വാർഡ് സഭകൾ ചേരേണ്ടതാണ്. ഭരണത്തിൽ ജനപങ്കാളിത്തം, ഭരണകാര്യക്ഷമത, സുതാര്യത എന്നിവ ഉറപ്പുവരുത്തുന്നതിനും സർവ്വോപരി ജനാധിപത്യ ശാക്തീകരണത്തിനും ഗ്രാമ/വാർഡ് സഭകളെ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്.

## അധികാരങ്ങൾ

വികസന പദ്ധതികൾക്ക് രൂപം നൽകുകയും അവ ഫലപ്രദമായി നടപ്പാക്കാൻ സഹായിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമസഭകളുടെ പ്രധാന ചുമതല. മാനദണ്ഡമനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കാനുള്ള അധികാരം അവയ്ക്കുണ്ട്. അഴിമതി, വ്യാജവും കൃത്രിമവുമായ ഇടപാടുകൾ തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെ ഉണർന്നു പ്രവർത്തിക്കാനും അവയ്ക്കു കഴിയും. മരാമത്തു പണികളടക്കമുള്ള വികസന പദ്ധതികളുടെ വിശദമായ എസ്റ്റിമേറ്റുകളും വിവരങ്ങളും ആവശ്യപ്പെടാനും ശേഖരിക്കാനും പരിശോധിക്കാനുമുള്ള അധികാരം ഗ്രാമസഭകളിൽ നിക്ഷിപ്തമാണ്. സാമൂഹ്യ ഓഡിറ്റിംഗിനുള്ള ജനകീയ വേദി കൂടിയാണ് ഗ്രാമസഭകൾ.

**ജനാധിപത്യ അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ശിലയായ ഗ്രാമസഭകൾ ഇന്ന് ഏറെ ദുർബ്ബലമാണ്. ശുഷ്കമായിക്കൊണ്ടിരിക്കുന്ന ഗ്രാമ/വാർഡ് സഭകൾ ജനാധിപത്യ അധികാരവികേന്ദ്രീകരണത്തിന്റെ നിലനില്പിനെത്തന്നെ ചോദ്യം ചെയ്യുന്നു.**

## അവകാശങ്ങൾ

ഗ്രാമസഭകളുടെ അവകാശങ്ങൾ ഏറെയാണ്. ഗ്രാമസഭ എടുത്ത തീരുമാനങ്ങളുടെ തുടർനടപടിയാണ് അതിൽ പ്രധാനം. ഒരു തീരുമാനം നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം ഗ്രാമസഭകളെ അറിയിക്കാൻ ഭരണസമിതി ബാദ്ധ്യസ്ഥമാണ്. ബജറ്റിൽ വകയിരുത്തിയ തുകകൾ, പദ്ധതിവിഹിതം, വിവിധ ഇനം ഫണ്ടുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഗ്രാമസഭയിൽ വയ്ക്കേണ്ടതായുണ്ട്. നടപ്പാക്കിയതും നടപ്പാക്കാനുദ്ദേശിക്കുന്നതുമായ പണികളുടെയും എസ്റ്റിമേറ്റിന്റെയും സാധനസാമഗ്രികളുടെയും ചെലവിന്റെ വിശദാംശങ്ങൾ ഗ്രാമസഭ അറിഞ്ഞിരിക്കണം. വാർഷിക കണക്കുകളുടെ എസ്റ്റിമേറ്റ്, ഭരണനിർവ്വഹണ റിപ്പോർട്ട്, വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ ഗ്രാമസഭയിൽ വായിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

## ഇന്നത്തെ സ്ഥിതി

ഭരണ-വികസന കാര്യങ്ങളിൽ വളരെ പ്രധാനപ്പെട്ട പങ്കാണ് ഗ്രാമസഭകൾക്ക് വഹിക്കാനുള്ളത്. ഭരണഘടന വിഭാവനം ചെയ്ത രീതിയിൽ അധികാരവികേന്ദ്രീകരണം ശക്തമായി നടപ്പാക്കിയ സംസ്ഥാനമാണ് നമ്മുടേത്. വർദ്ധിച്ച തോതിൽ ഫണ്ടും ചുമതലകൾ നിറവേറ്റുന്നതിനാവശ്യമായ സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവയും പ്രാദേശിക സർക്കാരുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ജനാധിപത്യ അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാനശിലയായ ഗ്രാമസഭകൾ ഇന്ന് ഏറെ ദുർബ്ബലമാണ്. ശുഷ്കമായിക്കൊണ്ടിരിക്കുന്ന ഗ്രാമ/വാർഡ് സഭകൾ ജനാധിപത്യ അധികാരവികേന്ദ്രീകരണത്തിന്റെ നിലനില്പിനെത്തന്നെ ചോദ്യം ചെയ്യുന്നു.

## പരിമിതികൾ എന്തൊക്കെ?

പങ്കാളിത്തം ഗണ്യമായി കുറയുന്നതു തന്നെയാണ് ഏറ്റവും പ്രധാന പ്രശ്നം. എന്നാൽ നല്ല പങ്കാളിത്തത്തോടെ നടക്കുന്ന ഗ്രാമസഭകൾ അർത്ഥവത്തായ വേദിക്കു പകരം ആൾക്കൂട്ടമായി മാറുന്ന സാഹചര്യങ്ങളുമുണ്ട്. ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടാൻ സാധ്യതയുള്ളവരും കുടുംബശ്രീ അംഗങ്ങളുമാണ് ഇത്തരം ഗ്രാമസഭകളിൽ പ്രധാന പങ്കാളികൾ. ഇടത്തരം, മേൽത്തട്ട് വിഭാഗങ്ങൾ ഗ്രാമസഭയിൽ നിന്നും വിട്ടു നിൽക്കുന്നതായി കാണാം. മതിയായ മുന്നൊരുക്കമോ അജണ്ടയോ ഇല്ലാതെ ഗ്രാമസഭകൾ ചേരുമ്പോൾ ചടങ്ങ്

**എഴുപത്തിമൂന്നാം ഭരണഘടനാ ഭേദഗതിയുടെ പ്രധാന സവിശേഷതകളിലൊന്ന് ഗ്രാമസഭയുടെ രൂപീകരണമാണ്. ഭരണഘടനയുടെ 243–ാം വകുപ്പ്, ഗ്രാമസഭയെ ഗ്രാമത്തിലെ മുഴുവൻ വോട്ടർമാരും ഉൾക്കൊള്ളുന്നതും ഗ്രാമതലത്തിൽ പ്രവർത്തിക്കുന്നതുമായ സഭയായി നിർവ്വചിച്ചിരിക്കുന്നു. അതാത് സംസ്ഥാന നിയമസഭകൾ വ്യവസ്ഥചെയ്യുന്ന അധികാരങ്ങളും ചുമതലകളും പ്രവർത്തനങ്ങളും ഗ്രാമസഭകൾ കയ്യാളുമെന്ന് 243(എ) വകുപ്പ് പറയുന്നു. 1994ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ രണ്ടാം അദ്ധ്യായം പൂർണ്ണമായും ഗ്രാമസഭയുടെ ഘടന, അധികാരങ്ങൾ, ഉത്തരവാദിത്വങ്ങൾ, പ്രവർത്തനം എന്നിവ സംബന്ധിച്ചാണ്. ഗ്രാമങ്ങളിൽ ഗ്രാമസഭകൾ പോലെ കോർപ്പറേഷനുകളിലും വൻനഗരങ്ങളിലുമൊഴികെ മറ്റു മുനിസിപ്പാലിറ്റികളിൽ മുഴുവൻ വോട്ടർമാരടങ്ങുന്ന വാർഡ് സഭകളും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമപ്രകാരം വാർഡ് സഭകൾ രൂപീകരിക്കേണ്ടാത്ത നഗരസഭാ സ്ഥാപനങ്ങളിലും പദ്ധതി ആസൂത്രണ–നിർവ്വഹണവുമായി ബന്ധപ്പെട്ട് വാർഡ് സഭകൾ ചേരേണ്ടതാണ്. ഭരണത്തിൽ ജനപങ്കാളിത്തം, ഭരണകാര്യക്ഷമത, സുതാര്യത എന്നിവ ഉറപ്പുവരുത്തുന്നതിനും സർവ്വോപരി ജനാധിപത്യ ശാക്തീകരണത്തിനും ഗ്രാമ/വാർഡ് സഭകളെ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്.**





പ്രസംഗങ്ങളും ഉപരിപ്ലവമായ അഭിപ്രായപ്രകടനങ്ങളും കൊണ്ട് അവ ചുരുങ്ങിപ്പോകുന്നു. ഫലത്തിൽ, സംഘടിപ്പിക്കേണ്ടവർക്കും പങ്കെടുക്കേണ്ടവർക്കും ഒരുപോലെ വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്ന അവസ്ഥ നിലനിൽക്കുന്നു.

### എങ്ങനെ ശക്തിപ്പെടുത്താം

ഗ്രാമസഭകൾക്ക് നഷ്ടപ്പെട്ട വിശ്വാസ്യത നേടിക്കൊടുക്കണമെങ്കിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ആത്മാർത്ഥമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ജനപങ്കാളിത്തവും സുതാര്യതയും ഉറപ്പുവരുത്തിക്കൊണ്ടുള്ള പ്രവർത്തനരീതി കരുപ്പിടിപ്പിക്കുകയാണ് പ്രധാനം. ആവശ്യമായ മുന്നൊരുക്കത്തോടെ മാത്രമേ ഗ്രാമസഭ ചേരാൻ പാടുള്ളു. ഗ്രാമസഭാ തീയതി മുൻകൂട്ടി തയ്യാറാക്കി നേരത്തെ തന്നെ വിതരണം ചെയ്യുകയും വേണം. സംഘാടക സമിതി രൂപീകരിച്ച് വീടുവീടാന്തരമുള്ള ക്യാമ്പയിൻ പ്രധാനമാണ്. പ്രസിഡന്റ്, സെക്രട്ടറി, മറ്റ് ഉദ്യോഗസ്ഥപ്രതിനിധികൾ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ നിർബന്ധമായും ഗ്രാമസഭയിൽ പങ്കെടുത്തിരിക്കണം. ഒരു പഞ്ചായത്തിൽ ഒരു ദിവസം ഒരു ഗ്രാമസഭ എന്ന രീതി സ്വീകരിക്കണം. ഗ്രാമസഭാ മിനിട്ട്സ് എഴുതി തയ്യാറാക്കി ആവശ്യപ്പെടുന്ന ഏതൊരാൾക്കും നൽകാൻ അധികൃതർ ബാദ്ധ്യസ്ഥരാണ്. ജനങ്ങൾക്ക് ഗ്രാമസഭയിലുള്ള വിശ്വാസം വളർത്തിയെടുക്കുകയാണ് ആദ്യം വേണ്ടത്. പ്രത്യക്ഷനേട്ടം ലഭിക്കുന്ന വ്യക്തിഗത ഗുണഭോക്താക്കളല്ലാത്തവർക്കും അവരുടെ പങ്ക് എന്താണെന്ന് ഗ്രാമസഭയിലൂടെ ബോധ്യപ്പെടുത്തിക്കൊടുത്താൽ മാത്രമേ പൗരസമൂഹത്തിന്റെ പരിച്ഛേദം എന്ന നിലയിൽ ഗ്രാമസഭകൾ മാറുകയുള്ളു. അതിനുള്ള ക്രിയാത്മകമായ ശ്രമം ഓരോ പ്രാദേശിക ഭരണസ്ഥാപനത്തിന്റെയും ഭാഗത്തുനിന്നുണ്ടാകണം.

### വിവിധ സംസ്ഥാനങ്ങളിൽ

മിക്ക വടക്കെ ഇന്ത്യൻ സംസ്ഥാനങ്ങളിലും ഗ്രാമസഭകളാണ് പഞ്ചായത്തുകളായി പരിണമിച്ചത്. ആദ്യം ഗ്രാമസഭകളുണ്ടായി. പിന്നീട് തെരഞ്ഞെടുക്കപ്പെട്ട അഞ്ചുപേരുടെ ഭരണസമിതി പഞ്ചായത്തുകളായി പരിണമിച്ചു. ഇവിടെയെല്ലാം പഞ്ചായത്തുകൾക്ക് പകരം വെയ്ക്കുന്നവരാണ് ഗ്രാമസഭ. പഞ്ചായത്ത് അദ്ധ്യക്ഷനെ ഗ്രാമസഭാ അദ്ധ്യക്ഷൻ എന്നും വിളിക്കാറുണ്ട്. മണിപ്പൂർ തുടങ്ങിയ സംസ്ഥാനങ്ങളിൽ പഞ്ചായത്തോഫീസിനെ ഗ്രാമസഭാ ഓഫീസ് എന്നും വിളിക്കുന്നു.

**മധ്യപ്രദേശിലെ ഗ്രാമസഭയ്ക്കുള്ള പ്രത്യേക അധികാരം ജനപ്രതിനിധികളെ തിരിച്ചുവിളിക്കുന്നതിൽ എത്തിനിൽക്കുന്നു. ഒരു വാർഡിലെ മൂന്നിലൊന്നുപേർ രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ ഗ്രാമസഭ വിളിച്ചുചേർക്കണം. പങ്കെടുത്തവരിൽ ഭൂരിപക്ഷം എതിർത്ത് വോട്ടു ചെയ്യുകയാണെങ്കിൽ മെമ്പർക്ക് സ്ഥാനം നഷ്ടപ്പെടും. തെരഞ്ഞെടുക്കപ്പെട്ട് രണ്ടര വർഷങ്ങൾക്കുശേഷമേ ഈ അധികാരം പ്രായോഗികമാക്കാൻ പാടുള്ളൂ എന്നാണ് നിയമം.**

### വനിതാ ഗ്രാമസഭകൾ

ഹിമാചൽപ്രദേശ് അടക്കമുള്ള വടക്കു-പടിഞ്ഞാറൻ സംസ്ഥാനങ്ങളിൽ പഞ്ചായത്തിലെ എല്ലാ വോട്ടർമാരും അടങ്ങുന്ന ഒറ്റ ഗ്രാമസഭയാണ് ഒരു പഞ്ചായത്തിനുള്ളത്. അത് ഓരോ വർഷവും നിശ്ചിയിച്ച ദിവസം ചേരുന്നു. ദേശീയ പ്രാധാന്യ ദിവസങ്ങളായിരിക്കും അവ. ആഗസ്റ്റ് 15, ഒക്ടോബർ 2, ജനുവരി 26, ഫെബ്രുവരി 19 എന്നിങ്ങനെയാണ് ആ ദിനങ്ങൾ. മഹാരാഷ്ട്രയിൽ ജനുവരി, മാർച്ച്, ഏപ്രിൽ, ഡിസംബർ എന്നീ ദിവസങ്ങളിലെ ആദ്യ ഞായറാഴ്ച ഗ്രാമസഭകൾക്കായി മാറ്റി വെച്ചിട്ടുണ്ട്. ഇവിടെയുള്ള മറ്റൊരു പ്രത്യേകത വനിതകൾക്കായുള്ള പ്രത്യേക ഗ്രാമസഭകളാണ്. അത്തരം വനിതാ ഗ്രാമസഭകൾ നിയമാനുസൃതമായുള്ള ഗ്രാമസഭകൾക്ക് തലേന്ന് ചേരുന്നു.

### ജനപ്രതിനിധികളെ തിരിച്ചു വിളിക്കാനുള്ള അധികാരം

മധ്യപ്രദേശിലെ ഗ്രാമസഭയ്ക്കുള്ള പ്രത്യേക അധികാരം ജനപ്രതിനിധികളെ തിരിച്ചുവിളിക്കുന്നതിൽ എത്തിനിൽക്കുന്നു. ഒരു വാർഡിലെ മൂന്നിലൊന്നുപേർ രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ ഗ്രാമസഭ വിളിച്ചുചേർക്കണം. പങ്കെടുത്തവരിൽ ഭൂരിപക്ഷം എതിർത്ത് വോട്ടു ചെയ്യുകയാണെങ്കിൽ മെമ്പർക്ക് സ്ഥാനം നഷ്ടപ്പെടും. തെരഞ്ഞെടുക്കപ്പെട്ട് രണ്ടര വർഷങ്ങൾക്കു ശേഷമേ ഈ അധികാരം പ്രായോഗികമാക്കാൻ പാടുള്ളൂ എന്നാണ് നിയമം. സർപഞ്ചിനാണ് ഗ്രാമസഭ വിളിച്ചുചേർക്കുന്നതിനുള്ള അധികാരം. സഭയിൽ മൂന്നിലൊന്ന് സ്ത്രീപങ്കാളിത്തം നിർബന്ധമാണ്. ഗുണഭോക്താക്കളെ കണ്ടെത്തലും പ്രവൃത്തികളുടെ മുൻഗണന നിശ്ചയിക്കലും ഗ്രാമസഭകളുടെ അധികാരപരിധിയിൽപ്പെടുന്നു.

### ജില്ലാ പഞ്ചായത്തിനും ഗ്രാമസഭ

പശ്ചിമബംഗാളിൽ ജില്ലാ പരിഷത്തിന്റെ നിയമാനുസൃത ഗ്രാമസഭയാണ് ജില്ലാ സൻസദ്. എല്ലാ ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് അദ്ധ്യക്ഷന്മാരും ബ്ലോക്ക് തലത്തിലെ ഉപാദ്ധ്യക്ഷനും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാരും ജില്ലാ പരിഷത്ത് അംഗങ്ങളും ചേർന്നതാണ് ഈ സഭ. സഭാധിപതിയുടെ (ജില്ലാ പരിഷത്ത് പ്രസിഡന്റ്) അദ്ധ്യക്ഷതയിൽ ഓരോ ആറ് മാസത്തിലും യോഗം ചേരുന്നു. ജില്ലാ പരിഷത്ത് നടപ്പാക്കുന്ന വിവിധ പ്രോജക്ടുകളുടെ ആസൂത്രണം, നിർവ്വഹണം, ബജറ്റ് വിശദാംശങ്ങൾ തുടങ്ങിയ കാര്യങ്ങൾ വാർഷിക യോഗത്തിലും അർദ്ധവാർഷിക യോഗത്തിലും ഈ സഭ ചർച്ച ചെയ്യുന്നു. ജില്ലാ സൻസദിന്റെ തീരുമാനങ്ങൾക്കും നിർദ്ദേശങ്ങൾക്കും അർഹമായ പരിഗണന ജില്ലാ പരിഷത്ത് നൽകേണ്ടതായിട്ടുണ്ട്. ■

*ലേഖകൻ കില ഡയറക്ടറാണ്.*






# ഗ്രാമസഭകൾ പുതുമ തേടുമ്പോൾ

വിനു. എ

പന്ത്രണ്ടാം പദ്ധതിയിലേക്ക് കാലെടുത്തുവെയ്ക്കുന്ന ഘട്ടത്തിൽ പദ്ധതിയാവിഷ്ക്കരണത്തിന്റെയും ആസൂത്രണത്തിന്റെയും തിരക്കിട്ട നാളുകളിലൂടെയാണ് രാഷ്ട്രം കടന്നുപോകുന്നത്. ഇന്ത്യ ജീവിക്കുന്നത് ഗ്രാമങ്ങളിലാണെന്ന് പറഞ്ഞ മഹാത്മാഗാന്ധിയുടെ ആശയങ്ങൾക്ക് പ്രാധാന്യമേറിവരുന്ന ഇക്കാലത്ത് ഗ്രാമസഭകൾക്ക് ഏറെ കാര്യങ്ങൾ ചെയ്യാനുണ്ട്. ജനാധിപത്യത്തിന്റെയും ഭരണ വ്യവസ്ഥയുടെയും അടിസ്ഥാനമായ ഗ്രാമസഭ ശക്തമാകുന്നതിലൂടെയേ അധികാരം പൂർണ്ണമായ അർത്ഥത്തിൽ ജനങ്ങളിലെത്തുകയുള്ളൂ. എന്നാൽ അങ്ങനെയൊരു മാറ്റമുണ്ടാകണമെങ്കിൽ ഊർജ്ജസ്വലവും ശക്തവും ജനപങ്കാളിത്തവുമുള്ള തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ അത്യന്താപേക്ഷിതമാണ്.

അത്തരത്തിലൊരു ചിന്തയുമായാണ് 1989 മെയ് 15ന് പഞ്ചായത്തുകൾക്ക് സ്വയംഭരണ പദവി നല്കുന്ന 64-ാം ഭരണഘടനാ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് പ്രധാനമന്ത്രിയായിരുന്ന രാജീവ്ഗാന്ധി പറഞ്ഞത്, "ഇന്ത്യയിലെ ജനങ്ങൾക്ക് ജനാധിപത്യവും പരമാധികാരവും ഉറപ്പിക്കാം. അധികാരത്തിലെ ഇടനിലക്കാരുടെ കാലം അവസാനിച്ചു. അതിനുവേണ്ടി അധികാരം ജനങ്ങളിലേക്ക് കൈമാറാം." കാലത്തിന്റെ സഞ്ചാരം കൂടുതൽ ഉത്തരവാദിത്തങ്ങളും ആശയങ്ങളും നമുക്ക് നൽകി. അധികാരകേന്ദ്രങ്ങളിൽ നിന്ന് അകലെ നിൽക്കുന്ന ഗ്രാമീണമേഖലയിലേതടക്കമുള്ള ജനങ്ങളെ ഒന്നിച്ചുനിർത്തുകയും വികസന വഴികളിൽ അണിനിരത്താനും സാധിക്കേണ്ടതുണ്ട്. ഇത് ഫലപ്രദമാകണമെങ്കിൽ സൂക്ഷ്മതലത്തിലുള്ള ജനാധിപത്യം നടപ്പിലാവണം. ഗാന്ധിജിയുടെ സ്വപ്നമായ ഗ്രാമസ്വരാജ് അത്തരമൊരു നീക്കത്തിന് ഏറ്റവും ഫലപ്രദമായ വഴിയാണ്.



**മാറിവരുന്ന സാഹചര്യത്തിൽ കൂടുതൽ ഉത്തരവാദിത്തമാണ് ഗ്രാമസഭകൾക്കുള്ളത്. പാരിസ്ഥിതികമായ വെല്ലുവിളികൾക്കൊപ്പം മാരകമായ രോഗങ്ങളുടെ കടന്നുവരവുമുണ്ട്. ഇതിനെ കുറിച്ചെല്ലാം ജനങ്ങളിൽ വേണ്ടത്ര അവബോധമില്ല. പല രോഗങ്ങൾക്കും കാരണമാകുന്നത് ശുചിത്വത്തിലെ പ്രശ്നങ്ങളാണ്. അത്തരത്തിലുള്ള മേഖലകളിൽ ബോധവൽക്കരണത്തിന് സാധിക്കും.**

താഴെ തട്ടിലുള്ള അധികാരസ്ഥാപനം വേദകാലങ്ങളിൽ സാർവ്വത്രികമായിരുന്നുവെന്ന് ഗ്രന്ഥങ്ങൾ സൂചിപ്പിക്കുന്നു. സ്വയംഭരണാവകാശമുള്ള റിപ്പബ്ലിക്കുകൾക്കുവേണ്ടി ലോകത്തിന്റെ വിവിധഭാഗങ്ങളിൽ രക്തചൊരിച്ചിലടക്കമുള്ള സമരരീതികൾ നടത്തിയത് ചരിത്രത്തിൽ എഴുതിവെച്ചിട്ടുണ്ട്. ജനപഥങ്ങളും പൗരസഭകളും സമൂഹ പഞ്ചായത്തുകളും പരമ്പരാഗതമായോ തെരഞ്ഞെടുപ്പിലൂടെയോ പലയിടത്തുമുണ്ടായി. അത്തരം സഭകളിൽ ഭൂരിപക്ഷ തീരുമാനമെന്ന കാഴ്ചപ്പാടാണ് ഉണ്ടായിരുന്നത്. ചിലയിടങ്ങളിൽ അത് ഏകാധിപത്യത്തിലേക്കും അഭിപ്രായ സ്വാതന്ത്ര്യമില്ലായ്മയിലേക്കും മാറിയിട്ടുമുണ്ട്.

ബ്രിട്ടീഷുഭരണകാലത്ത് ഇത്തരത്തിലുള്ള ശ്രമങ്ങളെ ഭരണകൂടം തന്നെ പ്രോത്സാഹിപ്പിച്ചു. എന്നാൽ ബ്രിട്ടീഷു രാജ്ഞിക്കു കീഴിലേക്ക് ഭരണസംവിധാനം മാറിയതോടെ, ഭരണ വ്യവസ്ഥയിൽ ഏറെ പരസ്പരാശ്രിതത്വത്തോടെയുള്ള ആശയഗതി രൂപപ്പെട്ടു. 1882 ലെ റിപ്പൺ പ്രമേയം പരാമർശമർഹിക്കുന്നു. തദ്ദേശ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം നൽകുന്നതായിരുന്നു ഇത്. പക്ഷേ, അതിനെ പൂർണമായി ഇന്ത്യക്ക് അംഗീകരിക്കാനാവുമായിരുന്നില്ല. തദ്ദേശസ്ഥാപനങ്ങൾക്ക് കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നതിനുള്ള ഭൗതിക സാഹചര്യം അനുവദിച്ചിരുന്നില്ല. മാത്രമല്ല, ഭരണകൂടത്തിന്റെ ഭാഗത്തുനിന്നും സഹായത്തിനു പകരം സാമ്പത്തികമേഖലകളിലടക്കം അവഗണനയും പീഡനവുമാണ് ലഭിച്ചത്.

### ഗ്രാമസ്വരാജ്

ഈ പശ്ചാത്തലത്തിലാണ് ഗാന്ധിജി ഗ്രാമസ്വരാജ് എന്ന ആശയം മുന്നോട്ട് വെയ്ക്കുന്നത്. ജനാധിപത്യത്തിന്റെ ആണിക്കല്ലായി ഗാന്ധിജി കണ്ടത് ഗ്രാമങ്ങളെയാണ്. ഒരു ഗ്രാമത്തിലെ ജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളോടുകൂടി ജീവിക്കാനാവശ്യമായതെല്ലാം ആ ഗ്രാമത്തിൽ തന്നെ ഉണ്ടാക്കുകയും അങ്ങനെ സ്വയം പര്യാപ്തമായി മാറിയ ഗ്രാമീണ റിപ്പബ്ലിക്കുകളെയാണ് ഗാന്ധിജി

സ്വപ്നം കണ്ടത്. അങ്ങനെ വരുമ്പോൾ സാമൂഹികവും സാംസ്ക്കാരികവും സാമ്പത്തികവുമായ മേഖലകളിൽ ജനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യവും അർഹതയും കൈവരുന്നു.

സ്വാതന്ത്ര്യാനന്തരം പഠനങ്ങൾ നടത്തിയപ്പോൾ പദ്ധതികളുടെ പരാജയത്തിന് പ്രധാന കാരണങ്ങളിലൊന്ന് ജനപിന്തുണയില്ലാത്തതാണെന്ന് കണ്ടെത്തി. 1978-ൽ അശോക് മേത്ത സമിതി ഇതിനെ കുറിച്ച് പഠിച്ചു. ആസൂത്രണത്തിന്റെയും വിഭവസമാഹരണത്തിന്റെയും വിതരണത്തിന്റെയും ഏകോപനത്തിന്റെയും അടിസ്ഥാനം ജില്ലാതലത്തിലായിരിക്കണമെന്ന് സമിതി ചൂണ്ടിക്കാട്ടി. 1985-ൽ ജി.പി.കെ റാവു സമിതി ഗ്രാമതലത്തിലുള്ള സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം ആവശ്യമാണെന്ന് വാദിച്ചു. ഇതിനിടെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള ആശയരൂപീകരണത്തിനും പ്രചരണത്തിനും ശ്രമം നടന്നു. സർക്കാരിയ കമ്മീഷൻ ഇതിന് എതിരായിരുന്നു. എന്നാൽ രാജീവ് ഗാന്ധി ധീരതയോടെ 1989ൽ 64-ാം ഭരണഘടനാ ഭേദഗതി ബിൽ അവതരിപ്പിച്ചു. ഇത് രാജ്യസഭയിൽ പരാജയപ്പെട്ടു 1993ൽ 73-ാം ഭരണഘടന ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് സംവിധാനം നടപ്പിലാക്കപ്പെട്ടു.

ഇന്ത്യയിൽ പഞ്ചായത്ത് രാജ് വ്യക്തമായ ഒരു വിപ്ലവമായിരുന്നു. സാമൂഹ്യ-രാഷ്ട്രീയ പ്രതിരോധങ്ങൾ മാത്രമായിരുന്നില്ല കടമ്പകൾ. ജനങ്ങളിൽ തന്നെ ഉച്ഛനീചത്വങ്ങളും ജന്മിത്തവ്യവസ്ഥയും ജാതീയതയും നിരക്ഷരതയും അസമത്വവുമെല്ലാം പ്രതിബന്ധങ്ങളായിരുന്നു. സംസ്ഥാനങ്ങളിലെ ഭരണപ്രതിപക്ഷ പാർട്ടികൾക്കുപോലും ഗ്രാമങ്ങൾക്ക് കൂടുതൽ അധികാരം നൽകുന്നതിനെ അംഗീകരിക്കാൻ കഴിഞ്ഞില്ലായെന്നതാണ് വാസ്തവം. എന്നാൽ കേന്ദ്രഗവൺമെന്റും തെരഞ്ഞെടുപ്പു കമ്മീഷനുകളും കൃത്യമായി ഇടപെടുകയും ജനാധിപത്യത്തിന് പുതിയ ദിശ നൽകുകയും ചെയ്തു. ഓരോ അഞ്ചുവർഷത്തിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പു നടത്താനും അതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതികൾ രൂപപ്പെടുത്താനും കഴിഞ്ഞു. നിരവധി ജനങ്ങളെ പ്രത്യേകിച്ചും സ്ത്രീകളെ മുൻനിരയിലേക്ക് കൊണ്ടുവരാൻ സാധിച്ചു. അധികാരശ്രേണിയിൽ സ്ത്രീകൾക്ക് കടന്നുവരാൻ സാധിച്ചു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും പ്രാദേശിക ഭരണവ്യവസ്ഥയിൽ കാര്യമായ പ്രാതിനിധ്യം ലഭിച്ചു. പഞ്ചായത്തീരാജിനുവേണ്ടി യു. പി. എ പ്രത്യേക മന്ത്രാലയം രൂപീകരിച്ചതും ഏറെ പ്രവർത്തനക്ഷമതയുണ്ടാക്കുന്നുണ്ട്. എങ്കിലും ഗ്രാമഭരണ വ്യവസ്ഥ പൂർണ്ണമായ അർത്ഥത്തിൽ വിജയിച്ചിട്ടുണ്ടോ?

### സാദ്ധ്യതകൾ

പഞ്ചായത്തീരാജ് സംവിധാനത്തിൽ ഏറ്റവും അടിസ്ഥാനമായി നിൽക്കുന്നത് ഗ്രാമസഭകളാണ്. പൊതുവേ ഒരു വാർഡിനെയാണ് ഗ്രാമസഭയായി പരിഗണിക്കുന്നത്. അതായത് ഗ്രാമസഭകൾ പ്രാദേശിക ക്യാബിനറ്റുകളാണ്. വിവിധ മേഖലകളിലെ പ്രശ്നങ്ങളും പരിഹാരങ്ങളും കണ്ടെത്തുന്നതിനുള്ള ഉത്തരവാദിത്വം അതിനുണ്ട്. കുടിവെള്ളം, റോഡ്, പൊതുടാപ്പ്, ജലസേചനം, കൃഷി, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ ഏതു പ്രശ്നവും ഗ്രാമസഭയിൽ ചർച്ച ചെയ്യാം.

ജനകീയ പങ്കാളിത്തത്തോടെയുള്ള കൂടുതൽ പദ്ധതികൾ ഗ്രാമതലത്തിൽ ഏറ്റെടുത്ത് നടത്തുവാൻ സാധിക്കും. ദേശീയ തൊഴിലുറപ്പ് പദ്ധതി പോലുള്ളവയിലൂടെ ഗ്രാമീണ ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ സാധിച്ചതിനൊപ്പം ഉപയോഗപ്പെടുത്തുന്ന മനുഷ്യാധ്വാനത്തെ കൂടുതൽ വികസന സംരംഭങ്ങളിലേക്ക് കൊണ്ടുചെല്ലാൻ സാധിക്കണം. അത്തരത്തിലുള്ള നീക്കങ്ങൾക്ക് പദ്ധതിയാസൂത്രണത്തിലൂടെ മികവുണ്ടാക്കാൻ സാധിക്കും. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്താൻ സാധിക്കണം.

മാറിവരുന്ന സാഹചര്യത്തിൽ കൂടുതൽ ഉത്തരവാദിത്തമാണ് ഗ്രാമസഭകൾക്കുള്ളത്. പാരിസ്ഥിതികമായ വെല്ലുവിളികൾക്കൊപ്പം മാരകമായ രോഗങ്ങളുടെ കടന്നുവരവുമുണ്ട്. ഇതിനെ കുറിച്ചെല്ലാം ജനങ്ങളിൽ വേണ്ടത്ര അവബോധമില്ല. പല രോഗങ്ങൾക്കും കാരണമാകുന്നത് ശുചിത്വത്തിലെ പ്രശ്നങ്ങളാണ്. അത്തരത്തിലുള്ള മേഖലകളിൽ ബോധവൽക്കരണത്തിന് സാധിക്കും. നിരക്ഷരത വലിയൊരു സാമൂഹിക വിപത്താണ്. എല്ലാവരെയും സാക്ഷരരാക്കാനും ക്രമേണ പ്രാഥമികവും ഉയർന്ന തലത്തിലുള്ള വിദ്യാഭ്യാസവും നൽകുന്നതിൽ നേതൃത്വപരമായ പങ്കുവഹിക്കാൻ ഗ്രാമസഭകൾക്ക് സാധിക്കും. ഇതോടൊപ്പം സ്ക്കൂളുകളിലെ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങളും നടത്തണം.

കുറ്റകൃത്യങ്ങളും മറ്റും ഏറിവരുന്ന കാലമാണിത്. സാംസ്ക്കാരിക മൂല്യച്യുതിയും സമ്പത്തിനോടുള്ള അരുതാത്ത ആർത്തിയുമാണ് ഇതിലേക്ക് നയിക്കുന്നത്. നമ്മുടെ ചരിത്രത്തെ കണ്ടറിയുന്നതിലൂടെ സാംസ്ക്കാരികമായ ഉന്നതി നേടാൻ സാധിക്കും. നാട്ടറിവുകൾ, ആചാരങ്ങൾ, ഐതിഹ്യങ്ങൾ തുടങ്ങി ചരിത്രത്തിനൊപ്പം നടന്ന സാഹചര്യങ്ങളെ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിലൂടെ വരുംതലമുറ നമ്മുടെ പാരമ്പര്യത്തിൽ അഭിമാനം കണ്ടെത്തും. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നടത്താം. ഇതിന് സഹായിക്കാൻ ഗ്രാമസഭകളും തയ്യാറാകണം.

### വെല്ലുവിളികൾ

പഞ്ചായത്തിരാജ് സംവിധാനം കാര്യക്ഷമമാക്കണമെങ്കിൽ അതിന്റെ സംഘടനാ സംവിധാനം ഉത്തരവാദിത്തമുള്ളതായിരിക്കണം. സ്വയംഭരണ സംവിധാനമെന്ന നിലയിൽ മുകളിൽ നിന്നുള്ള വലിയ നിയന്ത്രണങ്ങൾ ആവശ്യമില്ലെങ്കിലും ചില മേഖലകളിൽ രാഷ്ട്രീയ കക്ഷികളും ഗ്രൂപ്പുകളും പ്രത്യേക സമിതികളായി നിന്നുകൊണ്ട് തീരുമാനം കൈക്കൊള്ളുന്നു. ഇത്തരം നീക്കങ്ങൾ ഗ്രാമസഭകൾക്ക് ഉചിതമല്ല. കൂടുതൽ ചർച്ചകൾ എന്നതിലൂടെ മാത്രമേ മികച്ച തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

ഭരണസംവിധാനത്തിലെ സൂക്ഷ്മതയില്ലായ്മ ഗ്രാമസഭകളെയും ബാധിക്കുന്നുണ്ട്. വികസന കാര്യങ്ങൾക്കായി പ്രത്യേക സമിതികളും അതിന്റെ നടത്തിപ്പും പരിശോധിക്കുന്നതിന് തുടർച്ചയായ പ്രവർത്തനരീതി ആവശ്യമാണ്. എന്നാൽ തുടർച്ച നഷ്ടപ്പെട്ടുക്കൊണ്ടിരിക്കുന്നുവെന്ന വിമർശനം പല മേഖലകളിൽ നിന്നും ഉയർന്നുവരുന്നു.

പദ്ധതികളുടെ നിർവഹണത്തിന്റെ പ്രായോഗിക പ്രശ്നങ്ങളെ അക്കാദമിക് തലത്തിൽ പരിശോധിക്കാൻ സാധിക്കണം. പലപ്പോഴും പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ വിഭവസമാഹരണത്തെക്കുറിച്ച് പൂർണ്ണമായ അർത്ഥത്തിൽ ചിന്തിക്കാതെ പോകുന്നു. ആസൂത്രണമടക്കമുള്ള കാര്യങ്ങളിൽ പഞ്ചായത്തുകൾ കൂടുതൽ ഗൗരവമായി ഇടപെടണം. അങ്ങനെ വരുമ്പോൾ ഗ്രാമസഭകൾക്ക് കൂടുതൽ പ്രാധാന്യമേറും. പഞ്ചായത്തിനെ വിലയിരുത്തുന്നതടക്കമുള്ള രീതി അവലംബിക്കുകയാണെങ്കിൽ വലിയ മാറ്റങ്ങൾ സാധ്യമാകും. ഗ്രാമസഭകളെക്കുറിച്ച് ഭരണസമിതികൾക്കു മാത്രമല്ല, ജനങ്ങൾക്കും വിദഗ്ദ്ധ പരിശീലനം നൽകാൻ സാധിക്കണം.

കാർഷികരംഗം തകർന്നുക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ അതിനെ പുഷ്ടിപ്പെടുത്തുന്നതിനുള്ള നീക്കമുണ്ടാകണം. കൃഷിയുടെ വികസനത്തിനായി ബന്ധപ്പെട്ട മേഖലകളിൽ സൗകര്യമുണ്ടാക്കാൻ ഗ്രാമസഭകൾ ശ്രദ്ധിക്കണം. സഹകരണാടിസ്ഥാനത്തിലുള്ള കൃഷിരീതികൾ പരീക്ഷിക്കാവുന്നതാണ്. എല്ലാവർക്കും അടിസ്ഥാനപരമായ ജീവിതസൗകര്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ഗ്രാമസഭകൾക്ക് സാധിക്കണം. ■









## കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ

## സംസ്ഥാന സ്പെഷ്യൽ ജനറൽ ബോഡിയും

## 12-ാം പഞ്ചവത്സരപദ്ധതി നയസമീപനരേഖയുടെ പ്രകാശനവും

**പി.ടി. മാത്യു**

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ സംസ്ഥാന സ്പെഷ്യൽ ജനറൽ ബോഡിയും 12-ാം പഞ്ചവത്സരപദ്ധതി നയസമീപനരേഖയുടെ പ്രകാശനവും ഒക്ടോബർ 14ന് തിരുവനന്തപുരം അഹമ്മദ് കുരിക്കൾ പഞ്ചായത്തു ഭവനിൽ നടന്നു.

അധികാരവികേന്ദ്രീകരണ-വികേന്ദ്രീകൃതാസൂത്രണരംഗത്ത് വിപ്ലവകരമായ മാറ്റമുണ്ടാക്കാൻ ഉതകുന്നതരത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ മൂന്നാംതലത്തിലുള്ള സർക്കാരുകളായിക്കണ്ട് നിലവിലെ നിയമത്തിലും ഉത്തരവുകളിലും ഭേദഗതികൾ വരുത്താനും ലോകരാജ്യങ്ങൾക്കുതന്നെ മാതൃകയായ കേരളത്തിന്റെ അധികാരവികേന്ദ്രീകരണപ്രസ്ഥാനത്തിന് കൂടുതൽ കരുത്തുപകരാനും വേണ്ട ശ്രമങ്ങൾക്ക് നേതൃത്വപരമായ പങ്കാണ് അസോസിയേഷൻ വഹിക്കുന്നത്. 12-ാം പദ്ധതിയിൽ സമസ്തമേഖലകളുടെയും വികസനം സാദ്ധ്യമാക്കാനായി വേണ്ട ഒരു സമീപനം മുന്നിൽ കണ്ടാണ് നയസമീപന രേഖ തയ്യാറാക്കിയത്. കേന്ദ്ര-സംസ്ഥാനസർക്കാരുകൾ 12-ാം പദ്ധതി നയസമീപന കരടുനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിൽ ഒരുപക്ഷേ അഭിമാനകരമായി അസോസിയേഷന് അവകാശപ്പെടാവുന്ന കാര്യം മറ്റ് ഏതു ഗവേഷണ-പഠന-പരിശീലനസ്ഥാപനങ്ങളും തദ്ദേശഭരണത്തിന്റെ തത്പരകക്ഷികളും പ്രതികരിക്കുന്നതിനുമുൻപ്, വളരെ വിശദവും വ്യാപകവുമായ ചർച്ചകൾക്കു വിധേയമാക്കി സമീപനരേഖ തയ്യാറാക്കി സർക്കാരിന് ഔദ്യോഗികമായി സമർപ്പിക്കാൻ കഴിഞ്ഞുവെന്നതാണ്. രേഖയ്ക്ക് അർഹമായ പ്രാധാന്യം സർക്കാർ നല്കുമെന്ന മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാരുടെ ഉറപ്പ് വലിയ അംഗീകാരമായി കാണുന്നു.

സംസ്ഥാന പ്രസിഡന്റ് പി.ടി. മാത്യു അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് പ്രസിഡന്റ് അഡ്വ. പന്തളം കെ. പ്രതാപൻ സ്വാഗതം ആശംസിച്ചു.

12-ാം പഞ്ചവത്സരപദ്ധതി വികേന്ദ്രീകൃത വികസനാസൂത്രണം നയസമീപനരേഖയുടെ പ്രകാശനകർമ്മം നിർവഹിച്ചത് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയാണ്.

ഇന്ത്യയെയും, കേരളത്തെയും സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് പന്ത്രണ്ടാം പദ്ധതിയെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. ലോകത്തിലെ തന്നെ ഒന്നാമത്തെ സാമ്പത്തിക ശക്തിയായി വളരാനുള്ള നമ്മുടെ രാജ്യത്തിന്റെ വ്യക്തമായ നയസമീപനങ്ങളോടു കൂടിയ പദ്ധതിയാണിത്. കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ സാമ്പത്തിക വളർച്ച രണ്ടക്കത്തിൽ എത്തുവാൻ വളരെ ദൃഢനിശ്ചയത്തോടെ പ്രവർത്തിക്കേണ്ട ഒരവസരം. ആ ലക്ഷ്യം നേടു




*കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ തയ്യാറാക്കിയ "12-ാം പഞ്ചവത്സരപദ്ധതി വികേന്ദ്രീകൃത വികസനാസൂത്രണം നയസമീപനരേഖ" മുഖ്യമന്ത്രി ഉമ്മൻചാണ്ടി പ്രകാശനം ചെയ്യുന്നു. മന്ത്രിമാരായ കെ.സി. ജോസഫ്, വി.എസ്. ശിവകുമാർ, കെ.പി. മോഹനൻ, അസോസിയേഷൻ പ്രസിഡന്റ് പി.റ്റി. മാത്യു, പ്ലാനിംഗ് ബോർഡംഗം സി.പി. ജോൺ തുടങ്ങിയവർ സമീപം.*

ന്നതിന് ത്രിതല പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും പ്രവർത്തനം ഏറ്റവും സജീവമായി മുന്നോട്ടു പോകണം. നമ്മുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖയെ സംബന്ധിച്ച് വിശദമായ ചർച്ച പ്ലാനിംഗ് ബോർഡിൽ നടത്തി അതിനൊരു അവസാന രൂപമായിട്ടുണ്ട്. വിവിധ താൽപര്യങ്ങൾ ഉള്ളവരെ കേരളത്തിന്റെ വിവിധ സ്ഥലങ്ങളിൽ വിളിച്ചു കൂട്ടി ചർച്ച ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. അതിൽ പഞ്ചായത്ത് പ്രസിഡന്റുമാർക്കും അതിന്റേതായ പങ്കുണ്ട്. അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമൊക്കെ പരമാവധി ഉൾക്കൊള്ളിക്കാനായിട്ട് ശ്രമിക്കും. പന്ത്രണ്ടാം പദ്ധതിയിൽ പഞ്ചായത്തുകളുടെ റോൾ കൂടുതൽ സജീവമാവണം എന്ന സമീപനമാണ് സർക്കാരിനുള്ളത്.

കേരളം ഇപ്പോൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം മാലിന്യ കൂമ്പാരമാണ്. പട്ടണങ്ങളിൽ മാത്രമല്ല ഗ്രാമങ്ങളിൽ പോലും ഇന്ന് അതൊരു പ്രശ്നമായിരിക്കുകയാണ്. ഇതിന് പരിഹാരം ഉണ്ടാക്കിയില്ലെങ്കിൽ നമ്മൾ നേടുന്ന നേട്ടങ്ങൾക്കൊന്നും പ്രയോജനം ഉണ്ടാവുകയില്ല. ഒക്ടോബർ 2 മുതൽ മാലിന്യമുക്ത കേരളത്തിന് വേണ്ടി സമഗ്രമായ പരിപാടി ആവിഷ്ക്കരിച്ചിരിക്കുകയാണ്. പഞ്ചായത്തുകൾ ഒറ്റക്കെട്ടായി മുമ്പോട്ട് വന്ന് പരിപാടി വിജയിപ്പിക്കുവാൻ മുഖ്യമന്ത്രി ആഹ്വാനം ചെയ്തു.

പഞ്ചായത്ത് സാമൂഹികക്ഷേമവകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ യോഗം ഉദ്ഘാടനം ചെയ്തു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആരംഭിക്കുന്നതോടെ പഞ്ചായത്തുകളിൽ പുത്തൻ ഉണർവ് ആവശ്യമാണെന്ന് മന്ത്രി പറഞ്ഞു. ഒരു പുതിയ നയസമീപനം സ്വീകരിച്ച് ദിശാബോധത്തോടെ മുന്നോട്ട് പോകേണ്ടതുണ്ട്. അതിന് ഉതകുന്ന രീതിയിൽ പഞ്ചായത്ത് വകുപ്പിനെ മാറ്റിയെടുക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങളെ ഗൗരവമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കും. പഞ്ചായത്തുകളെ സ്വയംഭരണ സ്ഥാപനങ്ങളാക്കി ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നതായും അദ്ദേഹം അറിയിച്ചു.

ഒരു പഞ്ചായത്തിന് ഒരു എഞ്ചിനീയർ എങ്കിലും നിർബന്ധമാണ്. എഞ്ചിനീയർമാരുടെ പി എസ്.സി. ലിസ്റ്റ് നിലവിലുണ്ട്. പക്ഷെ അതിൽ വികലാംഗരുടെ എണ്ണം തിട്ടപ്പെടുത്തുന്നതിൽ കാലതാമസം വന്നു. ആ ലിസ്റ്റ് വന്നു കഴിഞ്ഞാൽ പ്രശ്നം കുറച്ചെങ്കിലും പരിഹരിക്കാൻ സാധിക്കും. ഇപ്പോൾ എന്തുണ്ടെങ്കിലും പഞ്ചായത്തിനെ ഏൽപിക്കുക എന്നതാണ് എല്ലാ വകുപ്പുകളുടെയും സമീപനം. അതുമൂലം ജോലി ഭാരവും വർദ്ധിക്കുന്നു. മാസങ്ങൾക്കുള്ളിൽ എഞ്ചിനീയർമാരുടെ പ്രശ്നത്തിൽ ഒരു ശാശ്വത പരിഹാരം ഉണ്ടാക്കും, അദ്ദേഹം പറഞ്ഞു.



*ഡോ. റ്റി.എം. തോമസ് ഐസക് എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തുന്നു.*

കഴിയുന്നത്ര വേഗത്തിൽ പദ്ധതി നിർവഹണം നടത്തണം. മൈനസ് പഞ്ചായത്തുകളെ പ്ലസ് ആക്കുന്നതിനുള്ള പൂർണ പിന്തുണ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവും. അതിനു പുറമെ പദ്ധതികൾക്കായി മാറ്റിവച്ചിരിക്കുന്ന പണം സർക്കാർ പറയുന്ന പരിപാടികൾക്കായി മാറ്റി വയ്ക്കേണ്ടി വരുന്നുണ്ട്. വിവിധ പരിപാടികൾ നടത്താൻ പറ്റുന്ന രീതിയിൽ ഗ്രാന്റുകൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ സർക്കാർ ഗൗരവമായി ആലോചിക്കുന്നുണ്ട്.

ഇപ്പോൾ മുപ്പത്തിമൂവായിരം അംഗൻവാടികളുണ്ട്. പക്ഷെ അംഗൻവാടികളിൽ പകുതിയും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ചില അംഗൻവാടി ടീച്ചർമാരുടെ വീടുകൾ തന്നെ അതിനായി ഉപയോഗിക്കുന്നുണ്ട്. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടവും സ്ഥലവുമുള്ള ഒരു അവസ്ഥ ഉണ്ടാകണം. അംഗൻവാടി ആരോഗ്യരക്ഷയ്ക്കു വേണ്ടിയിട്ടുള്ള ഒരു സ്ഥാപനമാണ്. പക്ഷെ അവിടെ ആരോഗ്യം തകരുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങരുത്, മന്ത്രി പറഞ്ഞു.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പണിപ്പുരയിലാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകളെന്ന് ചടങ്ങിൽ ആശംസകളർപ്പിച്ചു സംസാരിച്ച ഗ്രാമവികസന വകുപ്പുമന്ത്രി കെ.സി. ജോസഫ് പറഞ്ഞു. പദ്ധതിക്കുവേണ്ടിയുള്ള സമീപനരേഖയുടെ കരട് ഏതാണ്ട് തയ്യാറായി കഴിഞ്ഞിരിക്കുകയാണ്. അത് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അടുത്ത അഞ്ചു വർഷത്തേക്ക് കേരളത്തിന്റെ സമഗ്ര വികസനത്തിന് അടിത്തറ പാകുന്ന ഒന്നായിരിക്കും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി. പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് ഗവൺമെന്റ് കൈക്കൊണ്ട ഒരു തീരുമാനം പഞ്ചായത്തുകളും ഇനി പഞ്ചവത്സര പദ്ധതികളുമായി മുന്നോട്ടുപോകണം എന്നതാണ്. പഞ്ചായത്തുകൾക്കുള്ള പ്ലാൻ ഫണ്ട് പോലും ചിലപ്പോൾ പൂർണമായും ചിലവഴിക്കാൻ കഴിയുന്നില്ല. ഓരോ സാമ്പത്തിക വർഷവും ഗ്രാമസഭകൂടി ചർച്ചചെയ്ത് പദ്ധതി തയ്യാറാക്കി ടി.എ.ജി. അംഗീകരിച്ച് വരുമ്പോൾ ഏതാണ്ട് ആറു മാസം കഴിഞ്ഞിരിക്കും. ഈ രീതിക്ക് മാറ്റം വരണം. ഇനി മുതൽ പഞ്ചായത്തുകൾക്കും അഞ്ച് കൊല്ലത്തെ പദ്ധതി ഉണ്ടാവണം എന്നാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. പഞ്ചായത്തിരാജ് ആക്ട് പാസായതിന് ശേഷം പഞ്ചായത്തുകൾക്കെല്ലാം പദ്ധതി നടത്തിപ്പിൽ വലിയ അറിവുണ്ടായിട്ടുണ്ട്. പഞ്ചായത്തിന്റെ പദ്ധതിയെപ്പറ്റി ഒരു പഞ്ചായത്താണ് തീരുമാനിക്കുന്നത്. ഗവൺമെന്റിന്റെ തീരുമാനം ഓരോ പഞ്ചായത്തിന്റെയും വികസനം സംബന്ധിച്ച് അതു ഗ്രാമ പഞ്ചായത്താണെങ്കിലും ബ്ലോക്ക് പഞ്ചായത്താണെങ്കിലും ജില്ലാ പഞ്ചായത്താണെങ്കിലും പഞ്ചായത്ത് കമ്മിറ്റി ചർച്ചചെയ്ത് തയ്യാറാക്കുക എന്നതാണ്. സാങ്കേതികമായ പിഴവുകൾ ചൂണ്ടിക്കാണിക്കാൻ അവസരം ഉണ്ടാവും. TAGകൾ നടത്തിക്കൊണ്ട് പോകുന്നതിനെകുറിച്ചുള്ള ഗൗരവമായ ചിന്ത ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ട്, മന്ത്രി പറഞ്ഞു.

*പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ ഉദ്ഘാടന ചടങ്ങിനെത്തിയപ്പോൾ*



പന്ത്രണ്ടാം പദ്ധതിയിൽ ഏറ്റവും കൂടുതൽ പ്രാധാന്യം കാർഷിക മേഖലയ്ക്കാണെന്ന് ചടങ്ങിൽ ആശംസകൾ അർപ്പിച്ച കൃഷിവകുപ്പ് മന്ത്രി കെ.പി. മോഹനൻ അഭിപ്രായപ്പെട്ടു. കാർഷിക മേഖലയെ സംബന്ധിച്ച് ഒരുപാട് ഫണ്ടുകൾ സംസ്ഥാന സർക്കാരിനെ സംബന്ധിച്ച് നീക്കിവെയ്ക്കേണ്ടതില്ല. കാർഷിക മേഖലയ്ക്കുള്ള 85 ശതമാനവും കേന്ദ്ര സർക്കാർ തരികയാണ്. അതുപയോഗിച്ച് സംസ്ഥാനത്തെ കാർഷിക രംഗം സമ്പന്നമാക്കാൻ സാധിക്കും. ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും പഞ്ചായത്തുകളുടെ സഹകരണം അദ്ദേഹം അഭ്യർത്ഥിച്ചു.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖയ്ക്കായുള്ള വലിയ തയ്യാറെടുപ്പാണ് പഞ്ചായത്ത് അസോസിയേഷൻ കൈക്കൊണ്ടിട്ടുള്ളത് എന്ന് ഗതാഗത വകുപ്പ് മന്ത്രി വി.എസ്. ശിവകുമാർ പറഞ്ഞു. ഗ്രാമീണ മേഖലയുടെ വികസനം യാഥാർത്ഥ്യമാകണമെങ്കിൽ അധികാര വികേന്ദ്രീകരണം സാധ്യമാകണം എന്ന മഹാത്മാഗാന്ധിയുടെ സ്വപ്നങ്ങളുമായാണ് ഭരണഘടനാ ഭേദഗതിയിലൂടെ നമ്മൾ മുന്നോട്ട് പോയത്. ഓരോ പ്രദേശത്തുമുള്ള വികസനം എന്താണെന്ന് സംസ്ഥാന ഭരണ നേതൃത്വത്തിലുള്ള ആളിനോ മന്ത്രിമാർക്കോ മുകൾത്തട്ടിലിരിക്കുന്നവർക്കോ മനസ്സിലാക്കാൻ സാധിക്കുകയില്ല. പ്രാദേശികതലത്തിൽ ഗ്രാമപ്രദേശങ്ങളിൽ അല്ലെങ്കിൽ നഗരപ്രദേശങ്ങളിൽ തന്നെ അടിസ്ഥാന ജനവിഭാഗത്തിന്റെ മോചനത്തിനാവശ്യമായ കാര്യങ്ങൾ, നാടിന്റെ വികസനത്തിനാവശ്യമായ കാര്യങ്ങൾ അത് യഥാർത്ഥത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കാണ്. അവരുടെ നിർദ്ദേശങ്ങൾ ഈ സമീപനരേഖയിൽ ഉൾപ്പെട്ടിട്ടുണ്ട്. നിർദ്ദേശങ്ങൾ ചർച്ചചെയ്ത് അത് വളരെ ഗൗരവത്തോടെ ഈ രേഖയിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട് എന്നത് അഭിനന്ദനാർഹമാണെന്ന് മന്ത്രി പറഞ്ഞു.

*ശേഷം പേജ് 34*



# കേരളപ്പിറവിയും ഭരണഭാഷയും

**എം.വി. തോമസ്**

മലയാളികളുടെ ഒരു ദീർഘകാല സ്വപ്നം സാക്ഷാത്കരിച്ചുകൊണ്ട് കേരളം എന്ന സംസ്ഥാനം പിറന്നത് 1956 നംവബർ ഒന്നിനാണ്.

ഐതിഹ്യ പ്രകാരം പരശുരാമൻ മഴുവെറിഞ്ഞ് സമുദ്രത്തിൽ നിന്ന് ഉയർത്തിയെടുത്ത ഭൂപ്രദേശമാണ് കേരളം, സീതാന്വേഷണത്തിന് സുഗ്രീവൻ വാനരസേനയെ നിയോഗിച്ച പ്രദേശങ്ങളിൽ കേരളവും ഉൾപ്പെട്ടിരുന്നതായി രാമായണത്തിൽ പറയുന്നു. മഹാഭാരതത്തിൽ വിവരിക്കുന്ന കുരുക്ഷേത്രയുദ്ധത്തിൽ കേരളത്തിലെ ചേരരാജാവും പങ്കാളിയായിരുന്നു. ഗ്രീസ്, റോം, ഈജിപ്റ്റ്, അറേബ്യൻ രാജ്യങ്ങൾ, ചൈന തുടങ്ങിയ പ്രദേശങ്ങളുമായി പുരാതന കേരളത്തിന് വാണ്യജ്യപരമായ ബന്ധങ്ങൾ ഉണ്ടായിരുന്നതായി സൂചനയുണ്ട്. പിന്നീട് യൂറോപ്യർ ഇവിടെയെത്തി.

സഹസ്രാബ്ദങ്ങളുടെ ചരിത്രമുള്ള കേരളം ഒരു കാലത്തും ഏകീകൃത ഭരണത്തിൽ വന്നിട്ടില്ല. ഗോകർണം മുതൽ കന്യാകുമാരിവരെയുള്ള ഭൂപ്രദേശം രാഷ്ട്രീയാടിസ്ഥാനത്തിലല്ല, ഭാഷയുടെയും സംസ്ക്കാരത്തിന്റെയും പേരിലാണ് ഒരു ഏകകമായി നിലനിന്നത്. സംഘകാലത്തെ ഒന്നാം ചേര സാമ്രാജ്യവും കേരളത്തിന്റെ ഏതാനും ഭാഗങ്ങൾ മാത്രം ഉൾകൊള്ളുന്നവയായിരുന്നു. 12-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ രണ്ടാം ചേര(കുലശേഖര) സാമ്രാജ്യം തകർന്നതോടെ നാല്പതോളം ചെറുകിടരാജ്യങ്ങൾ രൂപം കൊണ്ടു. തെക്കേ അറ്റത്തുള്ള വേണാടിന്റെ അധിപനായ മാർത്താണ്ഡവർമ്മ ഒട്ടേറെ ചെറുകിട രാജ്യങ്ങളെ കീഴ്പ്പെടുത്തി 1729-ൽ തിരുവിതാംകൂർ എന്ന രാജ്യത്തിന് രൂപം നൽകി. എഡി 16-ാം നൂറ്റാണ്ടോടുകൂടി മധ്യകേരളത്തിൽ രാഷ്ട്രീയ പ്രഭാവം നേടിയ രാജ്യമാണ് പെരുമ്പടപ്പു സ്വരൂപം എന്ന പേരിൽ അറിയപ്പെടുന്ന കൊച്ചി. ഉത്തരകേരളത്തിലെ ഏറ്റവും ശക്തനായ ഭരണാധികാരി കോഴിക്കോട് സാമൂതിരിയായിരുന്നു. കോഴിക്കോടും വിവിധ ചെറുകിട രാജ്യങ്ങളും ഉൾപ്പെട്ടിരുന്ന ആ പ്രദേശം മലബാർ എന്ന പേരിൽ പ്രഖ്യാതമായി. 1792-ൽ മലബാർ മുഴുവനും ബ്രിട്ടീഷുകാർ കൈവശപ്പെടുത്തി. പിന്നീടത് മദ്രാസ് പ്രവിശ്യയുടെ ഭാഗമാക്കി. സ്വാതന്ത്ര്യലബ്ധിക്കാലത്ത് കേരളത്തിൽ തിരുവിതാംകൂർ, കൊച്ചി എന്നീ രാജഭരണ പ്രദേശങ്ങളും മലബാർ എന്ന ബ്രിട്ടീഷ് ഭരണ പ്രദേശവുമാണ് ഉണ്ടായിരുന്നത്.

ഒന്നര നൂറ്റാണ്ടോളം ഈ മൂന്ന് ഭരണസംവിധാനങ്ങളുടെ കീഴിലായിരുന്നുവെങ്കിലും കേരളമെന്ന അസ്തിത്വത്തെ ഉറപ്പിച്ചുനിർത്താൻ മലയാള ഭാഷയ്ക്കു കഴിഞ്ഞു. അതിനാൽ ഐക്യകേരള സങ്കല്പത്തിന്റെ അടിത്തറ പാകിയത് അഖിലകേരളാടിസ്ഥാനത്തിൽ നടന്ന ഭാഷാപരവും സാഹിത്യപരവുമായ പ്രവർത്തനങ്ങളായിരുന്നു. ഭാഷാപോഷിണിസഭയുടെ രൂപവത്ക്കരണവും പത്രമാസികകളുടെ വളർച്ചയും ഈ പ്രക്രിയയെ ത്വരിത ഗതിയിലാക്കി. എസ്.എൻ.ഡി.പി., എൻ.എസ്.എസ് തുടങ്ങിയ സമസ്തകേരള സംഘടനകളുടെ പ്രവർത്തനവും ഐക്യകേരള പ്രസ്ഥാനത്തിന് സഹായകരമായി. സാഹിത്യസാംസ്ക്കാരിക പ്രസ്ഥാനങ്ങൾ ഉയർത്തികൊണ്ടു വന്ന ഈ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തിയതും അതിനെ യാഥാർത്ഥ്യമാക്കാൻ ഏറ്റവുമധികം സഹായിച്ചതും ദേശീയ പ്രസ്ഥാനമാണ്. സംസ്ഥാനങ്ങളെ ഭാഷാടിസ്ഥാനത്തിൽ വിഭജിക്കണമെന്ന ആവശ്യം 1927-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ആദ്യമായി ഉന്നയിച്ചു. 1946-ൽ ഐക്യകേരള പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനു വേണ്ടി കേരള പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റി ഒരു ഉപസമിതിക്ക് രൂപം നൽകി. 1947-ൽ തൃശൂരിൽ ഐക്യകേരള മഹാസമ്മേളനം നടന്നു. കൊച്ചി രാജാവ് ഈ സമ്മേളനത്തിൽ വച്ച് പ്രസ്ഥാനത്തിന് തന്റെ പിന്തുണ ഉണ്ടായിരിക്കുമെന്ന് പ്രഖ്യാപിച്ചു. 1948 ലെ ഐക്യകേരള സമ്മേളനം ആലുവയിൽ നടന്നു. അതേത്തുടർന്ന് മലയാളമനോരമ ഇപ്രകാരം മുഖപ്രസംഗമെഴുതി. “ചെറുരാജ്യങ്ങൾക്കിനി ഇന്ത്യയിൽ സ്ഥാനമില്ല. കേരളൈക്യമുണ്ടായാലും മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് കുറേ ചെറുതേ ആയിരിക്കുകയുള്ളു എങ്കിലും ആ ചെറിയ കേരളം ഇന്ത്യയിൽ ഗണനീയമായ ഒരു ശക്തിയായിരിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല.” (5 ഫെബ്രുവരി 1949). തിരുവിതാംകൂറിന്റെ തെക്കൻ താലൂക്കുകളായ തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവൻകോട് എന്നിവ മദ്രാസ് പ്രവിശ്യയിൽ ചേർക്കണമെന്ന ആവശ്യം തിരുവിതാംകൂർ തമിഴ്നാട് കോൺഗ്രസ്സ് ഉന്നയിച്ചു. ചെങ്കോട്ട, ദേവികുളം, പീരുമേട് എന്നീ പ്രദേശങ്ങളും ആ പ്രവിശ്യയിൽ ചേർക്കണമെന്ന ആവശ്യവും ഉയർന്നു വന്നു.

കോൺഗ്രസ്സിന് അധികാരം കിട്ടിയാലുടൻ ഭാഷാപ്രവിശ്യാ രൂപവത്ക്കരണം ഏറ്റെടുക്കുന്നതാണെന്ന് 1938ൽ വാർധായിൽ സമ്മേളിച്ച പാർട്ടിയുടെ വർക്കിംഗ് കമ്മിറ്റി തീരുമാനിച്ചിരുന്നു. എന്നാൽ സ്വാതന്ത്ര്യലബ്ധിയോടനുബന്ധിച്ചുണ്ടായ ഇന്ത്യ വിഭജനത്തിന്റെയും വർഗീയ ലഹളകളുടെയും പശ്ചാത്തലത്തിൽ ഈ വാഗ്ദാനം നിറവേറ്റുവാൻ കഴിയുമോ എന്ന സംശയം കോൺഗ്രസ്സ് നേതാക്കൾക്കുണ്ടായി. അല്പം വൈകിയാണെങ്കിലും ഈ ആശങ്കകൾ അകറ്റികൊണ്ട് 1953 ഡിസംബർ 23ന് സംസ്ഥാന പുനഃസംഘടനാ കമ്മീഷന്റെ നിയമനം പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു പാർലമെന്റിൽ പ്രഖ്യാപിച്ചു. എസ്. ഫസൽ അലി (അന്ന് ഒറീസ്സാ ഗവർണർ) ചെയർമാനായ കമ്മീഷനിൽ എച്ച്.എൽ. കുൺസ്രു (അന്ന് രാജ്യസഭാംഗം) സർദാർ കെ.എം. പണിക്കർ (അന്ന് ഈജിപ്തിലെ ഇന്ത്യൻ സ്ഥാനപതി) എന്നിവർ അംഗങ്ങളായിരുന്നു.

സംസ്ഥാന പുനഃസംഘടനാകമ്മീഷൻ ശുപാർശ ചെയ്ത 16 സംഘടനകളിലൊന്ന് കേരളമായിരുന്നു. തമിഴിന് പ്രാമുഖ്യമുള്ള തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവൻകോട്, ചെങ്കോട്ട എന്നീ താലൂക്കുകൾ മദ്രാസ്സിന് (ഇന്നത്തെ തമിഴ്നാട്) വിട്ടുകൊടുത്തുകൊണ്ട് തിരുവിതാംകൂർ - കൊച്ചി സംസ്ഥാനവും മലബാർ ജില്ലയും ദക്ഷിണ കാനറ ജില്ലയിലെ കാസർകോട് താലുക്കും ചേർത്താണ് മലയാളഭാഷാപ്രദേശമെന്ന നിലയിൽ കേരള സംസ്ഥാനത്തിന് രൂപം നല്കിയത്. 1956 നവംബർ ഒന്നിന് കേരള സംസ്ഥാനം നിലവിൽ വന്നതോടെ തിരു-കൊച്ചിയിൽ അഡ്വൈസറായിരുന്ന പി.എസ് റാവുവിനെ കേരളത്തിലെ ആക്ടിംഗ് ഗവർണറായി നിയമിച്ചു. 1956 നവംബർ 26ന് ഡോ. ബി. രാമകൃഷ്ണറാവു കേരളത്തിലെ ആദ്യഗവർണറായി ചുമതലയേറ്റു. ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ പ്രഥമ മന്ത്രിസഭ അധികാരമേറ്റത് 1957 ഏപ്രിൽ അഞ്ചിനാണ്.

കേരള സംസ്ഥാന രൂപവത്ക്കരണത്തോടെ മലയാളികളുടെ ഒരു ചിരകാല സ്വപ്നം സാധിതമായെങ്കിലും അതിന്റെ അടിസ്ഥാനലക്ഷ്യം ഇന്നും ഏറെക്കുറെ അകലെയാണ്. ഭരണബോധനരംഗങ്ങളിൽ മലയാളത്തിന് അർഹമായ അംഗീകാരം നൽകുക എന്ന ഈ ലക്ഷ്യം നേടുന്നതിന് സംസ്ഥാന രൂപവത്ക്കരണത്തിന്റെ 55-ാം വാർഷികം ആഘോഷിക്കപ്പെടുന്ന ഈ അവസരത്തിലെങ്കിലും നാം അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. ജനാധിപത്യം അർഥവത്താകുന്നതിന് ഇത് അനിവാര്യമാണ്. സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ ഇങ്ങനെ പറയുന്നു. “ഒരു ജനാധിപത്യ ഭരണത്തിൽ ജനങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽത്തന്നെ ഭരണകാര്യങ്ങൾ നടത്തേണ്ടത് ഗവണ്മെന്റിന്റെ ചുമതലയാണ്. അതിലേക്ക് ജനങ്ങൾക്ക് ന്യായമായി അവകാശപ്പെടാവുന്നതുമാണ്” (റിപ്പോർട്ട് ഖണ്ഡിക 142) സാമൂഹിക ജീവിതത്തിന്റെ മൗലികഘടകങ്ങളിലൊന്നാണ് ഭാഷയെന്നും അത് രാഷ്ട്രീയ മനശ്ശാസ്ത്രത്തെ വളരെയധികം സ്വാധീനിച്ചിട്ടുണ്ടെന്നും ചൂണ്ടിക്കാട്ടുന്ന കമ്മീഷൻ ഇതിന് ഉപോദ്ബലകമായി ലോകപ്രസിദ്ധ ചരിത്രകാരനായ പ്രൊഫസർ എ.ജെ. ടോയൻബിയുടെ ഈ വാക്കുകൾ ഉദ്ധരിക്കുന്നു. “വളർന്നുകൊണ്ടിരിക്കുന്ന ദേശീയബോധം പരമ്പരാഗതമായ അതിർത്തികളിലോ ഭൂപരമായ നവീന സംഘടനകളിലോ അല്ല, മിക്കവാറും തികച്ചും മാതൃഭാഷകളിലാണ് ബന്ധിതമായിരിക്കുന്നത്” (റിപ്പോർട്ട് ഖണ്ഡിക 145).

ഓരോ സംസ്ഥാനത്തെയും ഔദ്യോഗിക ഭാഷ, ന്യൂനപക്ഷ ഭാഷകളുടെ പദവി എന്നിവ സംബന്ധിച്ച് കമ്മീഷൻ പറയുന്നു. “ഒരു സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ ഉദ്ദേശം 70 ശതമാനമോ അതിൽ കൂടുതലോ ആണ് ഒരു ഭാഷാഗ്രൂപ്പിന് ഉള്ളതെങ്കിൽ ആ സംസ്ഥാനത്തെ ഒരു ഏകഭാഷാ സംസ്ഥാനമായിത്തന്നെ പരിഗണിക്കണമെന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു. ജനസംഖ്യയുടെ 30 ശതമാനത്തോളമുള്ള ഗണ്യമായ ഒരു ന്യൂനപക്ഷമുണ്ടെങ്കിൽ ഭരണകാര്യങ്ങൾക്ക് ആ സംസ്ഥാനത്തെ ഒരു ദ്വിഭാഷസംസ്ഥാനമായി അംഗീകരിക്കേണ്ടതാണ്” (റിപ്പോർട്ട് ഖണ്ഡിക 783). കേരളത്തിൽ മലയാളം സംസാരിക്കുന്നവർ 95.20 ശതമാനമാണ്. തമിഴ് (2.7%), തുളു (0.41 %), കൊങ്കണി (0.40%), കന്നഡ (0.27%), തെലുങ്ക് (0.24%), മറ്റു ഭാഷകൾ (1.11%) എന്നിങ്ങനെ അതിസൂക്ഷ്മമായതോതിൽ മാത്രമേ ന്യൂനപക്ഷ ഭാഷകൾ കേരളത്തിലുള്ളൂ. തൊട്ടടുത്ത തമിഴ്നാട്ടിൽ തമിഴ് സംസാരിക്കുന്നവർ 84.73 ശതമാനവും കർണാടകയിൽ കന്നടഭാഷക്കാർ 65.16 ശതമാനവും ആന്ധ്രാപ്രദേശിൽ തെലുങ്ക് മാതൃഭാഷയായിട്ടുള്ളവർ 84.54 ശതമാനവും മാത്രമാണുള്ളത്. കേരളത്തിൽ അതിലും എത്രയോ ഉയർന്ന തോതിൽ മലയാളികൾ ഉണ്ടായിട്ടും ഇവിടെ ഏക ഔദ്യോഗികഭാഷ എന്ന പദവി മലയാളത്തിന് നല്കപ്പെട്ടിട്ടില്ല. 1969ലെ ഔദ്യോഗിക ഭാഷ നിയമപ്രകാരം കേരളത്തിലെ ഔദ്യോഗിക ഭാഷ ഇംഗ്ലീഷും മലയാളവുമാണ്.

> **ഇനി അടിയന്തരമായി വേണ്ടത് കേരളത്തിന്റെ ഏക ഔദ്യോഗിക ഭാഷയും കോടതി നടപടികളുടെ മാധ്യമമായും നിർബന്ധിത പഠനഭാഷയായും മലയാളത്തെ പ്രതിഷ്ഠിച്ചുകൊണ്ടുള്ള ഒരു നിയമം നിയമസഭയിൽ പാസ്സാക്കി എടുക്കുകയും അത് കർശനമായി നടപ്പാക്കുകയും ചെയ്യുക എന്നതാണ്. പി.എസ്.സി. മുഖേന നിയമിക്കപ്പെടുന്ന മുഴുവൻ പേരും നല്ല രീതിയിൽ മലയാളം എഴുതാനും വായിക്കാനും അറിയുന്നവരാണെന്ന് ഉറപ്പു വരുത്തണം.**

സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് പ്രധാനമായും മലയാളം ഉപയോഗിച്ചു കൊണ്ടിരുന്ന കീഴ് കോടതികളിൽ ഇപ്പോൾ ആ സ്ഥാനം ഇംഗ്ലീഷിനായി. മുമ്പ് പ്രൈമറി വിദ്യാഭ്യാസം പൂർണ്ണമായും മലയാള മാധ്യമത്തിലായിരുന്നു. പ്രീ-പ്രൈമറി മുതൽ ഇംഗ്ലീഷ് മാധ്യമം കൊടികുത്തി വാഴുകയാണ്. ബാങ്കുകളിലും സ്വകാര്യ സ്ഥാപനങ്ങളിലും സാമാന്യമായി പറഞ്ഞാൽ മലയാളം പടിക്കു പുറത്താണ്. മലയാളം ഒട്ടും അറിയാത്ത മലയാളികൾ ഇപ്പോൾ ഒട്ടനവധിയാണ്. ഈ ദുർഗതിക്ക് മാറ്റം വരുത്താനുതകുന്ന ഫലപ്രദമായ ഒരു നടപടിയാണ് മലയാളത്തെ ഒന്നാം ഭാഷയാക്കിക്കൊണ്ട് ഈയിടെ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ്. ഇനി അടിയന്തരമായി വേണ്ടത് കേരളത്തിന്റെ ഏക ഔദ്യോഗികഭാഷയും കോടതി നടപടികളുടെ മാധ്യമമായും നിർബന്ധിത പഠനഭാഷയായും മലയാളത്തെ പ്രതിഷ്ഠിച്ചുകൊണ്ടുള്ള ഒരു നിയമം നിയമസഭയിൽ പാസ്സാക്കി എടുക്കുകയും അത് കർശനമായി നടപ്പാക്കുകയും ചെയ്യുക എന്നതാണ്. പി.എസ്.സി. മുഖേന നിയമിക്കപ്പെടുന്ന മുഴുവൻ പേരും നല്ല രീതിയിൽ മലയാളം എഴുതാനും വായിക്കാനും അറിയുന്നവരാണെന്ന് ഉറപ്പു വരുത്തണം. കേരളപ്പിറവിയുടെ 55-ാം വാർഷികം ആഘോഷിക്കപ്പെടുന്ന ഈ അവസരത്തിലെങ്കിലും ഇതു സംബന്ധിച്ച നടപടികൾ ഉണ്ടാവുമെന്ന് നമുക്ക് ന്യായമായും പ്രതീക്ഷിക്കാം.■

*ലേഖകൻ സംസ്ഥാന ഇൻഫർമേഷൻ & പബ്ലിക്റിലേഷൻസ് വകുപ്പിൽ മുൻ ഡെപ്യൂട്ടി ഡയറക്ടറാണ്.*

# നമ്മെ മറക്കുന്ന നമ്മൾ

ഡോ. വിളക്കുടി രാജേന്ദ്രൻ



നമുക്ക്, മലയാളികൾക്ക് എന്തു പറ്റി? നാഴികയ്ക്കു നാൽപ്പതുവട്ടം നാം നമ്മുടെ ഭാഷയെയും സംസ്ക്കാരത്തെയും പാരമ്പര്യത്തെയും സദാചാരമഹിമയെയും മറ്റും പറ്റി വിസ്തരിക്കാറുണ്ടല്ലോ. മറ്റു കലകളിലെന്നപോലെ പ്രസംഗകലയിലും മലയാളികൾ വിരുതൻമാർതന്നെ. എന്നാൽ ഈ തറവാടിത്തഘോഷണത്തെപ്പോലെ തന്നെയാണോ കാര്യങ്ങൾ? വിവേകിതയോടെ നമുക്കൊന്നു പരതി നോക്കാം.

ഭാഷ സംസ്ക്കാരമാണല്ലോ. അതിനാൽ ഭാഷവിചാരമാകട്ടെ ആദ്യം. അഞ്ചുതവണ ജ്ഞാനപീഠം കയറിയ ഭാഷയാണ് മലയാളം. നമ്മുടെ സാഹിത്യഭാഷ സമ്പുഷ്ടമാണെന്നതിന് തെളിവാണല്ലോ ഇത്. തകഴിയും ബഷീറും എം.ടി.യും അയ്യപ്പപ്പണിക്കരും മറ്റും വിവർത്തനങ്ങളിലൂടെ ലോകത്തിന്റെ എല്ലാ ഭാഗത്തും എത്തിചേർന്നിട്ടുണ്ട്. എന്നിട്ടുമെന്തേ മലയാളം ഒന്നാംഭാഷയാക്കാൻ മുറവിളിക്കൂട്ടേണ്ടിവരുന്നു. ഭരണഭാഷാമാറ്റം എന്നു കേൾക്കുമ്പോൾ തന്നെ ഇപ്പോൾ ചിരിയാണ്. 1957-ലെ ഇ.എം.എസ്. മന്ത്രിസഭയുടെ കാലം മുതൽ സംസ്ഥാനത്തെ ഭരണഭാഷ മലയാളമാക്കാൻ ഉത്തരവുകൾ ഇറങ്ങിയതാണ്. അടിയന്തര ഉത്തരവുകളായിരുന്നു എല്ലാം. എന്നാൽ അരനൂറ്റാണ്ടിനു ശേഷവും കാര്യമായ പുരോഗതി ഈ രംഗത്ത് ഉണ്ടായിട്ടില്ല. വഞ്ചി തിരുനക്കരത്തന്നെ എന്നു പറയാം. നമ്മുടെ അയൽ സംസ്ഥാനങ്ങളിലൊക്കെ എത്രയോ കാലം മുമ്പു മുതൽ അതതു പ്രാദേശിക ഭാഷകൾ ഭരണ-ബോധന മാധ്യമമായി മാറി. സ്ഥലനാമങ്ങളുടെ കാര്യവും ഇവിടെ ഓർമ്മിക്കാം. സായിപ്പിന്റെ നാവിനു വഴങ്ങുന്ന മട്ടിൽ മാറ്റിയെടുത്ത ട്രിവാൺഡ്രം, കൊയിലോൺ, ആലപ്പി, പൾഗാട്ട് തുടങ്ങിയ ആറു ജില്ലകളുടെയും തെള്ളിച്ചേരി, കണ്ണന്നൂർ, ചോഗാട്ട് തുടങ്ങിയ 17 താലൂക്കുകളുടെയും പേരുകൾ പ്രാദേശികോച്ചാരണം കണക്കിലെടുത്തുള്ള നാട്ടുമൊഴിയിലേക്ക് ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം മാറ്റി സർക്കാർ ഉത്തരവിറങ്ങിയിട്ട് 20 വർഷം കഴിഞ്ഞു. ഇപ്പോഴും ഈ മാറ്റം പൂർണ്ണമായി നടപ്പായിട്ടില്ല. സർക്കാർ എഴുത്തുകുത്തുകളിലും സ്ഥലനാമ ബോഡുകളിലും പോലും ട്രിവാൺഡ്രവും ആലപ്പിയുമൊക്കെ സൈ്വരവിഹാരം നടത്തുന്നു. തമിഴിലും കന്നഡത്തിലും തെലുങ്കിലും മറാഠിയിലും മറ്റും ഇംഗ്ലീഷുകാർ മാറ്റി മറിച്ച സ്ഥലപ്പേരുകൾ അതതു ഭാഷകളിലേക്ക് മാറ്റിക്കൊണ്ടുള്ള ഉത്തരവുകൾ ഇറങ്ങി മണിക്കൂറുകൾക്കകം മാറ്റം പൂർണ്ണമായി നടപ്പായി. മലയാളികൾ ഇപ്പോഴും ഇതൊന്നും ഗൗരവമുള്ള കാര്യമായി എടുത്തിട്ടില്ല. പേരിൽ എന്തിരിക്കുന്നു എന്നാവാം. മലയാള സർവ്വകലാശാലയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട് എന്നത് ആശ്വാസം. ക്ലാസിക്ക് പദവിക്കു കൂടി ഒത്തൊരുമിച്ചുള്ള ശ്രമങ്ങൾ വേണ്ടിയിരിക്കുന്നു.

മലയാളത്തിൽ കത്തെഴുതുകയോ ഒപ്പിടുകയോ ചെയ്യുന്നവരുടെ എണ്ണം വളരെ പരിമിതമായി. മലയാളം അക്കങ്ങൾ ഊർധ്വം വലിച്ചിട്ട് കാലമേറെയായി. കല്യാണക്ഷണക്കത്തുകൾ ഇംഗ്ലീഷിലായില്ലെങ്കിൽ വിവാഹബന്ധം ഒഴിഞ്ഞുപോകുമെന്നാണ് മിക്കവരുടെയും ധാരണ. മലയാളത്തിൽ അച്ചടിക്കുന്ന കത്തുകൾ പലതും 'ക്ഷണന'ക്കത്തുകളാവുകയും ചെയ്യുന്നു. ഒപ്പിന്റെ കാര്യം പറഞ്ഞപ്പോഴാണ് മഹാകവി പിയെ ഓർത്തുപോവുന്നത്. കേന്ദ്രസാഹിത്യ അക്കാദമി അവാർഡു വാങ്ങാനെത്തിയ മഹാകവി കുഞ്ഞിരാമൻ നായരോട് അക്കാദമിയിലെ ഒരു ഉദ്യോഗസ്ഥൻ ഇംഗ്ലീഷിൽ ഒപ്പിട്ടുനൽകിയാൽ അവാർഡുതുകയ്ക്കുള്ള ചെക്ക് നൽകാമെന്നു പറഞ്ഞത്രേ. ആ ഉദ്യോഗസ്ഥനു നേരെ ഈറ്റപ്പുലിയെപ്പോലെ തട്ടിക്കയറിയ കവി, ചെക്കടങ്ങിയ കവർ അയാളുടെ മുഖത്തേക്ക് വലിച്ചെറിഞ്ഞിട്ടു പറഞ്ഞു, "ഈ അക്ഷരം കൊണ്ടാണ് ഞാൻ ഇവിടെ എത്തിയത്. എന്റെ കയ്യൊപ്പ് മലയാളമാണ്. ഇതു വേണ്ടെങ്കിൽ ഈ സർക്കാർ നക്കാപ്പിച്ച എനിക്കുവേണ്ട." ഒടുവിൽ കവിയുടെ കാലുപിടിച്ചിട്ടാണ് മലയാളത്തിലുള്ള ഒപ്പോടെ ചെക്ക് അദ്ദേഹത്തെ ഏൽപ്പിച്ചത്.

നമ്മുടെ വാമൊഴിമലയാളത്തിന്റെ ചേലും ചന്തവും ചോർന്നുപോവുകയാണ്. നാടൻ പദങ്ങളും ശൈലികളും പഴഞ്ചൊല്ലുകളും ഒക്കെ കലർന്ന നാടോടി വാങ്മയം ഭാഷയുടെ ശക്തിയായിരുന്നു. അക്ഷരശ്ലോകസദസ്സുകൾ ഓർമയിലെത്തുന്നു. ഓഫീസുകളിലും വിദ്യാലയങ്ങളിലും വീട്ടുമുറ്റങ്ങളിലുമെല്ലാം അക്ഷരശ്ലോകവേദികൾ ഉണ്ടായിരുന്നു. നമ്മുടെ പ്രസിദ്ധരായ കവികളുടെയെല്ലാം ഏതാനും കവിതകളോ വരികളോ കാണാപ്പാഠമാക്കാത്തവർ പഴയ തലമുറയിൽ വിരളമാണ്. രാമായണത്തിലെയും തുള്ളൽക്കഥകളിലെയും ചങ്ങമ്പുഴ, വൈലോപ്പിള്ളി, ഇടശ്ശേരി, പി, അക്കിത്തം, ഒ.എൻ.വി തുടങ്ങിയ കവികളുടെയും പ്രസിദ്ധങ്ങളായ കവിതകൾ നാവിൻ തുമ്പിൽ പ്രതിഷ്ഠിച്ച ഒരു തലമുറ ഇന്നും ഇവിടെയുണ്ട്. ജീവിതത്തിലെ വേദനകളിലും പ്രതിസന്ധികളിലും ശമനൗഷധമാവേണ്ട കവിതകൾ ഇന്ന് മറ്റെന്തക്കയോ ആകുന്നു. പുതു കവിതയുടെ മല വെള്ളപ്പാച്ചിലിൽ പഴയതെല്ലാം നഷ്ടമാവുന്നു.

ഭക്ഷണ രീതിയിൽവന്ന മാറ്റം രോഗങ്ങളെ ക്ഷണിച്ചു വരുത്തുന്നതായി. ഫാസ്റ്റ് ഫുഡ് സംസ്ക്കാരം ഗ്രാമങ്ങളിൽ പോലും വേരോടിക്കഴിഞ്ഞു. എല്ലാം പുറത്തു നിന്നെത്തുമ്പോൾ നമ്മുടെ അടുക്കളകൾ ഇപ്പോൾ അജാഗളസ്തനങ്ങൾ പോലെയായി. ടെലിവിഷനു മുന്നിൽ 'പുഷ്പവിസൃമരസുരഭിയാമുപധാന'ത്തിൽ തലചായ്ച്ചുള്ള നീണ്ട ശയനവും മലയാളിയുടെ ആരോഗ്യത്തെയും കർമ്മശേഷിയെയും സാരമായി ബാധിച്ചു തുടങ്ങിയിരിക്കുന്നു. സുഖപാനമോദ ലഹരിക്കായി എത്ര പണം ചെലവാക്കാനും മലയാളിക്ക് മടിയില്ല. വ്യത്യസ്ത ചടങ്ങുകളിലും കൂട്ടായ്മകളിലുമെല്ലാം മദ്യം അനിവാര്യഘടകമായിരിക്കുന്നു. ഇക്കുറി പുതുവർഷം ആഘോഷിക്കാൻ ഒരൊറ്റ ദിവസം കൊണ്ട് 33 കോടിരൂപയുടെ മദ്യമാണ് മലയാളികൾ കുടിച്ചു തീർത്തത്. പുതുവർഷപ്പിറവിക്കു മുമ്പുള്ള പത്തു ദിവസങ്ങളിലായി ഇരുനൂറ്റിമുപ്പത്തിനാലരക്കോടി രൂപയുടെ മദ്യം ബിവറേജസ് കോർപ്പറേഷൻ വഴി മാത്രം വിറ്റഴിഞ്ഞത്രേ. ഈ മദ്യാസക്തി ഉണ്ടാക്കുന്ന സാമൂഹിക പ്രശ്നങ്ങൾ ഉമിത്തീയിലെന്നപോലെ കേരളത്തെ നീറ്റുകയാണ്. ഏറ്റവും കൂടുതൽ സ്ത്രീപീഡനം നടക്കുന്ന സംസ്ഥാനങ്ങളിൽ കേരളം രണ്ടാം സ്ഥാനത്താണെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

സാമൂഹിക ബന്ധങ്ങളിൽ വലിയ വിള്ളലുകൾ വീണിരിക്കുന്നു. കുടുംബസന്ദർശനങ്ങൾ നാമമാത്രമായി. വിവാഹത്തിലും മരണത്തിലും മാത്രമായി ബന്ധുസമാഗമം. മറ്റുള്ളവരിൽ നിന്നെല്ലാം അകന്ന് കുട്ടികൾ ഒരു പ്രത്യേക ലോകത്ത് കഴിയുന്നു.

ഇണയോട് പൊരുത്തപ്പെടാനാവാതെ വേർപിരിയുന്ന വിവാഹബന്ധങ്ങളുടെ എണ്ണം ഭയാനകമാം വണ്ണം വർധിക്കുകയാണ്. തന്റേതല്ലാത്ത കാരണത്താൽ വിവാഹബന്ധം വേർപെടുത്തേണ്ടിവരുന്ന യുവതിയുവാക്കളുടെ പുനർവിവാഹ പരസ്യം ധാരാളമായിക്കാണാം. വരന്റെ മാനസിക പ്രശ്നം കാരണം ബന്ധം വേർപെടുത്തേണ്ടിവരുന്നവരും പരസ്യങ്ങളിലുണ്ട്. കുറ്റം ആരുടേതാണെന്ന് ആർക്കറിയാം.

വർധക്യത്തോടുള്ള മനോഭാവവും മലയാളിയുടെ സംസ്ക്കാരത്തിനു ഭൂഷണമല്ല. പേരക്കുട്ടികൾക്ക് കഥ പറഞ്ഞു കൊടുക്കാനും സ്നേഹം പകരാനും മുത്തച്ഛൻമാരും മുത്തശ്ശിമാരുമുള്ള വീടുകൾ അങ്ങിങ്ങ് ചിലതുണ്ടാവാം. വൃദ്ധസദനങ്ങളിലും അഗതിമന്ദിരങ്ങളിലുമായി ചത്തുജീവിക്കുകയാണവർ. 'വാർധക്യത്തിന്റെ ഗന്ധംകൂടി ചേരുമ്പോഴേ വീട് വീടാവൂ' എന്ന് കവി കുഞ്ഞുണ്ണി പറഞ്ഞത് ഓർമയിലെത്തുന്നു.

**നാടിനെ അറിയാൻ നാട്ടാരെ അറിയാൻ ഇപ്പോൾ സമൂഹം വെമ്പൽകൊള്ളുന്നു. വാമൊഴി വഴക്കത്തിന്റെയും നാട്ടറിവിന്റെയും ശേഖരണവും പ്രാദേശിക ചരിത്ര നിർമ്മിതിയുമെല്ലാം ഈ സ്വത്വാന്വേഷണത്തിന്റെ കണ്ടെത്തലുകളാണ്. വീടിനു പുറത്തും ലോകമുണ്ടെന്നും അത് അയൽക്കാരിൽ നിന്നും തുടങ്ങി അകലങ്ങളിലേക്ക് വ്യാപിക്കണമെന്നുമുള്ള ബോധം ശുഭോദർക്കമാണ്.**

വാലന്റൈൻ ദിനവും അക്ഷയതൃതീയയ്ക്ക് സ്വർണം വാങ്ങലും മറ്റും നമുക്ക് പുതുതായെത്തിയ ആഘോഷങ്ങളാണ്. എല്ലാം കമ്പോളവൽക്കരിക്കപ്പെട്ടിരിക്കുന്ന ഒരു സമൂഹത്തിൽ ഇതെല്ലാം ഇങ്ങനെയായില്ലങ്കിലേ അദ്ഭുതമുള്ളു. മലയാളിയുടെ സ്വത്വം ഇതൊന്നും ആയിരുന്നില്ല. അകലുന്നു എന്ന ബോധം മലയാളിക്കുമുണ്ട്. ഇങ്ങനെ പോരാ എന്ന പ്രതിരോധ ചിന്തയുമുണ്ട്. അതിന്റെ ഫലമായി ഭവന സന്ദർശനങ്ങളും കുടുംബയോഗങ്ങളും ദേശക്കൂട്ടായ്മകളും മറ്റും ഉണ്ടാവുന്നു. നാടിനെ അറിയാൻ നാട്ടാരെ അറിയാൻ ഇപ്പോൾ സമൂഹം വെമ്പൽകൊള്ളുന്നു. വാമൊഴി വഴക്കത്തിന്റെയും നാട്ടറിവിന്റെയും ശേഖരണവും പ്രാദേശിക ചരിത്ര നിർമ്മിതിയുമെല്ലാം ഈ സ്വത്വാന്വേഷണത്തിന്റെ കണ്ടെത്തലുകളാണ്. വീടിനു പുറത്തും ലോകമുണ്ടെന്നും അത് അയൽക്കാരിൽ നിന്നും തുടങ്ങി അകലങ്ങളിലേക്ക് വ്യാപിക്കണമെന്നുമുള്ള ബോധം ശുഭോദർക്കമാണ്. ഇല്ലെങ്കിൽ നമ്മുടെ കുട്ടികൾ സ്നേഹശൂന്യരായ യന്ത്രമനുഷ്യരായിപോകും.

*'ഏതു ധൂസരസങ്കൽപ്പങ്ങളിൽ*
*വളർന്നാലും,*
*ഏതു യന്ത്രവൽക്കൃത ലോകത്തിൽ*
*പുലർന്നാലും,*
*മനസ്സിലുണ്ടാവട്ടേ ഗ്രാമത്തിൻ*
*വെളിച്ചവും*
*മണവും മമതയും ഇത്തിരിക്കൊന്ന*
*പ്പൂവും'*

എന്ന മഹാകവി വൈലോപ്പിള്ളിയുടെ വരികൾ അനുസ്മരിച്ചുകൊണ്ട് ഈ ലേഖനം ഉപസംഹരിക്കട്ടെ. ■

*ലേഖകൻ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ മുൻ അസിസ്റ്റന്റ് ഡയറക്ടറാണ്*

# എൻ. കൃഷ്ണപിള്ളയുടെ വിദ്യാഭ്യാസ ചിന്തകൾ



**എൻ. കൃഷ്ണപിള്ള എന്ന പ്രഗല്ഭനായ അധ്യാപകന്റെ വിദ്യാഭ്യാസ ചിന്തകളിലൂടെ ഒരു അന്വേഷണം**

**ഡോ. എഴുമറ്റൂർ രാജരാജവർമ്മ**

യശഃശരീരനായ എൻ. കൃഷ്ണപിള്ള (1916-88) പ്രഗല്ഭനായ അധ്യാപകനായിരുന്നു. മലയാള നാടകത്തിന്റെ ജാതകം തിരുത്തിയെഴുതിയ അതുല്യനായ നാടകകൃത്തായിരുന്നു. സൂക്ഷ്മഗ്രാഹിയായ ഗവേഷകനായിരുന്നു. കുശാഗ്രബുദ്ധിയായ വിമർശകനായിരുന്നു. സമഗ്രദർശിയായ സാഹിത്യചരിത്രകാരനായിരുന്നു. ബാലസാഹിത്യകാരനും പ്രഭാഷകനുമായിരുന്നു. സരസഭാഷണപ്രിയനും ആദർശധീരനും മനുഷ്യസ്നേഹിയുമായിരുന്നു. ഈ ഗുണവിശേഷങ്ങളുടെ അസാധാരണമായ അനുരഞ്ജനംകൊണ്ട് നമ്മുടെ സാംസ്ക്കാരിക രംഗത്ത് അരനൂറ്റാണ്ടിലേറെക്കാലം നിറഞ്ഞുനിന്നു പ്രകാശം ചൊരിഞ്ഞ അർഥപൂർണ്ണമായ ഒരു ജീവിതത്തിന്റെ ഉടമയായിരുന്നു എൻ.കൃഷ്ണപിള്ള.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽനിന്ന് മലയാളം വകുപ്പ് അദ്ധ്യക്ഷനായി വിരമിച്ച ശേഷവും എമറിറ്റസ് പ്രൊഫസറായിരുന്ന കൃഷ്ണപിള്ള, അമ്പതിലേറെ വർഷത്തെ ധന്യമായ അധ്യാപക ജീവിതത്തിന്റെ ഉടമയാണ്. ലോകത്തിലെ ഏറ്റവും മിനുക്കവും പ്രതാപവും അധികാരവും ശക്തിയുമുള്ള ജോലിയുമായിപ്പോലും തന്റെ അധ്യാപകവൃത്തി ഒരു നിമിഷത്തേക്കു വച്ചുമാറാൻ കൃഷ്ണപിള്ളയ്ക്കു മനസ്സില്ലായിരുന്നു. തന്റെ വിജയത്തിന്റെ നാരായവേരെന്ന് അദ്ദേഹം വിശ്വസിച്ചതും മനസാവരിച്ച അധ്യാപകവൃത്തിതന്നെ.

അടി മുതൽ മുടിയോളം അധ്യാപകനായിരുന്നു എൻ. കൃഷ്ണപിള്ള. പഠിപ്പിക്കുന്ന വിഷയത്തിൽ വേണ്ടത്ര പ്രാഗല്ഭ്യം നേടിയശേഷം വിദ്യാർത്ഥികളെ അഭിമുഖീകരിക്കുകയും ശിഷ്യഹൃദയങ്ങളിൽ വിഷയ സ്വീകരണത്തിനനുയോജ്യമായി കളമൊരുക്കിയശേഷം വിത്തുകൾ വിതയ്ക്കുകയും അതു തളിർത്തു പുഷ്പിച്ചു ഫലിച്ചുകാണുമ്പോൾ മനം കുളിർത്ത് ആത്മനിർവൃതിയിൽ ലയിക്കുകയും ചെയ്യുന്ന ഗുരുനാഥനായിരുന്നു അദ്ദേഹം. എൻ. കൃഷ്ണപിള്ള സാഹിത്യത്തിന്റെ പാഠങ്ങൾ മാത്രമല്ല, ജീവിതത്തിന്റെ പാഠങ്ങളും, മനോവാക് കർമ്മങ്ങൾ കൊണ്ടും മൗനംകൊണ്ടും പകർന്നു നൽകുന്ന അസാധാരണനായ അധ്യാപകനായിരുന്നു. ഭാരതീയ സങ്കല്പ്പമനുസരിച്ചുള്ള ആചാര്യഭാവം ആ വ്യക്തിത്വത്തിൽ അലിഞ്ഞു ചേർന്നിരുന്നു എന്നു കാണാം.

ഉത്തമമായ ഗുരുശിഷ്യ ബന്ധത്തെപ്പറ്റി ഒരു ചോദ്യത്തിനുത്തരമായി അദ്ദേഹം ഈ ലേഖകനോട് ഒരിക്കൽ ഇങ്ങനെ പറഞ്ഞു. 'ഗുരുശിഷ്യന്മാർ പരസ്പരം എത്ര അറിയാൻ ശ്രമിക്കുമോ അത്രയ്ക്കു നന്ന്... ഇരുകൂട്ടരും കഴിവുകൾ അന്യോന്യം മാറ്റുരച്ചു നോക്കണം. ഇരുകൂട്ടരും അങ്ങോട്ടുമിങ്ങോട്ടും അവരുടെ സുഖ ദുഃഖങ്ങളിൽ, പ്രയാസങ്ങളിൽ പ്രശ്നങ്ങളിൽ എല്ലാം പങ്കുകൊണ്ടു ശീലിക്കണം. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഒരു കുടുംബത്തിലെ അംഗങ്ങളാണ് എന്ന തോന്നൽ യഥാർഥത്തിലുണ്ടാവണം.'

സർവകലാശാല തലത്തിലുള്ള ഭാഷാഗവേഷണത്തിനു നേതൃത്വം നൽകാൻ പി.എച്ച്.ഡി. ബിരുദമില്ലാത്ത എൻ. കൃഷ്ണപിള്ളയ്ക്ക് അനുവാദമുണ്ടായിരുന്നു. (കൈരളിയുടെ കഥയും പ്രതിപാത്രം ഭാഷണഭേദവും മറ്റും എത്രയോ പി.എച്ച്.ഡി.ക്കുള്ള വകയുണ്ട്!) പഠനത്തിന്റെയും ഗവേഷണത്തിന്റെയും ഇന്നത്തെ അവസ്ഥയെക്കുറിച്ച് എൻ. കൃഷ്ണപിള്ള പറഞ്ഞു. 'ഉയർന്ന പരീക്ഷയായി നാം സങ്കല്പ്പിച്ചിട്ടുള്ള എം.എ പരീക്ഷയുടെയും കോഴ്സിന്റെയും നില വാസ്തവത്തിൽ നാൾക്കുനാൾ അധഃപതിച്ചു വരുകയാണ്. ഒരു അഭീഷ്ട വിഷയത്തിൽ ഉപരിപഠനം നടത്തണം, അതിൽ അഭിജ്ഞനായിത്തീരണം എന്ന ലക്ഷ്യത്തോടുകൂടി ഏകാഗ്രബുദ്ധിയോടുകൂടി എല്ലാ വിഷയങ്ങളും ആകാവുന്നിടത്തോളം സമഗ്രമായിത്തന്നെ പഠിച്ച് പരീക്ഷ എഴുതണം, എഴുതി ഉന്നത നിലയിൽ പാസാകണം. പാസായിക്കഴിഞ്ഞാൽ തങ്ങൾ പഠിച്ച വിഷയങ്ങളെ സംബന്ധിച്ച് ഉപരി അന്വേഷണങ്ങൾ നടത്തി ആ രംഗത്ത് ഒരു ഗാഢമുദ്ര പതിപ്പിക്കണം എന്ന വിചാരത്തോടുകൂടി പഠിക്കുന്ന എം.എ വിദ്യാർത്ഥികളുടെ സംഖ്യ എത്രയോ കുറഞ്ഞുകൊണ്ടിരിക്കുന്നു. നാൾ ചെല്ലുന്തോറും ഗവേഷണം ചെയ്യാൻ വരുന്നവരുടെ സ്ഥിതി ഇതിലും പരിതാപകരമാണ്' എന്ന് അദ്ദേഹം പറയുന്നു. മിക്കവർക്കും എന്തിനെപ്പറ്റി ഗവേഷണം നടത്തണമെന്നു നിശ്ചയമില്ലാതെയാണ് ഗൈഡിനെ സമീപിക്കുന്നത്. ഗൈഡു നിർദ്ദേശിക്കുന്ന വിഷയമാകട്ടെ ഗവേഷകന് ഒരു എത്തും പിടിയും കിട്ടാത്തതായിരിക്കും. ഗവേഷണ ബിരുദം കിട്ടാൻ അത്യാവശ്യം വേണ്ട കരുക്കൾ സർവ്വകലാശാലയുടെ നിലവിലുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി പ്രബന്ധരൂപത്തിൽ നിരത്തിവച്ച് സമർപ്പിക്കുന്നതോടെ ഗവേഷകന്റെ ജോലി തീരുന്നു. പരീക്ഷകന്മാർ ധർമ്മ സങ്കടത്തിലാണ്. ഒരാളുടെ മൂന്നുവർഷത്തെ പ്രയത്നത്തെ തള്ളിപ്പറയാനാവാതെ മിക്ക അധ്യാപകരും ദോഷങ്ങൾ വിസ്മരിക്കാൻ പ്രേരിതരാകുന്നു. പി.എച്ച്.ഡി. കിട്ടിക്കഴിഞ്ഞാൽ ആ വിഷയത്തെപ്പറ്റി പിന്നീടു ചിന്തിക്കുന്നവർ നന്നേ കുറവ്. ചിലരാകട്ടെ, തന്റെ വിഷയത്തിൽക്കവിഞ്ഞ ഒരു വിഷയം ലോകത്തിലില്ല എന്ന ചിന്തയോടെ അവസരത്തിലും അനവസരത്തിലുമെല്ലാം അതു മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കാൻ പ്രസംഗം മുഖേനയും ലേഖനം മുഖേനയും ശ്രമിച്ചുക്കൊണ്ടിരിക്കും. മൂന്നു വർഷത്തെ കോഴ്സ്, എം.എ. പാസായിരിക്കണം എന്ന നിബന്ധന യൂണിവേഴ്സിറ്റി അംഗീകരിക്കുന്ന ഒരു ഗൈഡിന്റെ കീഴിൽ മാത്രമേ പ്രവർത്തിക്കാവൂ എന്ന നിർബന്ധം, പ്രബന്ധം ഇന്ന രീതിയിലേ എഴുതിക്കൂട്ടൂ എന്ന നിർബന്ധം ഒക്കെ മാറണമെന്ന് എൻ. കൃഷ്ണപിള്ള പറയുന്നു. "വിഷയം ഏതോ ആയിക്കൊള്ളട്ടെ, നമ്മുടെ നാട്ടിലെ ഏതു കോണിലിരുന്നായാലും ഒരു രംഗത്തെ വിജ്ഞാനത്തെ ഒരടിയെങ്കിലും മുമ്പോട്ടു നയിക്കത്തക്ക വിധത്തിൽ ചിന്തിക്കുകയും എഴുതുകയും പ്രകാശിപ്പിക്കുകയും ചെയ്തിട്ടുള്ളവർക്കായിരിക്കണം ഒരു സർവ്വകലാശാല ഏറ്റവും ഉന്നതമായ ബിരുദം നൽകേണ്ടത്.

ദീർഘകാലത്തെ വിദ്യാഭ്യാസ പ്രവർത്തകൻ എന്ന നിലയിലും വിദ്യാഭ്യാസമണ്ഡലത്തിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന അനേകം പരിണാമങ്ങളുടെ സാക്ഷിയും അനുഭവസ്ഥനും പങ്കാളിയും എന്ന നിലയിലും പൊതു വിദ്യാഭ്യാസ രംഗത്തെപ്പറ്റി വളരെയേറെ കാര്യങ്ങൾ കൃഷ്ണപിള്ള പറഞ്ഞിട്ടുമുണ്ട്, എഴുതിയിട്ടുമുണ്ട്. ദീർഘമായ ഒരു ഭാഷണം അവസാനിപ്പിച്ചത് ഇങ്ങനെയായിരുന്നു. 'ധീര നൂതനമായ ഒരു ലോകം സൃഷ്ടിക്കുന്നതിന് ആവശ്യമുള്ള വിദ്യാഭ്യാസാദർശങ്ങൾ അതിമനോഹരമായ ഭാഷയിൽ വിസ്തരിച്ചെഴുതിയിട്ടുള്ള എത്രയോ റിപ്പോർട്ടുകൾ അതിപ്രഗല്ഭരായ വിദ്യാഭ്യാസ വിചക്ഷണർ എഴുതിയത് നമുക്കു കിട്ടിയിട്ടുണ്ട്. പക്ഷേ വിദ്യാഭ്യാസം, നല്ല ജീവിതത്തിനാവശ്യമായ പൗരസംസ്ക്കാരം, തൊഴിൽ സംസ്ക്കാരം ഇവയെ എല്ലാം കൂടി സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനപരിപാടി നമുക്കുണ്ടായിട്ടില്ല. വിദ്യാഭ്യാസത്തിന്റെ പ്രാഥമികാവശ്യം, പഠിക്കുന്നവന് അറിയണം എന്ന മോഹവും പഠിപ്പിക്കുന്നവന് അറിയിക്കണം എന്ന തൃഷ്ണയും ഉണ്ടായിരിക്കുക എന്നതാണെങ്കിൽ, ഇന്ന് അതു നിശ്ശേഷം കാണാനില്ല എന്നു പറയാതെ വയ്യ.' വിദ്യാഭ്യാസത്തിനുവേണ്ടി ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന തുകയുടെ അപര്യാപ്തത, കലാലയാന്തരീക്ഷത്തിലെ രാഷ്ട്രീയാതിപ്രസരം, പാഠപുസ്തകങ്ങളുടെ നിലവാരക്കുറവ്, പരീക്ഷാ സമ്പ്രദായത്തിന്റെ പിഴവ്, ഏതുമൊന്നും ചിന്തിക്കാതെ അടിക്കടി ചെയ്യുന്ന പരീക്ഷണങ്ങൾ, വിദ്യാഭ്യാസ പ്രവർത്തകരുടെ ജാതിമതവർഗവർണഭേദ ചിന്തകൾ, അധ്യാപകരുടെ അസ്വസ്ഥതകൾ തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾക്കു പരിഹാരം കാണേണ്ടതായിട്ടുണ്ടെന്ന് കൃഷ്ണപിള്ള പറയുന്നു.

ഓരോ അധ്യാപകനും വിദ്യാർത്ഥിയും തന്റേതായ ഒരു പഠനപദ്ധതി ആവിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി കൃഷ്ണപിള്ള പറയുന്നുണ്ട്. പാഠ്യപദ്ധതിക്ക് അപ്പുറം പോകുന്ന വായനയിലൂടെ മാത്രമേ ഒരുവന് മാനസിക വികാസം ഉണ്ടാവുകയുള്ളൂ എന്നും അദ്ദേഹം നിർദ്ദേശിക്കുന്നു. കേരള സർക്കാർ മലയാള സർവ്വകലാശാല സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ, എൻ. കൃഷ്ണപിള്ള കാൽനൂറ്റാണ്ടുമുമ്പ് അവയെപ്പറ്റി പറഞ്ഞകാര്യം പ്രസക്തമാണ്. "ആ സർവ്വകലാശാലയിൽ ക്ലാസുകളോ വിദ്യാർത്ഥികളോ അദ്ധ്യാപകരോ പരീക്ഷകളോ ഡിഗ്രികളോ ഒന്നും ഉണ്ടായിരിക്കുകയില്ല. കുറേപ്പേർ ഗവേഷണം ചെയ്യുന്നുവെങ്കിൽ ചെയ്തുകൊള്ളട്ടെ. പക്ഷേ അക്കൂട്ടർ ഔപചാരികമായ യോഗ്യതകളോടെ നിശ്ചിതമായ ഒരു കാലഘട്ടത്തിനകം ഗവേഷണം നടത്തി പ്രബന്ധം അവതരിപ്പിച്ചുപോകണമെന്ന് യാതൊരു നിയമവും ഉണ്ടായിരിക്കുകയില്ല. പ്രായഭേദമെന്യേ, ബിരുദഭേദമെന്യേ, ഗവേഷണത്തിൽ താത്പര്യമുള്ള ആർക്കും എത്രകാലം വേണമോ അവിടെ ഗവേഷണം നടത്താം. അതിനുതകത്തക്ക വണ്ണം കേരള സംബന്ധമായ എല്ലാ വിഷയങ്ങളും പഠിക്കുന്നതിന് പര്യാപ്തമായ ഒരു ഗ്രന്ഥശേഖരം ഈ സർവ്വകലാശാലയിൽ ഉണ്ടായിരിക്കും. ഇരുപത്തിനാലു മണിക്കൂറും അതു തുറന്നിടുകയും ജിജ്ഞാസുക്കൾ അവരുടെ സൗകര്യംപോലെ അവിടെ പ്രവർത്തിച്ചുക്കൊണ്ടിരിക്കുകയും ചെയ്യും. കേരളസംബന്ധമായി എന്തെല്ലാം വിഷയങ്ങളാകാം എന്നതിന്റെ സമഗ്രമായ ഒരു പട്ടിക ഈ സർവ്വകലാശാലയിൽ ഉണ്ടായിരിക്കും. കേരള പരാമർശമുള്ള എല്ലാ രേഖകളുടെയും വിവരണാത്മകമായ ഒരു ഇൻഡക്സ് ഈ കേന്ദ്രത്തിൽ കാണും. പബ്ലിക്കേഷൻസ് എന്ന വിഭാഗത്തിനായിരിക്കും മറ്റു വിഭാഗങ്ങളെക്കാൾ മുൻതൂക്കം. സാഹിത്യത്തിൽ മലയാളത്തിൽ, ആധുനികകാലം വരെ ഉണ്ടായിട്ടുള്ള എല്ലാ പ്രധാന പുസ്തകങ്ങളും സമുചിതമായ പഠനങ്ങളോടെ സംശോധിതങ്ങളായി. വളരെക്കാലം സൂക്ഷിക്കത്തക്ക രീതിയിൽ അച്ചടിച്ചു പ്രസിദ്ധീകരിക്കുകയാണ് പബ്ലിക്കേഷൻസ് വിഭാഗത്തിന്റെ ഒരു പ്രധാന ജോലി. മറ്റൊരു ജോലി, കേരള ചരിത്രത്തെയും സംസ്ക്കാരത്തെയും കുറിച്ചുള്ള അപ്രകാശിതങ്ങളായ എല്ലാ രേഖകളും വെളിച്ചത്തു കൊണ്ടുവരുക എന്നതാണ്. ഇക്കൂട്ടത്തിൽ രാഷ്ട്രതന്ത്രം, സാമ്പത്തിക കാര്യങ്ങൾ, സാമൂഹികശാസ്ത്രം, നാനാതരം രാജ്യവിഭവങ്ങൾ തുടങ്ങി എല്ലാ വിഷയങ്ങളെയും സംബന്ധിക്കുന്ന രേഖകൾ ഉണ്ടാകും. പബ്ലിക്കേഷൻ കഴിഞ്ഞാൽ അല്ലെങ്കിൽ അതുപോലെ തന്നെ പ്രധാനമായ ഒരു വകുപ്പായിരിക്കും ഫോക്‌ലോർ അഥവാ നാടൻ സംസ്ക്കാരവിജ്ഞാനീയം. ഇതു സംബന്ധിച്ച് നിയമിക്കപ്പെടുന്ന ആളുകൾ ഈ വിഷയത്തിന്റെ വിശാലമായ മേഖലകളിൽനിന്നും വസ്തുതകളും അറിവുകളും സമ്പത്തുകളും തേടി കണ്ടുപിടിക്കേണ്ടവരാണ്. വാസ്തവത്തിൽ അവർ ജനമധ്യത്തിലായിരിക്കും ജീവിക്കേണ്ടി വരുക. പഴമ്പാട്ടുകൾ, പഴഞ്ചൊല്ലുകൾ, പഴങ്കഥകൾ, ആചാരമര്യാദകൾ, മതാനുഷ്ഠാനങ്ങൾ, പൂജാവിധികൾ, ക്ഷേത്ര നിർമ്മാണ വിധങ്ങൾ. ഇങ്ങനെ ഇനിയും വളരെപ്പറയാനുണ്ടാവും ഫോക്‌ലോറിന്റെ ഉള്ളടക്കത്തെപ്പറ്റി. ഇനിയൊരു വിഭാഗം കേരളീയ ദൃശ്യകലകളെക്കുറിച്ചുള്ളതാണ്. കേരളചരിത്രപഠനം മറ്റൊരു വിഭാഗമാക്കാം. ഇങ്ങനെ ഞാൻ സങ്കല്പ്പിക്കുന്ന സർവ്വകലാശാലയുടെ സ്വരൂപത്തെപ്പറ്റി ഒരു ദിഗ്ദർശനം മാത്രമേ ഇപ്പോൾ നടത്താനാവൂ. എത്രയോ പണ്ഡിതന്മാർ ഒന്നിച്ചുചേർന്നിരുന്ന് ഗാഢമായി ചിന്തിച്ച് അന്തിമരൂപം നൽകേണ്ട ഒന്നാണിത്. ഒന്നു തീർച്ച. ഇതുവരെ ഉണ്ടായിട്ടുള്ള നമ്മുടെ ഒരു സർവ്വകലാശാലയ്ക്കും സാധിക്കാത്ത വിധം കേരള സംസ്ക്കാരത്തോടു നീതിക്കാട്ടുന്നതായിരിക്കും ഈ സർവ്വകലാശാല. ഒരു തരത്തിൽ പറഞ്ഞാൽ ഇത് കേരളസംസ്ക്കാര വിഷയകമായ ഒരു ഉപരിപഠനകേന്ദ്രമാണ്."

എത്ര നൂതനവും ചിന്തോദ്ദീപകവും ഫലദായകവുമാണ് ഈ സർവ്വകലാശാലാ ചിന്തകൾ എന്നോർക്കാം.■

# വസ്തു നികുതി പരിഷ്കരണം

## നടപടിക്രമങ്ങൾ

കെ. പ്രശാന്ത് കുമാർ

**വസ്തുനികുതി പരിഷ്ക്കരണത്തിന്റെയും നികുതി നിർണ്ണയത്തിന്റെയും നടപടിക്രമങ്ങളാണ് ഈ കുറിപ്പിൽ ചർച്ച ചെയ്യുന്നത്.**

കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും ഏതാണ്ട് രണ്ടു പതിറ്റാണ്ടുകളുടെ ഇടവേളയ്ക്കുശേഷം വസ്തു നികുതി പരിഷ്ക്കരണം നടത്തുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ചു വരുകയാണല്ലോ. വസ്തു നികുതി പരിഷ്ക്കരണത്തിന്റെ സമയക്രമം സംബന്ധിച്ച് 20.10.2011ലെ സ.ഉ.(സാ)നം.2414/2011/തസ്വഭവ പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കഴിഞ്ഞു. വസ്തുനികുതി പരിഷ്ക്കരണത്തിന്റെയും നികുതി നിർണ്ണയത്തിന്റെയും നടപടിക്രമങ്ങളാണ് ഈ കുറിപ്പിൽ ചർച്ച ചെയ്യുന്നത്.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 203, 207 വകുപ്പുകളും 1996ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ തുടങ്ങിയവയാണ് വസ്തു നികുതി നിർണ്ണയത്തിൽ പ്രസക്തമായ നിയമവും ചട്ടങ്ങളും.

203-ാം വകുപ്പിന് 2009ൽ വരുത്തിയ ഭേദഗതി മുഖേന കെട്ടിടങ്ങളെ വസ്തു നികുതി ചുമത്തുന്ന ആവശ്യത്തിലേക്കായി പാർപ്പിട ആവശ്യത്തിനുള്ളവ, വ്യാവസായിക ആവശ്യത്തിനുള്ളവ തുടങ്ങിയ വിവിധ വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. കെട്ടിടങ്ങളുടെ തറവിസ്തൃതിയുടെ അടിസ്ഥാനത്തിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെയും അതിന്റെ നിർമ്മിതിയുടെ ഘടകങ്ങളുടെയും അടിസ്ഥാനത്തിലുള്ള ഇളവുകളും വർദ്ധനവുകളും കൂടി കണക്കിലെടുത്ത് വസ്തു നികുതി നിർണ്ണയിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി 14.01.2011ലെ സ.ഉ.(അ) നമ്പർ 20/2011/തസ്വഭവ പ്രകാരം 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളും സ.ഉ.നമ്പർ 19/2011/തസ്വഭവ പ്രകാരം ഓരോ ഇനം കെട്ടിടങ്ങൾക്കും ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളും വിജ്ഞാപനം ചെയ്തിട്ടുണ്ട്. ചട്ടങ്ങളും നിരക്കുകളും 14.01.2011ലോ അതിനുശേഷമോ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് ഉടനെയും നിലവിലുള്ള കെട്ടിടങ്ങൾക്ക് 01.04.2011 മുതലുമാണ് ബാധകം.

**വസ്തു നികുതി നിർണ്ണയം നടത്തുന്ന വിധം**

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തെ പഞ്ചായത്ത് പ്രദേശത്ത് പ്രസ്തുത ഇനം കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്കു കൊണ്ട് ഗുണിച്ചാൽ ആ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി ലഭിക്കും. അതോടൊപ്പം വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ള ഇളവുകളും വർദ്ധനവുകളും വരുത്തിയ ശേഷം കിട്ടുന്ന തുകയാണ് കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി. താഴെപ്പറയുന്ന ഘടകങ്ങളാണ് വസ്തു നികുതിയിൽ വരുത്തുന്ന ഇളവുകൾക്കും വർദ്ധനവുകൾക്കും പരിഗണിക്കുന്നത്.

**ഇളവുകൾ**

1. കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല- പഞ്ചായത്ത് പ്രദേശത്തെ പ്രഥമ മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല എന്നിങ്ങനെ തരം തിരിക്കുന്നു. ദ്വിതീയ മേഖലയിൽ അടിസ്ഥാന വസ്തു നികുതിയിൽ 10 ശതമാനവും തൃതീയ മേഖലയിൽ 20 ശതമാനവും ഇളവ് അനുവദിക്കുന്നു.
2. പൊതുവഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള നടപ്പാതയിൽ നിന്ന് പ്രവേശനമാർഗ്ഗം - 15 ശതമാനം ഇളവ്
   പൊതുവഴി ഇല്ലാത്തതും വൈദ്യുതി ലൈൻ എത്താത്തതുമായ പ്രദേശം - 30 ശതമാനം ഇളവ്
3. തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ
   75 ച.മീറ്ററിൽ താഴെ - 25 ശതമാനം ഇളവ്
   75 ച.മീറ്ററിൽ അധികവും 125 ച.മീറ്ററിൽ താഴെയും - 10 ശതമാനം ഇളവ്
4. മേൽക്കൂരയുടെ അടിസ്ഥാനത്തിൽ
   ഓട്, ഷീറ്റ്, ഓല, പുല്ല് ഇവ കൊണ്ട് നിർമ്മിച്ച മേൽക്കൂര - 10 ശതമാനം ഇളവ്
5. കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ
   10 വർഷം മുതൽ 25 വർഷം വരെ പഴക്കം - 10% ഇളവ്
   25 വർഷം മുതൽ 50 വർഷം വരെ പഴക്കം - 20% ഇളവ്
   50 വർഷത്തിനു മേൽ പഴക്കം - 50% ഇളവ്

**വർദ്ധനവുകൾ**

1. പൊതുവഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, ഒന്നാം തരം റോഡ് എന്നിവയിൽ നിന്ന് പ്രവേശനമാർഗ്ഗം - 30% വർദ്ധനവ്
2. ജില്ലാ റോഡുകൾ, രണ്ടാംതരം റോഡുകൾ എന്നിവയിൽ നിന്ന് പ്രവേശനമാർഗ്ഗം - 20% വർദ്ധനവ്
3. തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ
   200 ച.മീ. മുതൽ 300 ച.മീറ്ററിൽ താഴെ - 10% വർദ്ധനവ്
   300 ച. മീറ്ററും അതിൽ അധികവും - 20% വർദ്ധനവ്
4. തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ
   മേൽത്തരം തടി, മാർബിൾ, ഗ്രാനൈറ്റ്, വിട്രിഫൈഡ്/ ഗ്ലേസ്ഡ് ടൈൽ തുടങ്ങിയ വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച തറ - 15 ശതമാനം വർദ്ധനവ്
5. ചുമർ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ
   മേൽത്തരം തടി തുടങ്ങിയ വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച ചുമർ - 15 ശതമാനം വർദ്ധനവ്
6. എയർ കണ്ടീഷനിംഗ് സൗകര്യമുള്ളത് - 10% വർദ്ധനവ്
7. ഉപയോഗ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ
   വാടകയ്ക്ക് നൽകിയിരിക്കുന്നത് - 50% വർദ്ധനവ്
   റിസോർട്ട്, സ്റ്റാർഹോട്ടൽ, മസാജ്പാർലർ - 75% വർദ്ധനവ്

മേൽപ്പറഞ്ഞ ഇളവുകളും വർദ്ധനവുകളും അനുവദിക്കുന്നതിനുള്ള ഘടകങ്ങൾ പരിഗണിക്കുമ്പോൾ താഴെപ്പറയുന്ന നിബന്ധനകൾ ബാധകമാണ്.

- പൊതുവഴി സൗകര്യം കണക്കാക്കുമ്പോൾ ഒരു കെട്ടിടത്തിന്റെ മുമ്പിലും വശത്തുമായി രണ്ടുതരം റോഡുകൾ ഉണ്ടെങ്കിൽ അവയിൽ പ്രധാനപ്പെട്ട റോഡിൽ നിന്ന് പ്രവേശനമാർഗ്ഗം ഉള്ളതായി കണക്കാക്കണം
- ഒരു പ്രധാന റോഡിൽ നിന്ന് 10 മീറ്റർ മാത്രം ദൂരത്തിലുള്ളതും പ്രസ്തുത റോഡിൽ നിന്ന് പ്രവേശന മാർഗ്ഗം ഇല്ലാത്തതുമായ കെട്ടിടത്തിന് പ്രസ്തുത റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ളതായി കണക്കാക്കണം.
- കെട്ടിടത്തിന്റെ കോൺക്രീറ്റ് മേൽക്കൂരയ്ക്കു മുകളിൽ മറ്റൊരു താൽക്കാലിക മേൽക്കൂരയുണ്ടെങ്കിലും കെട്ടിടത്തിന്റെ ശില്പഭംഗി വർദ്ധിപ്പിക്കുന്നതിനായി മേച്ചിലോട് പോലെയുള്ള വസ്തുക്കൾ പതിപ്പിച്ചിട്ടുണ്ടെങ്കിലും മേൽക്കൂര കോൺക്രീറ്റ് കൊണ്ടുള്ളതായി കണക്കാക്കും.
- കാലപ്പഴക്കം സംബന്ധിച്ച് തെളിവുകളൊന്നും ഇല്ലെങ്കിൽ അതിന്റെ അടിസ്ഥാനത്തിലുള്ള ഇളവ് അനുവദിക്കില്ല.
- മേൽക്കൂരയുടെ നിർമ്മിതി, തറയുടെ നിർമ്മിതി, ചുമരിന്റെ നിർമ്മിതി എന്നീ ഘടകങ്ങളിൽ ഒന്നിന്റെ ഒന്നിലധികം തരങ്ങൾ ഒരു കെട്ടിടത്തിന് ബാധകമാകുന്നുവെങ്കിൽ ആകെ തറ വിസ്തീർണ്ണത്തിന്റെ പകുതിയിലധികം ഭാഗത്തിന് ബാധകമായ തരത്തെ അടിസ്ഥാനമാക്കി ഇളവോ വർദ്ധനവോ അനുവദിക്കുന്നതാണ്.
- മറ്റു ഘടകങ്ങളുടെ ഒന്നിലധികം തരങ്ങൾ ഒരേ കെട്ടിടത്തിന് ബാധകമാണെങ്കിൽ അതത് ഭാഗത്തിന് ബാധകമായ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വസ്തു നികുതി കണക്കാക്കണം.
- വാണിജ്യ-ഓഫീസ് ആവശ്യങ്ങൾക്കുപയോഗിക്കുന്ന ബഹുനില കെട്ടിടങ്ങൾക്ക് ഭൂനിരപ്പിനു മുകളിലുള്ള ഓരോ നിലയ്ക്കും അതതു നിലയ്ക്ക് കണക്കാക്കിയ വസ്തു നികുതിയുടെ 5 ശതമാനം എന്ന തോതിൽ പരമാവധി 25 ശതമാനം വരെ ഇളവ് അനുവദിക്കും. അതായത് ഭൂനിരപ്പിനു മുകളിലുള്ള നിലയ്ക്ക് 5, അതിനു മുകളിലുള്ള നിലയ്ക്ക് 10 ശതമാനം എന്നിങ്ങനെ പരമാവധി 25 ശതമാനം വരെ ഇളവ് ലഭിക്കും. ഇത്തരം ഒരു ബഹുനില കെട്ടിടത്തിന്റെ ഭൂനിരപ്പിനു മുകളിലുള്ള ആറാമത് നില മുതൽ മുകളിലുള്ള എല്ലാ നിലകൾക്കും 25 ശതമാനം വീതം ഇളവ് ലഭിക്കും.

**ഇളവുകളുടെയും വർദ്ധനവുകളുടെയും കൂടിയ പരിധി**

- ഒരു കെട്ടിടത്തിന്റെ വസ്തുനികുതി കണക്കാക്കുമ്പോൾ അനുവദിക്കാവുന്ന ആകെ ഇളവ് അടിസ്ഥാന വസ്തു നികുതിയുടെ 75 ശതമാനത്തിൽ അധികമാകാൻ പാടില്ല.
- പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിക്കുമ്പോൾ തൊട്ടുമുമ്പ് നിലവിലുള്ള വസ്തുനികുതിയുടെ 60 ശതമാനത്തിലധികം വർദ്ധനവ് വരാൻ പാടില്ല. എന്നാൽ കെട്ടിടത്തിന് എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ഈ വ്യവസ്ഥ ബാധകമല്ല.

**കെട്ടിടങ്ങളും അവയുടെ തറവിസ്തീർണ്ണവും**

വസ്തു നികുതി ചുമത്തുന്നതിനായി കെട്ടിടങ്ങളും അവയുടെ തറവിസ്തീർണ്ണവും പരിഗണിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഇവയാണ്.

- കെട്ടിടത്തിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ എല്ലാ നിലകളിലുമുള്ള തറനിരപ്പിന്റെ ചുമർകനം ഉൾപ്പെടെയുള്ള വിസ്തീർണ്ണമാണ് പ്രസ്തുത കെട്ടിടത്തിന്റെ തറവിസ്തീർണ്ണമായി കണക്കാക്കേണ്ടത്.
- ഒരു പുരയിടത്തിൽ സ്ഥിതി ചെയ്യുന്നതും പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ചിട്ടുള്ളതല്ലാത്തതുമായ കെട്ടിടങ്ങളെ വ്യത്യസ്ത കെട്ടിടങ്ങളായി കണക്കാക്കണം.
- ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അവയ്ക്ക് വെവ്വേറെ കെട്ടിടനമ്പർ നൽകണം.
- ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ വെവ്വേറെ കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ പ്രസ്തുത ഭാഗങ്ങളെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി വസ്തു നികുതി നിർണ്ണയിക്കണം.
- ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കുമ്പോൾ അതിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോടു കൂട്ടിച്ചേർക്കണം.
- പ്രധാന കെട്ടിടത്തിൽ നിന്ന് വേറിട്ട് സ്ഥിതി ചെയ്യുന്ന കക്കൂസ്, വിറകുപുര, കാലിത്തൊഴുത്ത്, പക്ഷികൾക്കും മൃഗങ്ങൾക്കുമുള്ള കൂട്, കാർ ഷെഡ്, പമ്പ് ഹൗസ് എന്നിവ പോലുള്ള കെട്ടിടങ്ങൾ പ്രത്യേക കെട്ടിടമായി കണക്കാക്കേണ്ടതില്ലാത്തതും അതിന്റെ തറവിസ്തീർണ്ണം ഉൾപ്പെടുത്തേണ്ടതില്ലാത്തതുമാണ്.
- കെട്ടിടത്തോടനുബന്ധിച്ചുള്ള കാർപോർച്ചിന്റെ വിസ്തീർണ്ണം തറ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതില്ല.
- കെട്ടിടത്തോടനുബന്ധിച്ചുള്ള സ്വിമ്മിംഗ് പൂളിന്റെ വിസ്തീർണ്ണം തറ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

**പഞ്ചായത്ത് തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ**

മേൽപ്പറഞ്ഞ പ്രകാരം വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

**1. മേഖലകളായി തരം തിരിക്കൽ**

- വസ്തു നികുതി നിർണ്ണയത്തിനായി പഞ്ചായത്ത് പ്രദേശ

**1994ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 203, 207 വകുപ്പുകളും 1996ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ തുടങ്ങിയവയാണ് വസ്തു നികുതി നിർണ്ണയത്തിൽ പ്രസക്തമായ നിയമവും ചട്ടങ്ങളും.**

ത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ തരംതിരിക്കണം.

- താരതമ്യേന വികസിതമായ പ്രദേശങ്ങൾ പ്രഥമ മേഖലയായും വികസനസാദ്ധ്യതയുള്ള പ്രദേശങ്ങൾ ദ്വിതീയ മേഖലയായും മറ്റു പ്രദേശങ്ങൾ തൃതീയ മേഖലയായും തരം തിരിക്കണം.
- മേഖലകളുടെ തരംതിരിവ് സംബന്ധിച്ച് പൊതുജനങ്ങളുടെ ആക്ഷേപാഭിപ്രായങ്ങൾ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസ് ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിന് 30 ദിവസത്തെ സമയം നൽകിക്കൊണ്ട് പ്രസിദ്ധപ്പെടുത്തണം.
- ആക്ഷേപങ്ങൾ 15 ദിവസത്തിനകം തീർപ്പാക്കി മേഖലകൾ അന്തിമമായി നിശ്ചയിക്കണം.
- അന്തിമമായി നിശ്ചയിച്ച മേഖലകളെ സംബന്ധിച്ച നോട്ടീസ് പഞ്ചായത്ത് നോട്ടീസ് ബോർഡിലും മറ്റ് പൊതു സ്ഥലങ്ങളിലും പതിച്ച് പരസ്യപ്പെടുത്തണം.

**2. റോഡുകളുടെ തരംതിരിവ്**

- നാഷണൽ ഹൈവേ, സംസ്ഥാന ഹൈവേ, ജില്ലാ റോഡുകൾ എന്നിവ ഒഴികെയുള്ളതും അഞ്ചു മീറ്ററിലധികം വീതിയുള്ളതുമായ റോഡുകളെ ഒന്നാംതരം, രണ്ടാം തരം എന്നിങ്ങനെ തരംതിരിക്കണം.
- നാഷണൽ ഹൈവേ, സംസ്ഥാന ഹൈവേ എന്നിവയുടെ പ്രാധാന്യമോ നിലവാരമോ ഉള്ളവയെ ഒന്നാംതരമായും മറ്റുള്ളവയെ രണ്ടാം തരമായുമാണ് തരം തിരിക്കേണ്ടത്.
- നാഷണൽ ഹൈവേ, സംസ്ഥാന ഹൈവേ, ജില്ലാ റോഡുകൾ, ഒന്നാംതരം റോഡുകൾ, രണ്ടാം തരം റോഡുകൾ എന്നിവയുടെ വിവരം നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തണം.

**3. അടിസ്ഥാന വസ്തു നികുതി നിരക്ക് നിശ്ചയിക്കൽ**

- ഓരോ ഇനം കെട്ടിടങ്ങൾക്കും ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക നിർദ്ദേശങ്ങൾ സംബന്ധിച്ച നോട്ടീസ് പൊതുജനങ്ങളുടെ ആക്ഷേപാഭിപ്രായങ്ങൾ സമർപ്പിക്കുന്നതിന് 30 ദിവസത്തെ സമയം നൽകിക്കൊണ്ട് പ്രസിദ്ധപ്പെടുത്തണം
- നോട്ടീസ് ആഫീസ് നോട്ടീസ് ബോർഡിലും പഞ്ചായത്ത് പ്രദേശത്ത് പ്രചാരമുള്ള ഒരു ദിനപ്പത്രത്തിലും പഞ്ചായത്ത് നിർദ്ദേശിക്കുന്ന മറ്റു സ്ഥലങ്ങളിലും പ്രസിദ്ധപ്പെടുത്തണം.
- ഗ്രാമപഞ്ചായത്ത് അന്തിമമായി നിശ്ചയിക്കുന്ന അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സംബന്ധിച്ച വിജ്ഞാപനം ആഫീസ് നോട്ടീസ് ബോർഡിലും പഞ്ചായത്ത് പ്രദേശത്ത് പ്രചാരമുള്ള രണ്ടു ദിനപ്പത്രങ്ങളിലും പഞ്ചായത്ത് നിർദ്ദേശിക്കുന്ന മറ്റു സ്ഥലങ്ങളിലും പ്രസിദ്ധപ്പെടുത്തണം.

**4. കെട്ടിടങ്ങൾക്ക് നമ്പർ നൽകൽ**

- വസ്തുനികുതി നിർണ്ണയം സംബന്ധിച്ച നടപടികളുടെ ഭാഗമായി ഓരോ ഗ്രാമ പഞ്ചായത്തും അതിന്റെ പ്രദേശത്ത് നിലവിലുള്ള കെട്ടിടങ്ങൾക്ക് നിലവിലുള്ള വാർഡടിസ്ഥാനത്തിൽ പുതിയ കെട്ടിട നമ്പർ നൽകേണ്ടതുണ്ട്.
- 8.5 സെ.മീ. നീളം 5.5 സെ.മീ. വീതി 0.3 മി.മീ.കനമുള്ള പി.വി.സി. പ്ലേറ്റിൽ മഞ്ഞ പ്രതലത്തിൽ കറുത്ത അക്ഷരത്തിലാണ് നമ്പർ പ്ലേറ്റ് തയ്യാറാക്കേണ്ടത്.
- ഒരു നമ്പർ പ്ലേറ്റിന് പരമാവധി 3.50 രൂപ വിലയായി നൽകാവുന്നതാണ്. നമ്പർ പ്ലേറ്റ് പതിക്കുന്നതിന് 3.00 രൂപയും ചെലവഴിക്കാം.

**5. വസ്തു നികുതി നിർണ്ണയം സംബന്ധിച്ച പൊതു നോട്ടീസ് നൽകൽ**

- അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിക്കൽ, മേഖലാ നിർണ്ണയം, റോഡുകളുടെ തരംതിരിവ് എന്നീ നടപടിക്രമങ്ങൾ പൂർത്തിയായിക്കഴിഞ്ഞാൽ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച റിട്ടേൺ സമർപ്പിക്കാൻ കെട്ടിട ഉടമകളോട് ആവശ്യപ്പെട്ടുകൊണ്ടുള്ള പൊതുനോട്ടീസ് പ്രസിദ്ധപ്പെടുത്താവുന്നതാണ്.
- റിട്ടേൺ സമർപ്പിക്കുന്നതിന് അറുപത് ദിവസത്തെ സമയം അനുവദിക്കണം.
- നോട്ടീസിന് വ്യാപകമായ പ്രചാരണം നൽകേണ്ടതും അതിന്റെ സംക്ഷിപ്തം പഞ്ചായത്ത് പ്രദേശത്ത് പ്രചാരമുള്ള രണ്ടു ദിനപ്പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

**6. വസ്തുനികുതി റിട്ടേൺ സ്വീകരിക്കൽ**

- വസ്തുനികുതി നിർണ്ണയം സംബന്ധിച്ച പൊതു നോട്ടീസ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം എല്ലാ കെട്ടിട ഉടമകളും റിട്ടേൺ സമർപ്പിക്കണം.
- ന്യായമായ കാരണങ്ങളിൽ സമയപരിധി 30 ദിവസം വരെ ദീർഘിപ്പിച്ചു നൽകാം. എന്നാൽ ഈ കാലയളവിൽ നികുതി യഥാസമയം നൽകാൻ കഴിയാതെ വന്നാലുള്ള പിഴ നൽകാൻ കെട്ടിട ഉടമ ബാദ്ധ്യസ്ഥനായിരിക്കും.
- കെട്ടിട ഉടമയ്ക്ക് വസ്തു നികുതി റിട്ടേൺ സമർപ്പിക്കുമ്പോൾ കൈപ്പറ്റു രസീത് നൽകണം.
- റിട്ടേണിലെ വിവരങ്ങൾ വസ്തുനികുതി റിട്ടേൺ രജിസ്റ്ററിൽ രേഖപ്പെടുത്തണം.
- കെട്ടിട ഉടമ സമർപ്പിച്ച റിട്ടേൺ പരിശോധിച്ച് വസ്തു നികുതി താല്ക്കാലികമായി നിർണ്ണയിക്കാവുന്നതും പ്രസ്തുത വിവരം ഉടമയെ അറിയിക്കേണ്ടതുമാണ്.

**7. കെട്ടിടങ്ങളുടെ വിവരശേഖരണവും വസ്തുനികുതി നിർണ്ണയവും**

- കെട്ടിട ഉടമ നൽകിയ റിട്ടേണിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി താത്ക്കാലികമായി നിർണ്ണയിച്ച കേസുകളിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആറു മാസത്തിനകം കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ സ്ഥലത്തു പോയി ശേഖരിക്കണം.
- ശേഖരിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം ഭേദഗതി ചെയ്യുകയോ സ്ഥിരപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.
- വിവരശേഖരണത്തിന് ഓരോ വീടിനും 8 രൂപ നിരക്കിൽ നൽകാം. ശേഖരിക്കുന്ന വിവരങ്ങൾ അന്നന്നു തന്നെ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി നടത്തുകയും ചെയ്യണം.
- വസ്തുനികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങൾ വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും ഡിമാന്റ് രജിസ്റ്ററിലും രേഖപ്പെടുത്തി സൂക്ഷിക്കണം. വസ്തു നികുതി നിർണ്ണയ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവയിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഒരു കെട്ടിടത്തിന് ഒരു രൂപ നിരക്കിൽ തുക ചെലവഴിക്കാവുന്നതാണ്.

**8. ഡിമാന്റ് നോട്ടീസ് നൽകൽ**

- വസ്തു നികുതി നിർണ്ണയിച്ചു കഴിഞ്ഞാൽ നികുതി ചുമത്തുന്നതിനായി നിർദ്ദിഷ്ട ഫാറത്തിലുള്ള ഡിമാന്റ് നോട്ടീസ് കെട്ടിട ഉടമയ്ക്കോ ഏജൻറിനോ നൽകി നോട്ടീസിന്റെ പകർപ്പിൽ കൈപ്പറ്റ് രസീത് വാങ്ങണം.

## മറ്റു വ്യവസ്ഥകൾ

### നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ

- നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 'യു.എ.'എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷവും ചേർത്താണ് നമ്പർ നൽകേണ്ടത്.
- വസ്തു നികുതി ചുമത്തുന്നതിനല്ലാതെ മറ്റു യാതൊരാവശ്യത്തിനും നമ്പർ ഉപയോഗിക്കാൻ പാടില്ല.
- ഡിമാന്റ് നോട്ടീസിൽ, വസ്തുനികുതി ചുമത്തുന്നതു മൂലം കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കപ്പെട്ടതായി കണക്കാക്കാവുന്നതല്ലെന്നും നടപടിയെടുക്കുന്നതിന് ഇത് തടസ്സമായിരിക്കില്ലെന്നും കെട്ടിടം പൊളിച്ചുമാറ്റുന്നതുവരെ വസ്തു നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥമായിരിക്കുമെന്നുമുള്ള വിവരങ്ങൾ രേഖപ്പെടുത്തണം.
- നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ വ്യാപാരത്തിനോ വ്യവസായത്തിനോ ഉപയോഗിക്കുന്നതിന് അനുമതിയോ ലൈസൻസോ നൽകാൻ പാടില്ല.

### കെട്ടിടത്തിലും ഉപയോഗക്രമത്തിലുമുള്ള മാറ്റങ്ങൾ

- വസ്തു നികുതി നിർണ്ണയത്തിനു ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ മറ്റേതെങ്കിലും ഘടകങ്ങളിലോ ഉണ്ടാകുന്ന മാറ്റം സംബന്ധിച്ച വിവരം 30 ദിവസത്തിനകം കെട്ടിട ഉടമ സെക്രട്ടറിയെ രേഖാമൂലം അറിയിക്കണം.

### വസ്തു നികുതി ഒടുക്കൽ

- വാർഷിക വസ്തുനികുതി രണ്ട് അർദ്ധവാർഷിക ഗഡുക്കളായി ഒടുക്കേണ്ടതാണ്. അതത് അർദ്ധവർഷം അവസാനിക്കുന്ന തീയതിയിലോ അതിനുമുമ്പോ ഒരോ ഗഡുവും ഒടുക്കിയിരിക്കണം.
- വാർഷിക വസ്തുനികുതിയുടെ രണ്ട് ഗഡുക്കളും ആദ്യ അർദ്ധവർഷം തന്നെ ഒറ്റത്തവണയായി ഒടുക്കുന്നതിന് തടസമില്ല.

### കൈവശക്കാരനിൽ നിന്ന് നികുതി

- കെട്ടിട ഉടമ വസ്തുനികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ കൈവശക്കാരനോട് 15 ദിവസത്തിൽ കുറയാത്ത കാലയളവിനുള്ളിൽ നികുതി ഒടുക്കാൻ ആവശ്യപ്പെടാവുന്നതാണ്. നികുതി ഒടുക്കുവാൻ കൈവശക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും ഒടുക്കിയ തുക ഉടമയിൽ നിന്ന് അയാൾക്ക് ഈടാക്കാവുന്നതുമാണ്.

അപ്പീലും റിവിഷനും, ഒഴിഞ്ഞുകിടക്കുന്ന കെട്ടിടത്തിന് നികുതി ഇളവ്, ഉടമസ്ഥതയിലുള്ള മാറ്റം, കെട്ടിടം പൊളിച്ചുകളയുകയോ പുതുക്കിപ്പണിയുകയോ ചെയ്യൽ മുതലായവ സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ ഏറെക്കുറെ മാറ്റമില്ലാതെ പുതിയ ചട്ടത്തിലും തുടരുന്നു.

### സേവന ഉപനികുതി

- കെട്ടിടം സ്ഥിതി ചെയ്യുന്നയിടത്തോ അതിന്റെ സമീപ പ്രദേശത്തോ ഏർപ്പെടുത്തിയിട്ടുള്ള സേവനങ്ങൾക്ക് വസ്തു നികുതിയുടെ നിശ്ചിത നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.
- ഒരു പ്രദേശത്തെ കെട്ടിടങ്ങൾക്ക് സേവനം ലഭ്യമാക്കുന്നില്ലെന്ന കാരണത്താൽ ആ പ്രദേശത്തെ കെട്ടിടങ്ങളെ സേവന ഉപനികുതി ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാവുന്നതാണ്.
- സേവന ഉപനികുതി താഴെപ്പറയുന്ന നിരക്കിൽ കുറയാൻ പാടില്ല.

| ക്രമ നം. | സേവനം | കുറഞ്ഞ നിരക്ക് |
|---|---|---|
| 1 | ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% |
| 2 | ജലവിതരണം | വസ്തു നികുതിയുടെ 3% |
| 3 | തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% |
| 4 | ഡ്രെയിനേജ് | വസ്തു നികുതിയുടെ 1% |

- സേവന ഉപനികുതി നിർണ്ണയത്തിനും വസ്തു നികുതി നിർണ്ണയം സംബന്ധിച്ച നടപടിക്രമങ്ങൾ ബാധകമാണ്.

### പിഴ ചുമത്തൽ

വിവിധചട്ടങ്ങളുടെ ലംഘനത്തിന് പിഴ ചുമത്തുന്നതിന് വ്യവസ്ഥയുണ്ട്. അവയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ലംഘനത്തിന്റെ വിവരം | ശിക്ഷ |
|---|---|---|
| 1 | സെക്രട്ടറിയുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ വസ്തു നികുതി, റിട്ടേൺ പ്രകാരമുള്ള വസ്തു നികുതിയെക്കാൾ 5 % മുതൽ 10% വരെ അധികമാണെങ്കിൽ | അധിക തുകയുടെ ഇരട്ടി |
| 2 | സെക്രട്ടറിയുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ വസ്തുനികുതി, റിട്ടേൺ പ്രകാരമുള്ള വസ്തു നികുതിയെക്കാൾ 10% അധികമാണെങ്കിൽ | അധിക തുകയുടെ പത്തിരട്ടി |
| 3 | അനുവദിക്കപ്പെട്ട സമയപരിധിക്കകം വസ്തു നികുതി റിട്ടേൺ സമർപ്പിക്കാതിരുന്നാൽ | ആദ്യത്തെ 10 ദിവസത്തെ കാലതാമസത്തിന്– 50 രൂപ<br>11 മുതൽ 30 ദിവസംവരെ കാലതാമസത്തിന്– 100 രൂപ<br>തുടർന്നുള്ള കാലതാമസത്തിന് – ഓരോ ദിവസത്തിനും 10 രൂപ വീതം |
| 4 | കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വരുത്തിയ മാറ്റം യഥാസമയം അറിയിക്കാതിരുന്നാൽ | പുതുക്കിയ വസ്തു നികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് കുറഞ്ഞത് 1000 രൂപ |
| 5 | കെട്ടിടത്തിന്റെ കൈമാറ്റം സംബന്ധിച്ച് നിശ്ചിത സമയത്തിനകം സെക്രട്ടറിക്ക് നോട്ടീസ് നൽകുന്നതിനോ രേഖകൾ ഹാജരാക്കുന്നതിനോ വീഴ്ച വരുത്തിയാൽ | പരമാവധി 500 രൂപ |
| 6 | യഥാസമയം വസ്തു നികുതി ഒടുക്കിയില്ലെങ്കിൽ | ബന്ധപ്പെട്ട അർദ്ധവർഷം അവസാനിച്ച ശേഷം പ്രതിമാസം ഒരു ശതമാനം |

### നികുതി ഒഴിവായിട്ടുള്ള കെട്ടിടങ്ങൾ

താഴെപ്പറയുന്ന വിഭാഗം കെട്ടിടങ്ങളെ വസ്തു നികുതി

**വസ്തു നികുതി പരിഷ്കരണം-സമയക്രമം**

| ക്രമ നമ്പർ | നടപടി | സമയപരിധി |
|---|---|---|
| 1 | മേഖലാവിഭജനം, നികുതി നിരക്ക് നിശ്ചയിക്കൽ, റോഡുകളുടെ തരംതിരിവ്- നോട്ടീസ് പ്രസിദ്ധീകരിക്കൽ | 30.10.2011 |
| 2 | നമ്പർ പ്ലേറ്റ് വാങ്ങൽ | 30.11.2011 |
| 3 | മേഖലാ വിഭജനം, നികുതി നിരക്ക്, റോഡുകളുടെ തരംതിരിവ്-അന്തിമമായി നിശ്ചയിക്കൽ | 30.12.2011 |
| 4 | നികുതി നിർണ്ണയം സംബന്ധിച്ച പൊതു അറിയിപ്പ് | 10.01.2012 |
| 5 | കെട്ടിടങ്ങളിൽ നമ്പർ പ്ലേറ്റ് പതിക്കൽ | 20.01.2012 |
| 6 | കെട്ടിട ഉടമകൾ റിട്ടേൺ സമർപ്പിക്കേണ്ട അവസാന തീയതി | 31.01.2012 |
| 7 | അസസ്മെന്റ് രജിസ്റ്റർ തയ്യാറാക്കൽ | 15.02.2012 |
| 8 | നികുതിദായകർക്ക് ഡിമാന്റ് നോട്ടീസ് നൽകൽ | 29.02.2012 |

യിൽ നിന്നും ഒഴിവാക്കുന്നതിന് 1994ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, 207-ാം വകുപ്പുപ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു.

- ➢ പൊതു ആരാധനയ്ക്കും അനുബന്ധാവശ്യങ്ങൾക്കും നീക്കിവച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾ.
- ➢ സർക്കാർ, എയ്ഡഡ് അല്ലെങ്കിൽ സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ ആവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും.
- ➢ രോഗികൾക്ക് സൗജന്യമായി ചികിത്സ ലഭ്യമാക്കുന്ന ആതുരാലയങ്ങൾ.
- ➢ അഗതികൾക്കോ അനാഥർക്കോ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കോ മാരകരോഗികൾക്കോ മൃഗങ്ങൾക്കോ അഭയം നൽകുന്നതും ധർമ്മകാര്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതും എല്ലാ ജനവിഭാഗങ്ങൾക്കും പ്രവേശനം നൽകുന്നതുമായ കെട്ടിടങ്ങൾ.
- ➢ പൊതുജനങ്ങൾക്ക് പ്രവേശനമുള്ള ഗ്രന്ഥശാലകളും വായനശാലകളും കളിസ്ഥലങ്ങളും.
- ➢ പ്രാചീനസ്മാരകങ്ങളും വാസഗൃഹങ്ങളായോ പൊതുഓഫീസുകളായോ ഉപയോഗിക്കാത്ത അവയുടെ ഭാഗങ്ങളും.
- ➢ ശവം അടക്കുകയും ദഹിപ്പിക്കുകയും ചെയ്യുന്ന സ്ഥലങ്ങൾ.
- ➢ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വകയോ വിട്ടുകിട്ടിയ സ്ഥാപനങ്ങളോട് അനുബന്ധിച്ചതോ ആയ കെട്ടിടങ്ങൾ.
- ➢ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വാസഗൃഹമായി ഉപയോഗിക്കുന്ന 30 ച.മീറ്ററിൽ താഴെയുള്ള കെട്ടിടം.
- ➢ സർക്കാരോ അർദ്ധസർക്കാർ സ്ഥാപനങ്ങളോ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യമായി നിർമ്മിച്ചു കൊടുത്ത വീടുകൾ.

വാടക ഈടാക്കുന്ന കെട്ടിടങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗ്രന്ഥശാലകൾ മുതലായവയോടു ചേർന്നുള്ള വാസഗൃഹങ്ങൾക്കും മേൽപ്പറഞ്ഞ ഇളവ് ബാധകമല്ല. മൺഭിത്തിയോടു കൂടിയതും ഓലയോ ഏതെങ്കിലും ഭാരം കുറഞ്ഞ ഷീറ്റോ മേഞ്ഞ മേൽക്കൂരയോടു കൂടിയതും ഇരുപത് ച.മീ.ൽ കുറവായതുമായ വാസഗൃഹങ്ങൾക്ക് അനുവദനീയമായിരുന്ന ഇളവ് 2009ലെ ഭേദഗതിയോടെ നിലവിലില്ലാതായതിനാൽ കുടിൽ എന്ന നിലയിൽ മാത്രം ഏതെങ്കിലും കെട്ടിടത്തിന് നികുതി ഒഴിവാക്കുന്നതിന് വ്യവസ്ഥയില്ല.

വസ്തു നികുതിയിൽ ഒഴിവാക്കപ്പെട്ട ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ കെട്ടിടങ്ങളെ സംബന്ധിച്ച് ഫാറം നമ്പർ 2എയിലുള്ള റിട്ടേൺ സമർപ്പിക്കേണ്ടതാണ്.

**പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം**

പുതുതായി കെട്ടിടം പണിയുകയോ പുതുക്കിപ്പണിയുകയോ ചെയ്യുന്നയാൾ പണി പൂർത്തിയാവുകയോ ഉപയോഗിക്കുകയോ ചെയ്യുന്ന തീയതി മുതൽ 15 ദിവസത്തിനകം അതു സംബന്ധിച്ച നോട്ടീസും വസ്തുനികുതി റിട്ടേണും നൽകേണ്ടതാണ്.

**കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് സർവ്വീസ് ചാർജ്**

കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് ശുചിത്വപരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ പൂർണ്ണതോതിൽ ലഭ്യമാക്കുന്നുവെങ്കിൽ കെട്ടിടത്തിന് കണക്കാക്കപ്പെടാവുന്ന വസ്തുനികുതിയുടെ 75 ശതമാനവും ഭാഗികമായി ലഭ്യമാക്കുന്നുവെങ്കിൽ 50 ശതമാനവും സേവനങ്ങളൊന്നും പ്രത്യേകമായി ലഭ്യമാക്കാത്ത സംഗതിയിൽ $33^{1}/3$ ശതമാനവും സർവ്വീസ് ചാർജായി ഈടാക്കാവുന്നതാണ്.

**വസ്തു നികുതി നിർണ്ണയം - ഉദാഹരണങ്ങൾ**

1. പ്രഥമ മേഖലയിൽ സ്ഥിതി ചെയ്യുന്ന പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം. നാഷണൽ ഹൈവേയിൽ നിന്ന് പ്രവേശനമാർഗ്ഗം. കാർപോർച്ച് ഉൾപ്പടെ 150.4 ച.മീ തറ വിസ്തീർണ്ണം. കാർ പോർച്ചിന് 23 ച.മീ. തറവിസ്തീർണ്ണമുണ്ട്. കോൺക്രീറ്റ് മേൽക്കൂര, തറ ഗ്ലേസ്ഡ് ടൈൽസ് പാകിയത്. 2008ൽ-നിർമ്മിച്ച കെട്ടിടത്തിന്റെ നിലവിലുള്ള വസ്തു നികുതി 1296 രൂപ. പഞ്ചായത്ത് പ്രദേശത്ത് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് 6 രൂപ.

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം - 127.4 ച.മീ.

അടിസ്ഥാന വസ്തു നികുതി - 127.4 x 6 = 764.40(765 രൂപ)

*ഇളവുകളും വർദ്ധനവുകളും*

ഇളവുകൾ ഇല്ല.

*വർദ്ധനവുകൾ*

വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ - 30%

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ - 15%

ആകെ വർദ്ധനവ് - 45% = 765 x 45% = 344.25 രൂപ

കെട്ടിടത്തിന്റെ പുതുക്കിയ വാർഷിക വസ്തു നികുതി =
**765+344.25=1109.25 = 1110 രൂപ**

2. ദ്വിതീയ മേഖലയിൽ ജില്ലാ റോഡിനോടു ചേർന്നുള്ള വസ്തുവിലുള്ള വാസഗൃഹത്തിന്റെ ആകെ തറ വിസ്തീർണ്ണം 324.6 ച.മീ. കോൺക്രീറ്റ് മേൽക്കൂര, ഗ്രാനൈറ്റ് തറ. കെട്ടിടം വാടകയ്ക്ക് കൊടുത്തിരിക്കുന്നു. നിലവിലുള്ള വസ്തു നികുതി 1944 രൂപ. ഒടുവിൽ നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിലോ ഉപയോഗക്രമത്തിലോ മാറ്റം വരുത്തിയിട്ടില്ല.

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം - 324.6 ച.മീ.

അടിസ്ഥാന വസ്തു നികുതി - 324.6 x 6 - 1947.6(1948 രൂപ)

*ഇളവുകളും വർദ്ധനവുകളും*

ഇളവുകൾ ഇല്ല.






**കെട്ടിടങ്ങളുടെ വിഭാഗങ്ങളും അവയുടെ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ പരിധികളും**

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണം | അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ പരിധികൾ (രൂപ) | |
|---|---|---|---|
| | | കുറഞ്ഞത് | കൂടിയത് |
| 1 | പാർപ്പിട ആവശ്യത്തിനുള്ളവ | 3 | 8 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ<br>ഹോട്ടലുകൾ, റസ്റ്റാറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ<br>(1)100 ച.മീ. വരെ തറവിസ്തീർണ്ണമുള്ളവ<br>(2)100 ച.മീ. നു മുകളിൽ | <br><br>30<br>50 | <br><br>60<br>70 |
| | സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ<br>(3) 200 ച.മീ. വരെ തറവിസ്തീർണ്ണമുള്ളവ<br>(4) 200 ച.മീ. നു മുകളിൽ തറവിസ്തീർണ്ണമുള്ളവ | <br>30<br>70 | <br>60<br>90 |
| | (5) ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്ററുകൾ, ഫ്യുവൽ സ്റ്റേഷൻ | 30 | 60 |
| 3 | ആഫീസ് ആവശ്യത്തിനുള്ളവ | 30 | 50 |
| 4 | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 3 | 8 |
| 5 | ആശുപത്രികൾ | 3 | 8 |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമാ തീയേറ്റർ, കല്യാണ മണ്ഡപം, ലോഡ്ജ് | 20 | 40 |
| 7 | വ്യവസായ ആവശ്യത്തിനുള്ളവ<br>(1)കൈത്തറി ഷെഡ്, കയർപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, കോഴി വളർത്തൽ ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, കരകൗശല നിർമ്മാണ ഷെഡ്, പട്ടുനൂൽ ഷെഡ്, സ്റ്റോറേജ് ഷെഡ്, പീലിംഗ് ഷെഡ്, കൈത്തൊഴിൽ ഷെഡ്, ഇഷ്ടികച്ചൂള, തടിമില്ല് | 10 | 20 |
| | (2) ഇതര വ്യവസായങ്ങൾക്കുള്ളവ | 40 | 60 |
| 8 | റിസോർട്ടുകൾ | 80 | 90 |
| 9 | അമ്യൂസ്മെന്റ് പാർക്ക് | 20 | 40 |
| 10 | മൊബൈൽ ടെലഫോൺ ടവർ | 400 | 500 |

**കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തെ പഞ്ചായത്ത് പ്രദേശത്ത് പ്രസ്തുത ഇനം കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്കു കൊണ്ട് ഗുണിച്ചാൽ ആ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി ലഭിക്കും. അതോടൊപ്പം വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ള ഇളവുകളും വർദ്ധനവുകളും വരുത്തിയ ശേഷം കിട്ടുന്ന തുകയാണ് കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി**

* * * * * * * * * * * * *

**പഞ്ചായത്ത് പ്രദേശത്തെ പ്രഥമ മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല എന്നിങ്ങനെ തരംതിരിക്കുന്നു. ദ്വിതീയ മേഖലയിൽ അടിസ്ഥാന വസ്തു നികുതിയിൽ 10 ശതമാനവും തൃതീയ മേഖലയിൽ 20 ശതമാനവും ഇളവ് അനുവദിക്കുന്നു.**

*വർദ്ധനവുകൾ*

വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ -20%

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ - 15%

ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ - 50%

ആകെ വർദ്ധനവ് = 85% = 1948 x 85% = 1655.8 രൂപ

ഒടുവിൽ നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിലോ ഉപയോഗക്രമത്തിലോ മാറ്റം വരുത്തിയിട്ടില്ലാത്തതിനാൽ വർദ്ധനവിന്റെ പരിധി നിലവിലുള്ള നികുതിയുടെ 60%

വർദ്ധനവ്- 1944 x 60% = 1166.4 രൂപ

കെട്ടിടത്തിന്റെ പുതുക്കിയ വാർഷിക വസ്തു നികുതി=
**1944+1166.4=3110.4=3111രൂപ**

3. പ്രഥമ മേഖലയിൽ സ്ഥിതി ചെയ്യുന്ന ത്രീ സ്റ്റാർ ഹോട്ടൽ. തറ വിസ്തീർണ്ണം 3124.6 ച.മീ. കോൺക്രീറ്റ് മേൽക്കൂര, തറ ഗ്രാനൈറ്റും ഗ്ലേസ്ഡ് ടൈൽസും, മുറികൾ പൂർണ്ണമായും എയർ കണ്ടീഷൻ ചെയ്തത്. സംസ്ഥാന ഹൈവേയോടു ചേർന്ന് സ്ഥിതി ചെയ്യുന്നു. 2000മാണ്ടിൽ പണി പൂർത്തിയാക്കിയ കെട്ടിടത്തിന്റെ നിലവിലുള്ള നികുതി 194400 രൂപ. അടിസ്ഥാന വസ്തു നികുതി നിരക്ക്-60 രൂപ

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം - 3124.6 ച.മീ.

അടിസ്ഥാന വസ്തു നികുതി - 3124.6 ঃ 60 - 187476 രൂപ

*ഇളവുകളും വർദ്ധനവുകളും*

*ഇളവുകൾ*

കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ - 10%

ആകെ ഇളവ് - 10% = 187476 x 10% = 18747.6 രൂപ

*വർദ്ധനവുകൾ*

വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ -30%

തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ - 15%

തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ - 20%

എയർകണ്ടീഷൻ സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ - 10%

സ്റ്റാർ ഹോട്ടൽ - 75 %

ആകെ വർദ്ധനവ് - 150% = 187476 x 150% = 281214 രൂപ

കെട്ടിടത്തിന്റെ പുതുക്കിയ വാർഷിക വസ്തു നികുതി =
**187476-18747.6+281214=449942.4 =449943 രൂപ** ■


*ലേഖകൻ പുളിമാത്ത് പഞ്ചായത്ത് സെക്രട്ടറിയാണ്*
*ഫോൺ : 9447452664*

# അധികാരവും പ്രയോഗതന്ത്രവും

(അവസാനഭാഗം)

അഡ്വ: കെ. പുഷ്പരാജൻ ആചാരി





## പെർമിറ്റ് റദ്ദ് ചെയ്യൽ

കെട്ടിടനിർമ്മാണം നടത്തുന്നതിന് നൽകിയ പെർമിറ്റ് റദ്ദുചെയ്യാനുള്ള നടപടിക്രമങ്ങളും അതീവ ജാഗ്രതയോടെയാണ് പാലിക്കേണ്ടത്. വ്യാപാര-വ്യവസായങ്ങൾക്കു നൽകുന്ന ലൈസൻസ് പോലെ കെട്ടിട നിർമ്മാണ പെർമിറ്റുകളും അപേക്ഷകന് ചില അവകാശങ്ങൾ നൽകുന്നതാണ്. പെർമിറ്റ് സമ്പാദിച്ചശേഷം ധനസമാഹരണം, സാമഗ്രികൾ ഒരുക്കൽ, നിർമ്മാണത്തിനാവശ്യമായ മറ്റു തയ്യാറെടുപ്പ് നടത്തൽ, നിർമ്മാണപ്രവർത്തനം ആരംഭിക്കൽ മുതലായവ പെർമിറ്റ് ഹോൾഡർ നടത്തിയിരിക്കാം. നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം മാത്രമേ പെർമിറ്റ് റദ്ദു ചെയ്തുകൊണ്ട് ഉത്തരവ് പാസ്സാക്കാൻ നിയമം അനുവദിക്കുന്നുള്ളു. അല്ലെങ്കിൽ ഉത്തരവ് അസാധുവാക്കപ്പെടും. അതിനായുള്ള ഘട്ടങ്ങൾ താഴെപറയുന്നവയാണ്.

(1) അന്വേഷണ റിപ്പോർട്ട് സമഗ്രമായി തയ്യാറാക്കുക.
(2) കാരണം കാണിക്കൽ നോട്ടീസ് നൽകുക.
(3) നേരിൽ കേൾക്കുക.
(4) മറുപടി/മൊഴി പരിശോധിക്കുക.
(5) അന്തിമ ഉത്തരവ് പാസ്സാക്കുക.

നോട്ടീസ് നൽകിയാണ് സ്ഥലപരിശോധന നടത്തുന്നതെങ്കിൽ അത് മഹസ്സറിന്റെ തലക്കെട്ടിൽ സൂചിപ്പിച്ചിരിക്കണം. പരിശോധിക്കുന്നത് താമസമാക്കിയ കെട്ടിടമാണെങ്കിൽ നോട്ടീസ് നൽകിയിരിക്കണം. കെട്ടിടത്തിന്റെ കൈവശക്കാരനാണ് നോട്ടീസ് നൽകേണ്ടത്. മറിച്ച് ഉടമയ്ക്കല്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 241-ഉം തത്സംബന്ധമാക്കിയിട്ടുള്ള കേരള പഞ്ചായത്ത് രാജ് (റെസ്ട്രിക്ഷൻസ് ആന്റ് കണ്ടീഷൻസ് ഓൺ ദ പവേർസ് ഓഫ് എൻട്രീസ് ആൻറ് ഇൻസ്പെക്ഷൻ) ചട്ടങ്ങൾ, 4 അനുസരിച്ചാണ് നോട്ടീസ് നൽകേണ്ടത്. കുറഞ്ഞത് 24 മണിക്കൂർ നോട്ടീസ് നൽകിയിരിക്കണം. അല്ലെങ്കിൽ കെട്ടിടത്തിൽ പ്രവേശിക്കാൻ കൈവശക്കാരന്റെ സമ്മതം ആവശ്യമാണ്.





പഞ്ചായത്ത് രാജ്

**ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി ഉത്തരവിറക്കുമ്പോൾ ആദ്യാന്ത്യം അത് സ്വയം സംസാരിക്കുന്നതായിരിക്കണം. ഉത്തരവിൽ ആമുഖമായി ഏത് അധികാരം ഉപയോഗിച്ചാണ് ഉത്തരവിറക്കുന്നതെന്ന് പരാമർശിക്കണം. നോട്ടീസ് രൂപത്തിലും ഉത്തരവിറക്കുന്നതിൽ അപാകതയില്ല. ഉത്തരവിറക്കുമ്പോൾ തനിച്ചും സ്വതന്ത്രവുമായ അധികാരമുപയോഗിച്ചാണ് അത് പുറപ്പെടുവിക്കാൻ പോകുന്നതെന്ന് സ്വയം മനസ്സിലാക്കണം.**

സ്ഥലപരിശോധനയും കെട്ടിട പരിശോധനയും നടത്തുന്ന തീയതിയും സമയവും റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കണം. മാത്രവുമല്ല സൈറ്റിന്റെ ലൊക്കേഷൻ ചിത്രീകരിക്കണം. ഭൂമിയുടെ സർവ്വേ നമ്പർ കാണിച്ചിരിക്കേണ്ടതാണ്. റോഡ്/നടപ്പാത, തോട് എന്നിവയുണ്ടെങ്കിൽ അതിൽ ചേർന്ന് കിടക്കുന്ന വസ്തുവിന്റെ ദിക്ക് വ്യക്തമാക്കിയിരിക്കണം. മറ്റ് അതിർത്തികളുടെ ദിക്കും തൊട്ടടുത്ത വസ്തുവിന്റെ ഉടമയുടെ പേരും ചേർത്തിരിക്കണം.

കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടുള്ളതോ പൂർത്തിയാക്കിയതോ ആയ കെട്ടിടഭാഗങ്ങളുടെയോ കെട്ടിടങ്ങളുടെയോ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തണം. അവ ഒരു സ്കെച്ചിന്റെ സഹായത്തോടെ വിശദമാക്കുകയും വേണം. കെട്ടിടത്തിന്റെ നിർമ്മാണ ഘട്ടം രേഖപ്പെടുത്തുകയും വേണം. കെട്ടിടത്തിന്റെ പെർമിറ്റ് റദ്ദുചെയ്യേണ്ടതായിട്ടുള്ളതാണെങ്കിൽ നിർമ്മാണ സ്വഭാവം, തരം എന്നിവയും റദ്ദു ചെയ്യുന്നതിന് കാരണമായിട്ടുള്ള വിശദാംശങ്ങളും മഹസ്സറിൽ പ്രതിഫലിക്കണം. കെട്ടിടത്തിന്റെ മുമ്പിൽ തുറസ്സായ സ്ഥലം ചട്ടപ്രകാരം എത്ര ആവശ്യമാണെന്ന് പറയുകയും പരിശോധനയിൽ കാണുന്ന യഥാർത്ഥ ദൈർഘ്യം എത്രയാണെന്നും വ്യക്തമാക്കുകയും ചെയ്യണം. തൻമൂലം ലംഘനം ഉണ്ടായ നിയമഭാഗം അവിടെ പ്രതിപാദിച്ചിരിക്കുകയും വേണം.

മുകളിൽ പറഞ്ഞ വിധം വിശദമായി തയ്യാറാക്കിയ മഹസ്സർ അന്വേഷണ ഉദ്യോഗസ്ഥൻ കൈയ്യൊപ്പ് വച്ച് സെക്രട്ടറിക്ക് നൽകണം. സെക്രട്ടറിക്ക് നേരിട്ടും അന്വേഷണ റിപ്പോർട്ട് തയ്യാറാക്കാവുന്നതാണ്. സെക്രട്ടറിയല്ല റിപ്പോർട്ട് തയ്യാറാക്കുന്നതെങ്കിൽ അടുത്ത നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനുമുമ്പായി സൈറ്റ് സന്ദർശിച്ച് റിപ്പോർട്ട് ബോദ്ധ്യപ്പെട്ടിരിക്കണം.

പെർമിറ്റിൽ നിന്നും വ്യതിചലനമാണ് കണ്ടുപിടിക്കുന്നതെങ്കിൽ, അക്കാരണത്താൽ പെർമിറ്റ് റദ്ദ് ചെയ്യാൻ പാടില്ല. വ്യതിചലനം ക്രമവല്ക്കരിക്കാൻ നിയമപരമായി സാദ്ധ്യമാകുന്നതാണെങ്കിൽ പെർമിറ്റ് റദ്ദ് ചെയ്യുന്നത് തെറ്റാണ്. പെർമിറ്റ് അനുസരിച്ച് കെട്ടിടം നിർമ്മിച്ച വേളയിൽ ഏതെങ്കിലും ഭാഗം നിയമവിരുദ്ധമായി പോയിട്ടുണ്ടെങ്കിൽ പെർമിറ്റ് റദ്ദ് ചെയ്യലല്ല പരിഹാരമാർഗ്ഗം. അത്തരം ഭാഗം പൊളിച്ചു കളയുന്നതിന് പെർമിറ്റ് നിലനിർത്തിക്കൊണ്ടുതന്നെ, വകുപ്പ് 235 ഡബ്ല്യൂ പ്രയോഗിക്കാവുന്നതാണ്. അപ്പോൾ പെർമിറ്റിന്റെ നിലനിൽപ്പിനും കോട്ടം വരുത്തേണ്ടതില്ല. പെർമിറ്റ് സ്റ്റേ ചെയ്യുക, സസ്പെൻഡ് ചെയ്യുക, റദ്ദു ചെയ്യുക എന്നിവ സെക്രട്ടറി ചെയ്യുമ്പോൾ അവധാനതയോടെ കാര്യങ്ങൾ പഠിച്ച് ഉത്തരവിറക്കേണ്ടതാണ്. കേട്ടുകേൾവിയെ ആശ്രയിച്ച് പെർമിറ്റ് സ്റ്റേ ചെയ്യുന്ന നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

പഞ്ചായത്ത് സെക്രട്ടറി ഇക്കാര്യത്തിൽ പ്രയോഗിക്കുന്ന അധികാരത്തിന്റെ നിയമഭാഗം കാരണം കാണിക്കൽ നോട്ടീസിൽ ആമുഖമായി പറഞ്ഞിരിക്കണം. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 18 ആണ് പെർമിറ്റ് റദ്ദ് ചെയ്യുന്നതിന് സെക്രട്ടറിമാർക്ക് അധികാരം നൽകുന്നത്. എന്നാൽ ഈ അധികാരം വളരെ സൂക്ഷിച്ചാണ് എഴുതി ചേർത്തിട്ടുള്ളത്. എന്തിനും ഏതിനും പെർമിറ്റ് ഹോൾഡറെ ശല്യപ്പെടുത്തരുതെന്ന ഉദ്ദേശത്തോടെ ഒരു പരിധി നിശ്ചയിച്ചിട്ടുണ്ട്. അതിനുള്ളിൽ നിന്നു മാത്രമേ പെർമിറ്റ് റദ്ദു ചെയ്യാൻ ഇടം നൽകുന്നുള്ളു. അവ താഴെ പറയുന്ന വിധമാണ്.

(1) ഒരു പെർമിറ്റ് നൽകിയതിൽ പിശകു ഉണ്ടായിട്ടുണ്ടെങ്കിൽ
(2) ഒരു വലിയ അബദ്ധം പെർമിറ്റിൽ വന്നു പോയിട്ടുണ്ടെങ്കിൽ
(3) പെർമിറ്റ് നൽകേണ്ടി വന്നത് വസ്തുതയോ, നിയമമോ തെറ്റിദ്ധരിപ്പിച്ചുകൊണ്ടാണെങ്കിൽ
(4) നിർമ്മാണം നടക്കുകയാണെങ്കിൽ ജീവനോ സ്വത്തിനോ ഭീഷണിയാകുകയാണെങ്കിൽ

മുകളിൽ പറഞ്ഞിട്ടുള്ളതൊഴികെ മറ്റ് ഒരു കാരണം കാണിച്ചും ഷോകാസ് നോട്ടീസ് നൽകാൻ പാടില്ല. ഇക്കാരണങ്ങളിൽ ഏതെങ്കിലും ഒന്നോ ഒന്നിൽകൂടുതലോ ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ അത് സുവ്യക്തമായി പ്രതിപാദിച്ചിരിക്കണം. ഇവയിൽ (1)-ലും (2)-ലും വരാവുന്ന അബദ്ധം സ്വയം സെക്രട്ടറിക്കു സംഭവിക്കുന്നതായിരിക്കും. അസാധാരണമായ സാഹചര്യത്തിൽ വന്നു ചേർന്നതുമാകാം. സാഹചര്യം വിവരിച്ചുകൊണ്ട് പിശക് ഏറ്റു പറയുന്ന നോട്ടീസായിരിക്കണം ആ സാഹചര്യത്തിൽ നൽകേണ്ടത്. അങ്ങനെ പിശക് ഏറ്റ് പറയുന്നതിൽ അപാകതയില്ല. എന്നാൽ (3)-ൽ വരുന്ന കാരണം പെർമിറ്റ് സമ്പാദിച്ചയാളിന്റെ പിശകുകൊണ്ടാണ് ഉണ്ടാകുന്നത്. ദിക്കോ, പ്ലാനിലെ വിവരങ്ങളോ അപേക്ഷയിലെ വിശദാംശങ്ങളോ പരിശോധിച്ച വേളയിൽ തെറ്റിദ്ധരിപ്പിച്ചതുകൊണ്ടാകാം. മറച്ചു പിടിച്ചോ വളച്ചൊടിച്ചോ അപേക്ഷ നൽകിയതുകൊണ്ടായിരിക്കും പെർമിറ്റ് നൽകി പോയിട്ടുള്ളത്. സർവ്വേ നമ്പർ തെറ്റിദ്ധരിപ്പിക്കുന്ന വിധം നൽകുക, ഉടമസ്ഥത സംബന്ധിച്ച് പ്രമാണങ്ങളിലോ രേഖകളിലോ കൃത്രിമത്വം വരുത്തി നൽകുക. കിണർ-കക്കൂസ്ടാങ്ക്, മലിനജല സംഭരണി, ഡ്രയിനേജ് പാസേജ് , സെസ്പൂൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാർത്ഥ സ്ഥിതി മറച്ചു പിടിച്ചു നൽകുക, യഥാർത്ഥ വസ്തുതകൾക്ക് നിരക്കാത്ത വിധം നൽകുക എന്നിവ കൊണ്ട് പെർമിറ്റ് നൽകിപ്പോയതായിരിക്കാം.

പാതകളോ പൊതു റോഡുകളോ പ്ലാനിൽ കാണിക്കാതിരിക്കുകയോ മറച്ചു പിടിക്കുകയോ വിസ്തീർണ്ണം തെറ്റായി രേഖപ്പെടുത്തുകയോ ലൊക്കേഷൻ സ്കെച്ചിൽ ആവശ്യമായ വിവരങ്ങൾ നൽകാതിരിക്കുകയോ നൽകിയ വിവരം തെറ്റായി പോവുകയോ ചെയ്തതുകൊണ്ടാകാം ചിലപ്പോൾ പെർമിറ്റ് നൽകിയിട്ടുള്ളത്. മറ്റ് ചിലപ്പോൾ നിയമഭാഗം ബന്ധപ്പെട്ടതല്ലാതിരിക്കുകയും ബന്ധപ്പെട്ടതാണെന്ന് തെറ്റിദ്ധരിക്കാനിടയാവുകയും ചെയ്യുന്ന രീതിയിൽ പ്ലാനും അപേക്ഷയും രേഖകളും നൽകുകയും ചെയ്തതുകൊണ്ടായിരിക്കാം പെർമിറ്റ് നൽകിപ്പോയിട്ടുള്ളത്. കിണറും കക്കൂസ് ടാങ്കും തമ്മിലുള്ള അകലം 7.5 മീറ്റർ എന്നത് കണക്കാക്കുന്നതിൽ പിശക് വരത്തക്കവിധം തെറ്റിദ്ധരിപ്പിച്ചതുകൊണ്ടും പെർമിറ്റ് നൽകിപ്പോയേക്കാം.

നിയമപരമായി തുറസ്സായി വിടേണ്ടുന്ന അകലം തെറ്റായി രേഖപ്പെടുത്തി നൽകിയതുകൊണ്ടും പെർമിറ്റ് നൽകിപ്പോയേക്കാം. പന്നിയെ വളർത്തുന്ന യൂണിറ്റ്, കോഴിഫാം നടത്തുന്ന യൂണിറ്റ്, വാഷിംഗ് യൂണിറ്റ്, ക്വാറികൾ, വ്യാപാര വ്യവസായ ശാലകൾ എന്നിവയിൽ നിന്നും പരിസ്ഥിതി മലിനീകരണം ഉണ്ടായേക്കാം. അപ്പോൾ അതിന്റെ പ്രഭവസ്ഥാനം രേഖപ്പെടുത്തിയത് തെറ്റായിരുന്നുവെന്ന് കണ്ടുപിടിച്ചാലും പെർമിറ്റ് റദ്ദ് ചെയ്യാവുന്നതാണ്.

നിർമ്മാണം ഏതെങ്കിലും ഇലക്ട്രിക് ലൈനിന്റെ സാന്നിദ്ധ്യം കൊണ്ടോ നിർമ്മാണം നടന്ന വേളയിൽ പ്രകൃതിക്ഷോഭം കൊണ്ട് തുടർനിർമ്മാണം അപകടകരമായി വന്നതുകൊണ്ടോ ഉണ്ടായേക്കാവുന്ന കാരണമാണ് നാലാമതായി

വരുന്നത്. നിർമ്മാണ വേളയിൽ പെർമിറ്റ് ഹോൾഡറെയോ ജോലിക്കാരെയോ മറ്റു അയൽവാസികളെയോ ബാധിക്കുന്ന അപകടസാദ്ധ്യത പെർമിറ്റ് റദ്ദാക്കാൻ മതിയായ കാരണമാണ്. ഭൂമിയുടെ നിർമ്മാണാവശ്യത്തിന് ഭൂമിയിൽ നിന്നും മണ്ണുമാറ്റിയപ്പോൾ അയൽവാസിയുടെ ഭൂമിക്കോ കെട്ടിടത്തിനോ സ്വാഭാവികമായി ഉണ്ടായിരുന്ന കൊളാറ്ററൽ സപ്പോർട്ട് നഷ്ടപ്പെട്ട് പോയാലും പെർമിറ്റ് റദ്ദു ചെയ്യുവാൻ മതിയായ കാരണമായി വരാവുന്നതാണ്. ജലസ്രോതസ്സുകളുടെ കിടപ്പു മൂലം നിർമ്മാണത്തിന് അപകടമുണ്ടായേക്കാവുന്നതാണെങ്കിൽ ഇക്കാരണം ചൂണ്ടിക്കാണിക്കാവുന്നതാണ്. നിർമ്മാണപ്രവർത്തനം പൊതുജനാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് കാണുകയാണെങ്കിലും നാലാമതു കാരണം മതിയാവുന്നതാണ്. കാരണം വിശദമായും പരസ്പരബന്ധിതമായും റിപ്പോർട്ടുകളുടെ ബലത്തിലും അർത്ഥശങ്കയ്ക്കിടയാകാത്തവിധവും സ്വയം സംസാരിക്കുന്ന രീതിയിലും പ്രതിപാദിച്ചിരിക്കണം. എങ്കിൽ മാത്രമേ അത് നിലനിൽക്കുകയുള്ളു. കാരണം കാണിക്കാനുള്ള സമയം 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസിലെ ചട്ടം 18ലെ ക്ലിപ്തഖണ്ഡം അനുസരിച്ച് 7 ദിവസമായി പരിമിതിപ്പെടുത്തിയിട്ടുണ്ട്. അതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങളനുസരിച്ച് നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 7 ദിവസം ഇനിമേൽ നൽകിയാൽ മതിയാകും.

### സ്വാഭാവിക നീതി നൽകുന്ന രീതി

ഷോകോസ് നോട്ടീസ് നൽകൽ, നിർദ്ദിഷ്ട സമയപരിധിയിൽ മറുപടി നൽകൽ, നേരിൽ കേൾക്കൽ എന്നിവയെല്ലാം സ്വാഭാവിക നീതിയുടെ പരിധിക്കുള്ളിൽ വരുന്നതാണ്. നോട്ടീസ് നൽകി വിശദീകരണം ചോദിക്കുമ്പോൾ കാലദൈർഘ്യം സ്റ്റാറ്റ്യൂറ്റ് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ മറുപടി നൽകാൻ ആ കാലദൈർഘ്യത്തിലുപരി സമയം അനുവദിക്കേണ്ടതില്ല. ഇപ്രകാരം സമയപരിധി നിശ്ചയിച്ചിട്ടില്ലെങ്കിൽ 15 ദിവസമാണ് ഏറ്റവും കുറഞ്ഞത് നൽകേണ്ടത്. അടിയന്തരഘട്ടങ്ങളിൽ ആയാൽപോലും 10 ദിവസം നൽകിയിരിക്കണം. അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ട് നിഷ്കർഷിക്കുന്ന പ്രത്യേക വ്യവസ്ഥയനുസരിച്ച് നടപടി നീക്കാവുന്നതാണ്.

സെക്രട്ടറിയുടെ ഉത്തരവ് ആയാലും കമ്മിറ്റിയുടെ തീരുമാനം ആയാലും ചോദ്യം ചെയ്യപ്പെടുമ്പോൾ താഴെ പറയുന്ന ഘടകങ്ങൾ അതിലുണ്ടോയെന്ന് ട്രൈബ്യൂണൽ പ്രധാനമായും നോക്കാറുണ്ട്.

(1). ഉത്തരവ്/തീരുമാനം സ്വയംസംസാരിക്കുന്നതായിരിക്കണം.

(2). അപ്പീൽ കക്ഷി/റിവിഷൻ കക്ഷിക്ക് സ്വാഭാവിക നീതി നൽകിയിരിക്കണം.

(3) മറുപടിയിൽ പറയുന്ന എല്ലാ കാര്യങ്ങളും പരിഗണിച്ചു കൊണ്ട് അവയിൻമേൽ ശരിയായ വിധം ഇറക്കിയ കൺസിഡേർഡ് ഓർഡർ ആയിരിക്കണം അന്തിമമായി ഇറക്കേണ്ടത്

ഉത്തരവുകൾ നോട്ടീസ് രൂപത്തിലും നൽകാവുന്നതാണ്. എന്നാൽ നേരിട്ടോ, രജിസ്റ്റർ ചെയ്തോ അഭിസംബോധന ചെയ്യപ്പെട്ടയാളിൻമേൽ നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തണം. കമ്മ്യൂണിക്കേറ്റ് ചെയ്യാത്ത ഉത്തരവ് ഉത്തരവല്ലാതെ പോകുന്നതാണ്. അത് കീശയിലെ നാണയം പോലെയാണ്. നൽകിക്കഴിഞ്ഞാൽ മാത്രമേ പ്രതിഫലം പ്രതീക്ഷിക്കേണ്ടതുള്ളു. ഉത്തരവുകളോ തീരുമാനങ്ങളോ യഥാവിധി നടത്താതെ ഫയലിൽ സൂക്ഷിച്ചാൽ അത് ഉപയോഗശ്യൂനമാകും.

നേരിൽ കേൾക്കുന്നയാളാണ് ഉത്തരവിറക്കേണ്ടതെന്ന നിയമതത്വം ലംഘിക്കപ്പെടരുത്. അതിനാൽ നോട്ടീസ് ഇറക്കാൻ ഏതെങ്കിലും കീഴുദ്യോഗസ്ഥനെ നിയമപ്രകാരം ഡെലിഗേറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ഹിയറിംഗും ആ ഉദ്യോഗസ്ഥൻ തന്നെ നടത്തുന്നതാണ് ശരിയായിട്ടുള്ള നടപടിക്രമം. സെക്രട്ടറി നോട്ടീസ് ഇറക്കുകയും നേരിൽ കേൾക്കാൻ എൻജിനീയറെയോ സൂപ്രണ്ടിനെയോ മറ്റോ ഭരമേൽപിക്കുകയും ചെയ്യുന്നത് ശരിയല്ല. നേരിൽ കേൾക്കൽ ഒരു അർദ്ധ ജുഡീഷ്യൽ സ്വഭാവത്തിലുള്ള നടപടിയാണ്. അതിനാൽ അസഹിഷ്ണുതയോ ശ്രദ്ധക്കുറവോ നേരിൽ കേൾക്കുന്ന അവസരത്തിൽ സെക്രട്ടറി വച്ചുപുലർത്താൻ പാടില്ല. തുറന്ന മനസ്സോടെയും മുൻവിധിയില്ലാതെയും കാരണം കാണിക്കൽ നോട്ടീസിൽ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങൾക്ക് അടിസ്ഥാനമുണ്ടോയെന്ന് തിരക്കുന്ന വിധമായിരിക്കണം ഹിയറിംഗ് നടത്തേണ്ടത്. ഹിയറിംഗ് ഏതെങ്കിലും കീഴുദ്യോഗസ്ഥനോട് എഴുതിയെടുക്കാൻ പറയുന്നതിൽ തെറ്റില്ല. എന്നാൽ അപ്രകാരം രേഖപ്പെടുത്തുന്ന വിവരങ്ങൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. നേരിട്ട് രേഖപ്പെടുത്തലുകൾ ചെയ്യുന്നതാണ് ഉചിതം. എന്തായാലും ഹിയറിംഗ് രേഖപ്പെടുത്തിയ ശേഷം അത് വായിച്ചു നോക്കാനും എഴുതിയത് ശരിവച്ച് ബന്ധപ്പെട്ട കക്ഷിയിൽ നിന്നും ഒപ്പ് വാങ്ങാനും ശ്രദ്ധിക്കണം. ഇപ്രകാരം ഒപ്പ് വയ്പ്പിക്കുന്നതിന് മടിക്കുകയോ നിരസിക്കുകയോ ഹിയറിംഗിനു മുമ്പായി ഹിയറിംഗ് സ്ഥലം വിട്ടുപോവുകയോ കക്ഷി ചെയ്താൽ അക്കാര്യം മൊഴിയുടെ അവസാനം സെക്രട്ടറിക്ക് രേഖപ്പെടുത്തി ഹിയറിംഗ് ക്ലോസ് ചെയ്യാവുന്നതാണ്.

അധികാരപ്പെടുത്തപ്പെട്ടയാളിനും ഹിയറിംഗിൽ കക്ഷിക്കുവേണ്ടി ഹാജരായി മൊഴി നൽകാവുന്നതാണ്. എന്നാൽ ഇപ്രകാരം മൊഴി നൽകുന്നതിന് കക്ഷിയുടെ അടുത്ത ബന്ധുവിനെ അനുവദിച്ചാൽ മതിയാകുന്നതാണ്. ഹിയറിംഗ് വേളയിൽ മറ്റ് എതിർകക്ഷികളുണ്ടെങ്കിൽ അവർക്കു പറയാവുന്നത് രേഖപ്പെടുത്താവുന്നതാണ്. എന്നാൽ പരസ്പരം ചോദ്യം ചെയ്യുന്നത് അനുവദിക്കേണ്ടതില്ല. ഹിയറിംഗിന് വരാൻ സാധിക്കുന്നില്ലായെങ്കിൽ തൃപ്തികരമായ കാരണം ഉണ്ടെന്ന് സെക്രട്ടറിക്ക് ബോധ്യം വന്നാൽ മാത്രം മറ്റൊരവസരം നൽകിയാൽ മതിയാകും.

കാരണം കാണിക്കൽ നോട്ടീസിന് മറുപടി കൃത്യസമയത്ത് നൽകാൻ ബന്ധപ്പെട്ടയാൾ ബാധ്യസ്ഥനാണ്. ഒരാൾ മറുപടി നൽകുന്നതിനു വേണ്ടി സമയം ദീർഘിപ്പിച്ചുകിട്ടാൻ അപേക്ഷ നൽകിയാൽ അത് അനുവദിക്കണമെന്നില്ല. മറുപടി കൃത്യസമയത്തിന് നൽകിയില്ലെങ്കിൽ സമയം കഴിഞ്ഞ് ലഭിക്കുന്ന മറുപടി സ്വീകരിക്കണമെന്നില്ല. എന്നാൽ അന്തിമ ഉത്തരവിറക്കുന്ന തീയതി നീണ്ടുപോവുകയാണെങ്കിൽ അതിനു മുമ്പായി ലഭിച്ച വിശദീകരണം കൂടി പരിഗണിക്കുന്നതാണ് ഉചിതം. എന്നാൽ മറുപടി നൽകാതിരിക്കുന്നയാളിനേയും നേരിട്ട് കേൾക്കാൻ അവസരം നൽകണമെന്ന നിലയ്ക്കാണ് ചട്ടം 18ലെ ക്ലിപ്തഖണ്ഡം എഴുതിപിടിപ്പിച്ചിട്ടുള്ളത്. അതിനാൽ നേരിൽ കേൾക്കാൻ ബന്ധപ്പെട്ട എല്ലാവർക്കും അവസരം നൽകേണ്ടതാണ്. അന്തിമ ഉത്തരവ് പാസാക്കുന്നതിനുമുമ്പായി സ്ഥല പരിശോധന നടത്തണമെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം അങ്ങനെ ചെയ്യാവുന്നതാണ്. എന്നാൽ കാരണം കാണിക്കൽ നോട്ടീസിൽ കാണിച്ചിട്ടുള്ള ആക്ഷേപം ഭേദഗതി വരുത്തുകയോ പുതിയ ആരോപണം കൊണ്ടുവരുകയോ ചെയ്യണമെങ്കിൽ വീണ്ടും നോട്ടീസ് നൽകിയിരിക്കണം. അപ്രകാരമുള്ള നോട്ടീസിൽ മുൻ നോട്ടീസ് ഉദ്ധരിച്ചുകൊണ്ട് അതിലെ ഏതെല്ലാം ആക്ഷേപങ്ങൾക്കാണ് ഭേദഗതി വരുത്തുന്നതെന്നും ഏതെല്ലാം ഭാഗമാണ് ഒഴിവാക്കിയിട്ടുള്ളതെന്നും ഏതുഭാഗമാണ് പുതിയതായി ഉന്നയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കിയിരിക്കണം. അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഹിയറിംഗ് ആവശ്യമായി വരാവുന്നതാണ്.

### അന്തിമ ഉത്തരവ് പാസ്സാക്കൽ

ഇപ്രകാരമുള്ള നടപടികൾക്കു ശേഷമാണ് അന്തിമ ഉത്തരവ് പുറപ്പെടുവിക്കേണ്ടത്. ആരോപണങ്ങൾക്കുള്ള മറുപടിയും അത് സംബന്ധിക്കുന്ന മൊഴിയും അർദ്ധ ജുഡീഷ്യൽ മനസ്സോടെ പരിശോധിച്ചാണ് ഉത്തരവിറക്കേണ്ടത്. ആരോപണങ്ങൾ ഉത്തരവിൽ ആവർത്തിച്ചെഴുതിച്ചേർക്കേണ്ടതില്ല. മുൻനോട്ടീസ് ഉദ്ധരിച്ചും ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളുടെ അക്കം നിരത്തിയും അതിനുള്ള മറുപടിയും മൊഴിയും എന്തുകൊണ്ടാണ് സ്വീകാര്യമാകാത്തതെന്ന് വ്യക്തമാക്കിയും അന്തിമ ഉത്തരവ് പുറപ്പെടുവിക്കണം. മറുപടി തൃപ്തികരമല്ലാത്തതിനാൽ നിരസിച്ചിരിക്കുന്നുവെന്ന് മാത്രമുള്ള പ്രഖ്യാപനം നിയമപരമായി നിലനിൽക്കത്തക്കതല്ല. കാരണം പറഞ്ഞ് കാര്യം പറയുന്ന രീതിയാണ് അവലംബിക്കേണ്ടത്. മഹസ്സർ, മുൻരേഖകൾ, പുതിയതായി പരിശോധിച്ച രേഖകൾ, മൊഴികളിലെ വൈരുദ്ധ്യം, നിയമ സാധുത എന്നിവയെല്ലാം വിവരിച്ചും ഖണ്ഡിച്ചും ആരോപണം സാധൂകരിക്കണം. കാര്യകാരണ സഹിതം വിവരിക്കുന്ന ഉത്തരവിനെ നിയമപരമായി കൺസിഡേർഡ് ഓർഡർ എന്നു പറയും അപ്രകാരമുള്ള ഉത്തരവാണ് അന്തിമമായി നൽകേണ്ടത്.

ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി ഉത്തരവിറക്കുമ്പോൾ ആദ്യാന്ത്യം അത് സ്വയം സംസാരിക്കുന്നതായിരിക്കണം. ഉത്തരവിൽ ആമുഖമായി ഏത് അധികാരം ഉപയോഗിച്ചാണ് ഉത്തരവിറക്കുന്നതെന്ന് പരാമർശിക്കണം. നോട്ടീസ് രൂപത്തിലും ഉത്തരവിറക്കുന്നതിൽ അപാകതയില്ല. ഉത്തരവിറക്കുമ്പോൾ തനിച്ചും സ്വതന്ത്രവുമായ അധികാരമുപയോഗിച്ചാണ് അത് പുറപ്പെടുവിക്കാൻ പോകുന്നതെന്ന് സ്വയം മനസ്സിലാക്കണം. അതല്ലെങ്കിൽ പഞ്ചായത്ത് കമ്മിറ്റിയുടെ ഒറിജിനൽ അധികാരപരിധിയിൽപ്പെട്ടതോ അല്ലാതെയോ ഉള്ള തീരുമാനം നടപ്പാക്കുന്നതിനുവേണ്ടിയുള്ള ഉത്തരവാണോയെന്ന് വ്യക്തമാക്കണം. ഇപ്രകാരം വേർതിരിവ് വന്നത് ഉത്തരവിലും പ്രതിഫലിക്കണം. സെക്രട്ടറിയുടെ തനിച്ചും സ്വതന്ത്രവുമായ ഉത്തരവാണെങ്കിൽ പഞ്ചായത്ത് കമ്മിറ്റിയുടെ ഉത്തരവിനോ തീരുമാനത്തിനോ വയ്ക്കാൻ പാടില്ല. ആയത് കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 185 ബി അനുസരിച്ച് നിഷിദ്ധമാണ്.


ഏതെങ്കിലും മുൻ തീരുമാനമോ സാങ്കേതിക വിദഗ്ധരുടെ റിപ്പോർട്ടുകളോ കീഴ്ജീവനക്കാരുടെ റിപ്പോർട്ടുകളോ ആസ്പദമാക്കി ഒരു ഉത്തരവിറക്കേണ്ടതാണെങ്കിൽ അവ പരാമർശിച്ചും വിശദാംശങ്ങൾ പ്രതിപാദിച്ചുമാണ് ഉത്തരവിറക്കേണ്ടത്. ഷോകാസ് നോട്ടീസിന്റെ തുടർച്ചയാണെങ്കിൽ അതും പരാമർശവിഷയമാക്കിയിരിക്കണം. അവയ്ക്കുള്ള മറുപടി സമയത്ത് ലഭിച്ചിരുന്നോ അത് യഥാവിധി പരിശോധിച്ചാണോ അന്തിമ ഉത്തരവിറക്കുന്നതെന്ന് വ്യക്തമാക്കിയിരിക്കണം. ഷോകാസ് നോട്ടീസിലെ ആരോപണങ്ങൾക്കുള്ള മറുപടി വിസ്തരിച്ച് പരിശോധിക്കുമ്പോൾ നോട്ടീസിൽ പറഞ്ഞിട്ടുള്ള ആരോപണങ്ങൾ അന്തിമ ഉത്തരവിൽ ആവർത്തിച്ചെഴുതേണ്ടതില്ല. അപ്രകാരം ആവർത്തിക്കുകയാണെങ്കിൽ കടന്നുകൂടാവുന്ന തെറ്റുകളിൽ തട്ടിയുലഞ്ഞ് അന്തിമ ഉത്തരവിന് ക്ഷതം സംഭവിക്കുവാൻ സാധ്യതയുണ്ട്. അതിനാൽ ഷോകാസിലെ ആരോപണങ്ങളുടെ അക്കം ആവർത്തിച്ച് അന്തിമ ഉത്തരവിലെ കണ്ടെത്തലുകൾ നിരത്തിവയ്ക്കാവുന്നതാണ്.

മറുപടി തൃപ്തികരമല്ലാത്തതിനാൽ നിരസിച്ചിരിക്കുന്നു എന്ന പ്രയോഗം സെക്രട്ടറിമാർ ഉത്തരവുകളിൽ പ്രകടിപ്പിക്കാറുണ്ട്. നിലവിലുള്ള നീതിന്യായ വ്യവസ്ഥയനുസരിച്ച് നീതി ഉറപ്പാക്കുന്ന വിധം മറുപടി എന്തുകൊണ്ട് തൃപ്തികരമല്ലെന്ന് പ്രതിപാദിച്ചിരിക്കണം. അടിസ്ഥാനമാക്കുന്ന നിയമഭാഗം ഉദ്ധരിക്കേണ്ടതാണ്. അതിൽ തെറ്റുകളോ പിശകുകളോ ഉണ്ടാകാതെ പോകാൻ പരമാവധി ശ്രദ്ധിക്കേണ്ടതുമാണ്. കണ്ടെത്തലുകൾ നടത്തി ഉത്തരവുകൾ പാസ്സാക്കുമ്പോൾ അത് ചുരുങ്ങിപ്പോകാതെ മതിയായ വിധം പ്രതിപാദിച്ചിരിക്കേണ്ടതാണ്. ഇപ്രകാരമുള്ള കൺസിഡേർഡ് ഓർഡർ മാത്രമേ നിയമപരമായി നിലനിൽക്കുകയുള്ളു. ഇത് പഞ്ചായത്ത് തീരുമാനം രേഖപ്പെടുത്തുമ്പോഴും ബാധകമാണ്. ഓരോ തീരുമാനവും ഓരോ ഉത്തരവുകളാണ്. അത് ശരിയായ വിധം ചർച്ച ചെയ്യപ്പെട്ട് റിക്കോർഡ് ചെയ്യേണ്ടതാണ്.

മാത്രവുമല്ല വ്യക്തമായ ഭാഷയിൽ ഉത്തരവ് വിവരിച്ചിരിക്കണം. ആരോപണങ്ങൾ വടിവായ അക്ഷരത്തിൽ എഴുതിയിരിക്കണം. അല്ലെങ്കിൽ ടൈപ്പ് ചെയ്ത് നൽകുന്നതാണ് നല്ലത്. വെട്ടിത്തിരുത്തലുകൾ ഒഴിവാക്കേണ്ടതുമാണ്. സ്വയം സംസാരിക്കുന്നതും കാര്യകാരണങ്ങൾ പ്രതിപാദിക്കുന്നതും എല്ലാവശവും പരിഗണിക്കുന്നതുമായ ഉത്തരവായിരിക്കണം അന്തിമമായി പുറപ്പെടുവിക്കേണ്ടത്.

എളുപ്പത്തിലും ചെലവ് കുറഞ്ഞ രീതിയിലും നീതി നടപ്പാക്കേണ്ടുന്ന ഭരണത്തിലെ ഏറ്റവും ചെറിയ ഘടകമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ. നീണ്ടുനീണ്ടുപോകുന്ന തർക്കങ്ങൾക്ക് അവസരം നൽകുന്നവിധം നിലപാടുകൾ പ്രാദേശിക ഭരണസ്ഥാപനങ്ങളുടെ ചുക്കാൻ പിടിക്കുന്നവർ എടുക്കുന്നത് ശരിയല്ല. അത് പ്രാദേശിക ഭരണ സിദ്ധാന്തത്തിന്റെ അടിസ്ഥാനശിലകളെ പിടിച്ചുകുലുക്കാൻ ഇടയാക്കിയേക്കാം. കാര്യക്ഷമതയില്ലാത്ത നടപടിക്രമങ്ങൾ പൊതുജനങ്ങളെ അനാവശ്യമായി കോടതി കയറ്റാൻ കാരണമാക്കുന്നത് അക്ഷന്തവ്യമായ കുറ്റമാണ്. ■

*ലേഖകൻ റിട്ടയേർഡ് പഞ്ചായത്ത് ജോയിന്റ് ഡയറക്ടറാണ്*
*ഫോൺ : 9447248351*



**നേരിൽ കേൾക്കൽ ഒരു അർദ്ധ ജുഡീഷ്യൽ സ്വഭാവത്തിലുള്ള നടപടിയാണ്. അതിനാൽ അസഹിഷ്ണുതയോ ശ്രദ്ധക്കുറവോ നേരിൽ കേൾക്കുന്ന അവസരത്തിൽ സെക്രട്ടറി വച്ചുപുലർത്താൻ പാടില്ല. തുറന്ന മനസ്സോടെയും മുൻവിധിയില്ലാതെയും കാരണം കാണിക്കൽ നോട്ടീസിൽ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങൾക്ക് അടിസ്ഥാനമുണ്ടോയെന്ന് തിരക്കുന്ന വിധമായിരിക്കണം ഹിയറിംഗ് നടത്തേണ്ടത്.**

കെ. വിനോദ് കുമാർ

# പ്രൊക്യൂർമെന്റ് മാന്വൽ

## കൺസൾട്ടൻസി സേവന വ്യവസ്ഥകൾ

**ഒരു സാധാരണ സർക്കാർ ഓഫീസിനുമപ്പുറം ബഹുമുഖമായ പ്രവർത്തനങ്ങൾ നടത്തേണ്ടി വരുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള കേന്ദ്രീകൃത സ്വഭാവമുള്ള കേരള സ്റ്റോർ പർച്ചേസ് മാന്വൽ അനുയോജ്യമല്ലെന്ന കണ്ടെത്തലിന്റെ തുടർച്ചയായാണ്, സാധനങ്ങളുടെയും സേവനങ്ങളുടെയും ലഭ്യമാക്കലിന് പുതിയ പ്രൊക്യൂർമെന്റ് മാന്വൽ സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നത്**

**(അവസാനഭാഗം)**

2010 നവംബർ 8ലെ 259/2010 തസ്വഭവ നമ്പർ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാന്വലിന്റെ പ്രധാന സവിശേഷതകളിലൊന്ന് സാധന- സാമഗ്രികൾ ലഭ്യമാക്കുന്നതിനും പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ പുതുക്കുന്നതിനൊപ്പം കൺസൾട്ടൻസി സർവ്വീസ് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൂടി നിർദ്ദേശിച്ചിട്ടുണ്ട് എന്നതാണ്. പരിധിയില്ലാതെ ഭരണാനുമതി നൽകാൻ അധികാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറെ കൺസൾട്ടൻസി സർവ്വീസ് കൂടി ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഇത്തരം നടപടിക്രമങ്ങൾ ഒരു അടിയന്തരാവശ്യവുമാണ്. ഉയർന്ന നിലവാരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കാൻ സാഹചര്യമൊരുക്കുക, മിതവ്യയവും കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുക, ഗുണനിലവാരമുള്ള സേവനങ്ങൾ നൽകാൻ ശേഷിയുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അവസരങ്ങൾ സാധ്യമാക്കുക എന്നിവയാണ് ഇതിലൂടെ മാന്വൽ ലക്ഷ്യമിടുന്നത്.

### രീതികൾ

#### വ്യക്തികൾ നൽകുന്ന സേവനങ്ങൾ

വ്യക്തികളെ ഏർപ്പെടുത്തുന്നതിന് ചെയ്യേണ്ട പ്രവൃത്തി, യോഗ്യത, ചെയ്യേണ്ട പ്രവൃത്തിയിലെ മുൻപരിചയം, കരാർ നിബന്ധനകൾ എന്നിവ മുൻകൂട്ടി നിശ്ചയിക്കേണ്ടതും ദേശീയ - പ്രാദേശിക പത്രങ്ങളിൽ മേൽപ്പറഞ്ഞവ കാണിച്ച് പരസ്യം ചെയ്യേണ്ടതുമാണ്. ലഭിച്ച അപേക്ഷകൾ പരിഗണിച്ച് നിബന്ധനകളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി ഉയർന്ന റാങ്ക് ലഭിച്ചയാളുമായി കൂടിക്കാഴ്ച നടത്തി ചുമതല നൽകാവുന്നതാണ്.

#### സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ

സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ രണ്ട് വിഭാഗമായാണ് കണക്കാക്കിയിട്ടുള്ളത്.

1. രണ്ട് ലക്ഷത്തിന് മുകളിൽ, എന്നാൽ അഞ്ച് ലക്ഷത്തിന് താഴെ വരുന്നവ.
2. അഞ്ച് ലക്ഷത്തിന് മുകളിൽ വരുന്നവ.

ഇതിൽ ഒന്നാമത്തെ വിഭാഗത്തിലേക്കുള്ള തെരഞ്ഞെടുപ്പ് Fixed Budget Selection (FBS) അല്ലെങ്കിൽ Least Cost Selection (LCS) രീതി പ്രകാരവും രണ്ടാമത്തേത് Quality and Cost Based Selection (QCBS) രീതി പ്രകാരവുമാണ് നടത്തേണ്ടത്.

#### Least Cost Selection (LCS)

ഓഡിറ്റിങ്, ലളിതമായ നിർമ്മാണ പ്രവർത്തനങ്ങളുടെ ഡിസൈൻ തുടങ്ങിയ കൃത്യമായി നിശ്ചയിച്ചിട്ടുള്ളതും സാധാരണവുമായ പ്രവർത്തനങ്ങൾക്ക് വേണ്ടി സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനാണ് ഈ രീതി ഉപയോഗിക്കാവുന്നത്. ഇതിനായി ആദ്യം ചെയ്യേണ്ടത് സേവനദാതാക്കൾക്കുണ്ടായിരിക്കേണ്ട നിശ്ചിത യോഗ്യതകൾ (ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്) മുൻകൂട്ടി നിശ്ചയിക്കുകയെന്നതാണ്. ടെക്നിക്കൽ, ഫിനാൻഷ്യൽ എന്നിങ്ങനെ രണ്ട് കവറുകളിലായി പ്രൊപ്പോസലുകൾ സ്വീകരിച്ച്, ടെക്നിക്കൽ പ്രൊപ്പോസലുകൾ തുറന്ന് നിർണയിച്ച ഗുണനിലവാരം ഉള്ളവരുടെ (യോഗ്യതകൾ RFPയിൽ കാണിച്ചിരിക്കണം) ഫിനാൻഷ്യൽ പ്രൊപ്പോസലുകൾ പരസ്യമായി തുറന്ന് കുറഞ്ഞ തുക കാട്ട് ചെയ്തവരെ തെരഞ്ഞെടുക്കേണ്ടതാണ്.

#### Quality and Cost Based Selection (QCBS)

യോഗ്യതയുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ ചുരുക്ക പട്ടിക തയ്യാറാക്കി അവരിൽ നിന്നും പ്രൊപ്പോസലുകൾ സ്വീകരിച്ച് ടെക്നിക്കൽ ഘടകങ്ങൾക്കൊപ്പം സാമ്പത്തിക ഘടകങ്ങൾക്കും മുൻതൂക്കം (weightage) നൽകി നടത്തുന്ന തെരഞ്ഞെടുപ്പ് രീതിയാണിത്.

### നടപടിക്രമങ്ങൾ

#### ആവശ്യമുള്ള സേവനം നിശ്ചയിക്കലും സേവനദാതാവിനെ ഉപയോഗപ്പെടുത്താൻ തീരുമാനമെടുക്കലും

സ്ഥാപനത്തിന് ആവശ്യമായ സേവനം, ലഭ്യമാക്കേണ്ട വിവരം, എന്നിവ എന്തെന്ന് വ്യക്തമായി തിരിച്ചറിയലും, അതിന് സ്ഥാപനത്തിനു പുറത്തുള്ള വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ സേവനം ആവശ്യമാണോയെന്ന് തീരുമാനമെടുക്കലുമാണ് ഒന്നാംഘട്ടം.

#### പരിഗണനാ വിഷയങ്ങൾ തയ്യാറാക്കൽ (Terms of Reference - ToR)

ലഭ്യമാക്കേണ്ട സേവനം, വിവരം എന്നിവ സംബന്ധിച്ച് സ്ഥാപനത്തിനുള്ള കാഴ്ചപ്പാടും താൽപര്യവും വ്യക്തമാക്കാനാണിത്. പ്രൊക്യൂർമെന്റിന്റെ അടിസ്ഥാന രേഖയുമാണിത്.

ഒരു ToR രേഖയിൽ ഉണ്ടായിരിക്കേണ്ട ഘടകങ്ങൾ ഇനി പ്പറയുന്നു.

1. പദ്ധതിയുടെ ലക്ഷ്യങ്ങളെ (objectives) സംബന്ധിച്ച ഹ്രസ്വമായ വിവരണം
2. പ്രാപ്തമാക്കേണ്ട പ്രവർത്തന ഘടകങ്ങൾ എന്താണെന്നും അതു ഏതു രീതിയിൽ എപ്പോൾ പൂർത്തിയാക്കണമെന്നുമുള്ള വിവരങ്ങളും. ഇത് പട്ടികയായി തയ്യാറാക്കുന്നതാണുചിതം.
3. സ്ഥാപനം നൽകുന്ന സഹായ സംവിധാനങ്ങളും വിവരങ്ങളും.
4. സേവനദാതാവ് അന്തിമമായി ലഭ്യമാക്കേണ്ട ഫലം (output).
5. സേവനദാതാവിന്റെ പ്രവർത്തനങ്ങളെ മോണിറ്റർ ചെയ്യുന്നതിനുള്ള മൂന്ന് പേരിലധികമാവാത്ത സമിതിയുടെ ഘടന.
6. സേവനദാതാവ് അതതുസമയം നൽകേണ്ട പുരോഗതി റിപ്പോർട്ടുകളും കരട് അന്തിമ റിപ്പോർട്ടും സ്വീകരിക്കുന്നതിനും മോണിറ്ററിംഗ് നടത്തുന്നതിനും വിശകലനം ചെയ്യുന്നതിനുമുള്ള സംവിധാനം.
7. സേവനദാതാവ്, ഈ പദ്ധതിക്കായി നിയുക്തമാക്കേണ്ട തസ്തികകളിൽ നിയോഗിക്കുന്നവരുടെ യോഗ്യതയടക്കമുള്ള വിശദാംശങ്ങൾ ആവശ്യമെങ്കിൽ അത് ഏതൊക്കെ പദവികളെ സംബന്ധിച്ച് ആവശ്യമാണെന്ന വിവരം.

ഇപ്രകാരം TOR തയ്യാറാക്കുന്നതിൽ ഒരു പൊതു രൂപരേഖ തയ്യാറാക്കിവെയ്ക്കുന്നത് ഉചിതമായിരിക്കും.

#### എസ്റ്റിമേറ്റ് തയ്യാറാക്കൽ (സാമ്പത്തിക ബാധ്യത)

സേവനം ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക ബാധ്യത ശാസ്ത്രീയമായി തയ്യാറാക്കുക എന്നുള്ളത് പദ്ധതിയുടെ വിജയത്തിന് അത്യന്താപേക്ഷിതമാണ്. പദ്ധതി നടത്തിപ്പിനാവശ്യമായേക്കാവുന്ന സ്രോതസ്സുകളുടെ വേതനം, മനുഷ്യവിഭവശേഷി, സഹായക സംവിധാനങ്ങൾ തുടങ്ങി എല്ലാ ഘടകങ്ങളും പരിഗണിച്ചുകൊണ്ട് യാഥാർത്ഥ്യബോധത്തോടെയായിരിക്കണം ഇതു തയ്യാറാക്കേണ്ടത്.

#### കരാർ രീതി നിശ്ചയിക്കൽ

ഏതു തരത്തിലുള്ള കരാറിലാണ് ഏർപ്പെടേണ്ടത് (വ്യക്തികളുമായാണോ, സ്ഥാപനങ്ങളുമായാണോ, അതു തന്നെ മൊത്ത (Lum Sum)മായാണോ, സമയ നിബന്ധന(Time Based) യോടെയാണോ, ശതമാന നിരക്ക്. (Percentage Contract) ലാണോ എന്നിങ്ങനെ), കരാറുകാരെ കണ്ടെത്തുന്ന രീതി (പരസ്യത്തിലൂടെയാണോ, ചുരുക്കപ്പട്ടിക തയ്യാറാക്കിയാണോ എന്നിങ്ങനെ), സേവനം ലഭ്യമാക്കേണ്ട രീതി, പ്രതിഫലം നൽകുന്നതിനുള്ള ഘട്ടങ്ങളും നിബന്ധനകളും തുടങ്ങിയ കാര്യങ്ങൾ മുൻകൂട്ടി തന്നെ നിശ്ചയിക്കേണ്ടതാണ്.

#### പരസ്യപ്പെടുത്തൽ

സ്ഥാപനത്തിന്റെ പദ്ധതി ഏറ്റെടുത്ത് നടത്തുന്നതിന് സേവനദാതാക്കൾക്കുള്ള താൽപര്യം, അതു നിർവ്വഹിക്കാൻ അവർ ചുമതലയേൽപ്പിക്കുന്ന വ്യക്തികളുടെ മുൻപരിചയമടക്കമുള്ള വിശദാംശങ്ങൾ, സേവനദാതാവിന്റെ സാമ്പത്തിക നിലയറിയാൻ കഴിഞ്ഞ 3 വർഷത്തെ ബാലൻസ് ഷീറ്റ് എന്നിങ്ങനെയുള്ള വിവരങ്ങൾ തേടികൊണ്ട് പരസ്യം നൽകണമെന്ന് മാന്വൽ നിർദ്ദേശിക്കുന്നു. ഈ പരസ്യം നല്ലവണ്ണം പ്രചാരമുള്ള ഓരോ ഇംഗ്ലീഷ്, മലയാളം പത്രങ്ങളിൽ നൽകേണ്ടതാണ്.

> **തിരുത്ത്**
>
> 2011 ഒക്ടോബർ ലക്കം പഞ്ചായത്ത് രാജ് മാസികയിലെ 'പ്രൊക്യൂർമെന്റ് മാന്വൽ' എന്ന ലേഖനത്തിലെ ഖണ്ഡിക 4 ഓപ്പൺ ടെൻഡറിങ് ഉപഖണ്ഡിക 3 ഇനിപ്പറയും പ്രകാരം തിരുത്തി വായിക്കേണ്ടതാണ്. "പത്ത് ലക്ഷം രൂപവരെയുള്ള പ്രവർത്തനങ്ങൾക്ക് 200 രൂപ, 10 മുതൽ 20 ലക്ഷം രൂപവരെയുള്ളവയ്ക്ക് 500 രൂപ, 20 ലക്ഷത്തിനുമുകളിലുള്ളവയ്ക്ക് 1000 രൂപ എന്നിങ്ങനെയാണ് ടെൻഡർ ഫോറം വില".

#### സേവനദാതാക്കളുടെ ചുരുക്കപ്പട്ടിക തയ്യാറാക്കൽ

നൽകിയ പരസ്യത്തിനു ലഭിച്ച താൽപര്യ പ്രകടനങ്ങളുടെ അടിസ്ഥാനത്തിൽ, ചുമതല ഏൽപ്പിക്കാവുന്ന, നിശ്ചിത യോഗ്യതയും ശേഷിയുമുള്ള സേവനദാതാക്കളുടെ ചുരുക്കപ്പട്ടിക തയ്യാറാക്കണം.

#### വിശദമായ പ്രൊപ്പോസലുകൾക്കുള്ള അഭ്യർത്ഥന (Request for Proposal-RFP) തയ്യാറാക്കി അയച്ചു നൽകൽ

സ്ഥാപനം തയ്യാറാക്കിയ ചുരുക്ക പട്ടികയിലെ സേവനദാതാക്കൾക്ക് വിശദാംശങ്ങൾ അയച്ചു നൽകി വിശദമായ പ്രൊപ്പൊസലുകൾ അവരിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം അയച്ചു നൽകുന്ന അഭ്യർത്ഥന(RFP)യിൽ ഇനിപ്പറയുന്നവ ഉൾപ്പെടുത്തിയിരിക്കണം.

എ. പ്രൊപ്പോസൽ ക്ഷണിച്ചുകൊണ്ടുള്ള കത്ത് (Letter of Invitation- LoI).

മൂല്യനിർണ്ണയരീതി ഇതിൽ കാണിച്ചിരിക്കണം. മൂല്യനിർണയരീതി മാന്വലിന്റെ അനുബന്ധം 2-ൽ J. 6-ൽ ഉദാഹരണമായി നൽകിയിട്ടുണ്ട്.

ബി. ടെക്നിക്കൽ പ്രൊപ്പോസൽ നൽകേണ്ടുന്ന മാതൃക.

സി. പരിഗണനാ വിഷയങ്ങൾ (ToR)

ഡി. കരാർ പത്രത്തിന്റെ കരട് മാതൃക.

#### പ്രൊപ്പോസൽ തുറന്ന് പരിശോധിക്കൽ

പ്രൊപ്പോസലുകൾ സ്വീകരിക്കേണ്ടത് സാങ്കേതികം (Technical), സാമ്പത്തികം (Financial) എന്നിങ്ങനെ രണ്ട് വിഭാഗമായി പ്രത്യേകം പ്രത്യേകം കവറിലാണ്. ആദ്യം തുറക്കേണ്ടത് ടെക്നിക്കൽ പ്രൊപ്പോസൽ ആണ്. അവ പരസ്യമായി തുറന്ന് നേരത്തെ നിശ്ചയിച്ചിട്ടുള്ളതും RFPയിൽ നൽകിയിരിക്കുന്നതുമായ മൂല്യ നിർണയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിഗണനാർഹമായവ കണ്ടെത്തണം. നിശ്ചിത യോഗ്യതയുള്ളവരുടെ മാത്രം ഫിനാൻഷ്യൽ പ്രൊപ്പോസൽ പിന്നീട് പരസ്യമായി തന്നെ തുറക്കണം. സാമ്പത്തിക നിരക്കുകളിലും ചില ഘടകങ്ങൾക്കു മുൻതൂക്കം (weightage) നൽകാവുന്നതും അതുകൂടി കണക്കിലെടുത്ത് യോഗ്യരായവരെ കണ്ടെത്തേണ്ടതുമാണ്.

#### കരാറിലേർപ്പെടൽ

ടെക്നിക്കൽ, ഫിനാൻഷ്യൽ പ്രൊപ്പോസലുകളുടെ മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ഉയർന്ന സ്കോർ നേടുന്ന സേവനദാതാവുമായി നെഗോഷ്യേഷൻ നടത്തിയ ശേഷമാണ് കരാറിലേർപ്പെടേണ്ടത്.

#### മോണിറ്ററിംഗ്

കരാറിലേർപ്പെട്ടവരുടെ പ്രവർത്തനം ശാസ്ത്രീയമായി മോണിറ്റർ ചെയ്യേണ്ടതും മികവ് ഉറപ്പുവരുത്തേണ്ടതുമാണ്. കരാർ ലംഘനങ്ങൾ നടത്തുന്നവരെ ഭാവിയിൽ വീണ്ടും തെരഞ്ഞെടുക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ■

*ലേഖകൻ പഞ്ചായത്ത് വകുപ്പിൽ സെക്രട്ടറിയാണ്, നിലവിൽ അക്ഷയ കാസർഗോഡ് അസിസ്റ്റന്റ് ജില്ലാ കോർഡിനേറ്ററാണ്.*
*ഫോൺ: 9446017388*

**കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ 12-ാം പഞ്ചവത്സരപദ്ധതി നയ സമീപനരേഖയുടെ പ്രകാശനം**

*പേജ് 15ൽ നിന്ന്*

മുൻ ധനകാര്യവകുപ്പുമന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തി.

12-ാം പഞ്ചവത്സര പദ്ധതിയെ നമ്മൾ സമീപിക്കുമ്പോൾ കഴിഞ്ഞ പദ്ധതികളുടെ വിലയിരുത്തൽ ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. ജനകീയാസൂത്രണത്തിന്റെ എറ്റവും ആവേശകരമായ അനുഭവം ശാസ്ത്ര-സാങ്കേതിക വിദഗ്ധരുടെ പങ്കാളിത്തം ആയിരുന്നു. സന്നദ്ധ സാങ്കേതിക വിദഗ്ദ്ധരേയും പ്രതിബദ്ധത ഉള്ളവരെയും ഉൾപ്പെടുത്തിക്കൊണ്ട് സമിതികൾ ഉണ്ടാക്കാൻ അഭ്യർത്ഥന വന്നപ്പോൾ ഏഴ് വൈസ് ചാൻസിലർമാർ മുന്നോട്ടു വന്നു. ഏറ്റവും ആവേശകരമായ അനുഭവമായിരുന്നു അത്. രണ്ട് മേജർ ജനറൽമാരും ഉണ്ടായിരുന്നു. ഏതാണ്ട് 22-ഓളം ചീഫ് എഞ്ചിനീയർമാരും അംഗങ്ങളാകാൻ വന്നു. കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് മാത്രം ലഭ്യമാകുന്ന സാങ്കേതിക വൈദഗ്ധ്യം പഞ്ചായത്തുകൾക്ക് ലഭ്യമാക്കി എന്നതാണ് ഇതിന്റെ നേട്ടം. ഇവരാരും എന്തെങ്കിലും യാത്രാബത്ത വാങ്ങിയിട്ടല്ല പണിയെടുത്തത്. ഇപ്പോൾ കൂടുതൽ ഉദ്യോഗസ്ഥ മേധാവിത്വപരമായി കാര്യങ്ങൾ മാറിയിരിക്കുന്നു. അവരുടെ വീട്ടിൽ ചെന്നാലെ ഒപ്പിട്ട് കിട്ടൂ എന്നുള്ള സ്ഥിതിവിശേഷം വന്നിട്ടുണ്ട്. ഇതെങ്ങനെ കാര്യക്ഷമമാക്കാം എന്നതിന് കൂട്ടായി ആലോചിച്ച് വേണ്ട ഭേദഗതി വരുത്തി മുന്നോട്ട് പോകണം, അദ്ദേഹം പറഞ്ഞു.

അസോസിയേഷൻ നടത്തിയ ശ്രമകരമായ പ്രവർത്തനത്തെ സംസ്ഥാനത്തെ ആസൂത്രണബോർഡ് അംഗം സി.പി. ജോൺ അഭിനന്ദിച്ചു. സമയബന്ധിതമായി വിപുലമായ ചർച്ചകളിലൂടെ തയ്യാറാക്കപ്പെട്ട രേഖ സമസ്തമേഖലകളെയും പ്രതിപാദിക്കുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

നാലാം സംസ്ഥാന ധനകാര്യകമ്മിഷൻ ചെയർമാൻ പ്രൊഫ. എം.എ. ഉമ്മൻ, കുടുംബശ്രീ സംസ്ഥാന മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദാ മുരളീധരൻ, കില ഡയറക്ടർ ഡോ. പി.പി. ബാലൻ, അസോസിയേഷൻ മുൻ സംസ്ഥാന പ്രസിഡന്റ് കെ. നാരായണൻ, അഡ്വ. കോശി എം. കോശി, സി.പി. റസാഖ്, കെ.കെ. ജിന്നാസ്, അസോസിയേഷൻ വൈസ് പ്രസിഡന്റ് എൻ.പി. സ്നേഹജൻ, തുടങ്ങിയവർ സംസാരിച്ചു. അസോസിയേഷൻ സംസ്ഥാന ജോയിന്റ് സെക്രട്ടറി എം. നസീർ കൃതജ്ഞത പറഞ്ഞു. ■

*ലേഖകൻ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റാണ്*

## കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ

### 12-ാം പഞ്ചവത്സരപദ്ധതി വികേന്ദ്രീകൃത വികസനാസൂത്രണം സമീപനരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ

- മേൽത്തട്ടിൽനിന്നും പദ്ധതികൾ, ഫണ്ട് വകയിരുത്തൽ ഉപാധി തുടങ്ങിയവ അടിച്ചേൽപ്പിക്കുന്ന വകയിരുത്തൽ പ്രക്രിയ മാറ്റണം. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്വാതന്ത്ര്യത്തെ ബാധിക്കുന്നു. എന്നാൽ വകുപ്പുതല തദ്ദേശഭരണ സംയുക്ത പരിപാടികൾ ആകാം. പക്ഷേ അതിന്റെ ആസൂത്രണം നേരത്തെ ആകണം. അതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പഞ്ചവത്സരപദ്ധതി സഹായകമാകും.
- ഓരോ വർഷവും 80% തുക ചെലവഴിക്കണമെന്ന നിബന്ധന മാറണം. ഒരു പഞ്ചവത്സരപദ്ധതി കാലയളവിൽ ആദ്യത്തെ രണ്ടു വർഷം നിർവ്വഹണപരിധി പറയാതെ തുക അനുവദിക്കണം. മൂന്നാംവർഷം തുക ലഭിക്കണമെങ്കിൽ ആദ്യ രണ്ടുവർഷം കിട്ടിയ തുകയുടെ 70% എങ്കിലും ചെലവഴിച്ചിരിക്കണം. അല്ലെങ്കിൽ അത്രയും തുക കുറച്ചേ മൂന്നാം വർഷം നല്കാവൂ. നാലാം വർഷം പണം ലഭിക്കുന്നതിന് ആദ്യ മൂന്നുവർഷത്തേത് 85% എങ്കിലും ചെലവാക്കിയില്ലെങ്കിൽ ഷോർട്ട് ഫോൾ ഉണ്ടാവുമെന്നും വ്യവസ്ഥപ്പെടുത്തണം. അഞ്ചാംവർഷം നിർവഹണപരിധി 90% ആയും നിജപ്പെടുത്തണം.
- പെർഫോമൻസ് ഓഡിറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ്, എ.ജി.യുടെ ഓഡിറ്റുകൾ എന്നിവ സമയബന്ധിതമാവണം. എല്ലാവരും കൂടി അടുത്തടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഏറ്റവും തിരക്കുള്ള സമയത്ത് ഓഡിറ്റ് നടത്താതിരിക്കുക, ഇത്തരം കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതോടൊപ്പം ഇത്തരം ഓഡിറ്റുകൾക്ക് അഞ്ചുവർഷത്തെ ഒരു ടൈംടേബിൾ തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നല്കാമെങ്കിൽ വളരെ നന്നായിരിക്കും.
- കേന്ദ്ര-സംസ്ഥാനസർക്കാരുകൾ പിരിച്ചെടുക്കുന്ന നികുതികളിൽനിന്ന് മാനദണ്ഡാധിഷ്ഠിതമായി കാലാകാലം പരിഷ്ക്കരിക്കപ്പെടുന്ന നിരക്കുകൾക്കനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വിഹിതം ഉറപ്പുവരുത്തണം.
- സംസ്ഥാനസർക്കാർ-ആസൂത്രണബോർഡ്-ഡി.പി.സി. മാർഗരേഖകൾക്ക് വിധേയമായി പഞ്ചായത്ത്-വാർഡ് തലത്തിൽ പദ്ധതിനിർദ്ദേശം സ്വരൂപിക്കുന്നതിലേക്കായി ഗ്രാമസഭയ്ക്കു കീഴിൽ ഓരോ വാർഡിൽനിന്നും പ്രാതിനിധ്യസ്വഭാവത്തോടെയുള്ള ഓരോ വാർഡ് വികസന സമിതികൾക്കും അവയുടെ അപ്പക്സ് രൂപമായി പഞ്ചായത്തുതല വികസനസമിതിക്കും വ്യവസ്ഥ ഉണ്ടാകണം.
- സാങ്കേതിക അനുമതി വേണ്ട പ്രോജക്ടുകൾ മാത്രമേ സൂക്ഷ്മപരിശോധന ആവശ്യമുള്ളൂ (ഉദാഹരണം നിർമ്മാണ പ്രവൃത്തികൾക്ക്). അല്ലാത്ത പ്രോജക്ടുകൾക്ക് അതത് തദ്ദേശഭരണ സ്ഥാപനത്തിനു തന്നെ സാങ്കേതിക അനുമതി നല്കാനുള്ള വിദഗ്ദ്ധരായ ജീവനക്കാർ ഉണ്ട് (ഉദാ: കൃഷി ഓഫീസർ, വെറ്ററിനറി സർജൻ...) അവർക്ക് സാങ്കേതികമികവ് ഉറപ്പുവരുത്തി ഒപ്പിടാവുന്നതാണ്. ഇത് സാങ്കേതിക അനുമതിയായിക്കണ്ട് ഉത്തരവാദിത്വം അവരിൽ നിക്ഷിപ്തമാക്കണം. കൂടാതെ പ്രോജക്ടിന്റെ മറ്റു സാങ്കേതിക കാര്യങ്ങൾ അവരുൾപ്പെടുന്നതും ഉത്തരവാദിത്വവും ബാധ്യതയും നിർണ്ണയിക്കപ്പെടുന്നതുമായ മൂന്നംഗ ചാർട്ടേർഡ് എക്സ്പർട്ട് കമ്മിറ്റി (സി.ഇ.സി.) രൂപീകരിച്ച് ബ്ലോക്ക്- ജില്ലാതല വെറ്റിംഗ് വ്യവസ്ഥപ്പെടുത്തണം. ഇവരുടെ ബത്ത ഉൾപ്പെടെ അനിവാര്യചെലവുകൾ അടക്കം അതിനുവേണ്ട സംവിധാനമുണ്ടാവണം. ഡി.പി.സി. പൊതുപദ്ധതിയും പ്രോജക്ടും ആമുഖമടങ്ങുന്ന കുറിപ്പും മാത്രം പരിശോധിച്ചാൽ മതി, പ്രോജക്ടിന് അംഗീകാരവും തുടർനിരീക്ഷണവും ഉറപ്പാക്കാൻ പ്രത്യേക സംവിധാനം ഒരുക്കണം.
- കാർഷിക ഭൂവിസ്തൃതി (ഭക്ഷ്യോത്പാദനം പ്രത്യേകിച്ച്), ഉത്പാദനം എന്നിവയിൽ സംഭവിച്ചുവന്ന ഇടിവ് തടയാനും അൽപമാത്രയെങ്കിലും സ്ഥിതി മെച്ചപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. എന്നാൽ ആവശ്യത്തിന്റെയോ പ്രതീക്ഷയുടെയോ ചെറിയ അംശംപോലും നേടി എന്ന് അവകാശപ്പെടാനാവില്ല ധാന്യം, ഇതര ഭക്ഷ്യവിളകൾ, പാൽ, മത്സ്യം, മുട്ട, മാംസം എന്നിവയും അവയുടെ അനുബന്ധമേഖലകളും ഉൾക്കൊള്ളുന്ന പ്രാഥമികോത്പാദന സമഗ്രപദ്ധതി അടിസ്ഥാനതലത്തിൽ രൂപപ്പെടണം. പദ്ധതിവിഹിതം, സബ്സിഡി വിഹിതം എന്നിവ നീതിപൂർവ്വകവും ശാസ്ത്രീയവുമായി വിതരണം ചെയ്യപ്പെടാനും ഉത്പാദനത്തിൽ പ്രതിഫലിക്കാനും കഴിയണമെങ്കിൽ തദ്ദേശീയ തലത്തിൽ അംഗീകൃത യഥാർത്ഥ കർഷക-കർഷകാനുബന്ധ സംരംഭകരുടെ നിയതമായ പട്ടിക തയ്യാറാകണം. ഇക്കാര്യത്തിൽ അടിയന്തരമായി പൈലറ്റ് പദ്ധതി നടപ്പിലാക്കി പരിശോധിക്കാനും കഴിയണം. ■










# ഞാൻ കണ്ട ഡൽഹി


ലേഖനപരമ്പര - 23

**റോയ് ചാക്കോ ഇളമണ്ണൂർ**

ഇന്ത്യയിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ വളരെ പ്രകടമായ രീതിയിൽ മുഖഛായ മാറിയ സിറ്റിയാണ് ഡൽഹി. 5 വർഷം മുൻപ് ഡൽഹി സന്ദർശിച്ചവർ ഈ നഗരത്തിലെത്തിയാൽ എങ്ങനെ ഇത്രയ്ക്കും ആധുനിക വളർച്ചയുണ്ടായി എന്നതിശയിച്ചു പോകും. അന്താരാഷ്ട്ര നിലവാരത്തിലേക്കാണ് ഈ നഗരം 5 വർഷത്തിനുള്ളിൽ കുതിച്ചെത്തിയത്. അതിൽ പ്രധാന പങ്കു വഹിച്ചത് നഗരത്തിനടിയിലൂടെയും (ഭൂമിക്കടിയിലൂടെയും) നഗരത്തിനുമുകളിലൂടെയും പണിതുയർത്തിയ മെട്രോ റെയിൽ പദ്ധതിയും ശരാശരി ഒരു കിലോമീറ്റർ നീളമുള്ള വിശാലമായ ഫ്ളൈഓവറുകളും (മേൽപ്പാലങ്ങളും) ആണ്. ഏറ്റവും കുറഞ്ഞത് 4 ബസുകൾക്ക് ഒരേ നിരയിൽ ഓടാവുന്നത്ര വീതിയുള്ള റോഡുകൾ നാലോ ആറോ എണ്ണം സംഗമിക്കുന്ന എല്ലാ പ്രധാന ജംഗ്ഷനുകളിലും വലിയ നീളമുള്ളതും വിശാലവുമായ ഫ്ളൈഓവറുകൾ നെടുകെയും കുറുകെയും ഈ മഹാനഗരത്തിന്റെ എല്ലാ ഭാഗങ്ങളിലും പടുത്തുയർത്തിക്കഴിഞ്ഞു; പണിഞ്ഞുകൊണ്ടിരിക്കുന്നു. നഗരത്തിന് പെട്ടെന്നൊരു അത്യാധുനികവൽക്കരണം നടപ്പിലാക്കുവാൻ പ്രേരണയായത് ഡൽഹി കോമൺവെൽത്ത് ഗെയിംസ് തന്നെ. കൂറ്റൻ പാലങ്ങളിലൂടെയുള്ള മെട്രോ ട്രെയിൻ സർവീസും അന്തർദ്ദേശീയ നിലവാരമുള്ള ഫ്ളൈഓവറുകളും വരുന്നതിനു മുൻപുതന്നെ പരിസ്ഥിതിക്കും അധികൃതർ പ്രാധാന്യം കൊടുത്തിരുന്നു. വടക്കേന്ത്യയിലെ നാലു മാസത്തെ കഠിനമായ ചൂടിനെയും പത്തുമാസം നീണ്ടു നിൽക്കുന്ന വരൾച്ചയെയും ഒക്കെ അതിജീവിച്ച് വളരുവാൻ കഴിവുള്ള തണൽ വൃക്ഷങ്ങൾ എല്ലാ റോഡിന്റെയും ഇരുവശങ്ങളിലും വ്യാപകമായി നട്ട് പ്രാധാന്യത്തോടെ സംരക്ഷിക്കുന്ന 'ഗ്രീൻ ഡൽഹി' എന്ന ബൃഹത്തായ പദ്ധതി കേന്ദ്ര ഗവണ്മെന്റ് 15 വർഷം മുൻപുതന്നെ നടപ്പിലാക്കിയിരുന്നു. ഇതിൽ സംസ്ഥാന ഗവൺമെന്റും അവരുടെ പങ്കു വഹിച്ചു. മരുഭൂമിയിലെ മഴപോലെ ഇന്ന് ആ വൃക്ഷങ്ങൾ ഡൽഹിയിലെ റോഡുകൾക്ക് തണൽ നല്കുന്നു, നഗരത്തെ പച്ചയണിയിക്കുന്നു, നഗരത്തിന് ഓക്സിജൻ നൽകുന്നു. കേരളത്തിൽ അങ്ങനൊരു കാഴ്ച തിരുവനന്തപുരത്തെ കവടിയാർ മുതൽ വെള്ളയമ്പലംവരെയുള്ള ഒരു കിലോമീറ്റർ ദൂരത്തിലേയുള്ളൂ എന്നാണ് തോന്നുന്നത്. ഇതുപോലെ തണൽ വിരിച്ച റോഡുകളാണ് ഡൽഹിയിലെ മിക്കയിടങ്ങളിലും. പ്രത്യേകിച്ചും പ്രധാന ഭാഗങ്ങളിൽ. മുകളിലേക്ക് ഒരു പിടി മണലെറിഞ്ഞാൽ ആ മണൽത്തരികൾ ഒന്നുപോലും മണ്ണിൽ വീഴില്ല, ഡൽഹിനഗരത്തിലെന്ന് പറച്ചിലുണ്ട്. ഇത് അതിശയോക്തി കലർന്നതാണെങ്കിലും ഇവിടുത്തെ ജനക്കൂട്ടത്തെയും വാഹനബാഹുല്യത്തെയും പരിഗണിച്ചാൽ ആ പറച്ചിൽ ഏതാണ്ട് ശരിയാണെന്നു തോന്നും. മുകളിലേക്കെറിയുന്ന മണൽ ഒന്നുകിൽ ജനങ്ങളിൽ വീഴും, അല്ലെങ്കിൽ വാഹനങ്ങളിൽ വീഴും. ഇതുമല്ലെങ്കിൽ കെട്ടിടങ്ങളുടെ പുറത്ത് വീഴും. അങ്ങനെയുള്ള ഒരവസ്ഥയിൽ മനുഷ്യനന്മയ്ക്കുവേണ്ടി, നഗരത്തിന്റെ നിലനിൽപ്പിനുവേണ്ടി ഗവൺമെന്റ് നടപ്പിലാക്കിയ ഏറ്റവും വിലയേറിയ പദ്ധതിയാണ് ഡൽഹിയെ വൃക്ഷനിബിഢമാക്കാനുള്ള കർമ്മപദ്ധതി എന്നു പറയാം. അതിന്റെ അനുഗ്രഹമാണ് തലസ്ഥാന നഗരി ഇപ്പോൾ ഏറ്റുവാങ്ങുന്നത്. വിശാലമായ റോഡിന്റെ മദ്ധ്യഭാഗത്തും ചെറിയ രീതിയിൽ വളരുന്ന വൃക്ഷങ്ങളും ചെടികളും വെച്ചുപിടിപ്പിക്കാനും ഗവൺമെന്റ് ശ്രദ്ധ ചെലുത്തുന്നുണ്ട്. ഇത് റോഡുകളെ കൂടുതൽ മനോഹരമാക്കുകയും ചെയ്യുന്നു. അന്തരീക്ഷത്തിലെ മലിനവായു പിടിച്ചെടുത്ത് പകരം ഓക്സിജൻ നമുക്കു നൽകി നിശ്ശബ്ദമായ സേവനം കാഴ്ചവച്ചുക്കൊണ്ടിരിക്കുന്ന ആയിരക്കണക്കിന് വൃക്ഷങ്ങൾ 15 വർഷംമുൻപ് നട്ടുവളർത്തിയ അധികൃതരുടെ, ആ വിശാലമായ കാഴ്ചപ്പാടിനെ രാഷ്ട്രീയഭേദമെന്യേ ഈ നഗരത്തിലെത്തുന്ന ആരും അനുമോദിച്ചു പോകും.

ഡൽഹി നഗരത്തിലെ മെട്രോ റെയിൽപാതയുടെ നിർമ്മാണവും അന്താരാഷ്ട്ര പ്രശസ്തിനേടി. ലോകത്ത് ലണ്ടൻ,







ഹോങ്കോങ്, സിയോൾ, ഷാങ്ഹായ് ക്വലാലംപൂർ എന്നീ നഗരങ്ങളിലാണ് നിലവിൽ അതിവേഗ മെട്രോ റെയിൽപാതയുള്ളത്. ഡൽഹി അതിവേഗപാതയുടെ നിർമ്മാണവും അതിവേഗത്തിലായിരുന്നു. 23 കിലോമീറ്റർ പാത നിർമ്മിക്കാൻ 27 മാസമേ എടുത്തുള്ളൂ.

ലണ്ടനിൽ 26 കിലോമീറ്റർ പാത നിർമ്മിക്കാൻ 5 വർഷം എടുത്തു. ചൈനയിലെ ഷാങ്ഹായി വിമാനതാവള പാത (30 കിലോമീറ്റർ) നിർമ്മിക്കാൻ 3 വർഷം എടുത്തു. ഏതാണ്ട് ഇതേ വേഗതയിലാണ് ഡൽഹി മെട്രോ കോർപ്പറേഷൻ, വിമാനതാവള അതിവേഗ പാത നിർമ്മിച്ചത്. 5700 കോടി രൂപയാണ് ചെലവ്. 2011 ഫെബ്രുവരി 23 നാണ് എയർപോർട്ട് മെട്രോയിൽ സർവീസ് ആരംഭിച്ചത്. ന്യൂഡൽഹിയിൽനിന്ന് എയർപോർട്ടിലേക്ക് ഇപ്പോൾ 80 രൂപയാണ് ടിക്കറ്റ് നിരക്ക്. 20 മിനിറ്റ് കൊണ്ട് എത്താം. വിദേശരാജ്യങ്ങളിലെ വിമാനതാവള മെട്രോ പാതകളിൽ ഉപയോഗിക്കുന്ന ആധുനിക സൗകര്യങ്ങളുള്ള കോച്ചുകളാണ് സർവ്വീസിനായി ഉപയോഗിക്കുന്നത്. സ്പെയിനിൽ നിർമ്മിച്ച കോച്ചുകളാണ് ഓടുന്നത്.

ആനന്ദവിഹാറിൽ നിന്ന് ഗാസിയാബാദിലെ വൈശാലിയിലേക്കുള്ള മെട്രോ ട്രയിൻ പാത ഉടൻതന്നെ പ്രവർത്തനമാരംഭിക്കും. മൂന്നാമത്തെ സംസ്ഥാനാന്തര പാതയാണിത്. നോയിഡയിലേക്കുള്ളതായിരുന്നു ആദ്യ സംസ്ഥാനാന്തര മെട്രോപാത. 2009 നവംബറിൽ തുറന്നു. ഹരിയാനയിലെ ഗുഡ്ഗാവിലേക്കുള്ളത് 2010 ജൂണിൽ തുറന്നു.

ഡൽഹി മെട്രോ മൂന്നാംഘട്ട പദ്ധതിക്ക് ഡൽഹി സംസ്ഥാനമന്ത്രിസഭ 2011 ഏപ്രിൽ 11ന് അംഗീകാരം നൽകിയിട്ടുണ്ട്. 2 പുതിയ പാതകളുടെ നിർമ്മാണവും നിലവിലുള്ള 3 പാതകളുടെ ദീർഘിപ്പിക്കലുമാണ് നടത്തുന്നത്. ആകെ 108 കിലോമീറ്റർ പാത നിർമ്മിക്കും. പദ്ധതിക്ക് 30, 000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഡൽഹി മെട്രോ രണ്ടാംഘട്ട പദ്ധതിയിലും 108 കിലോമീറ്റർ ദൂരത്തിൽ പാത നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. അത് പൂർത്തിയായിക്കഴിഞ്ഞു.

പുതിയ പാതയിൽ ഒന്ന് മുകുന്ദ്പൂർ മുതൽ യമുനവിഹാർവരെ 56 കിലോമീറ്റർ ദൂരത്തിലാണ്. 35 സ്റ്റേഷനുകൾ ഇതിനിടയിൽ ഉണ്ടാകും. രണ്ടാമത്തെ പുതിയ പാത പടിഞ്ഞാറൻ ജനക്പുരിൽ നിന്ന് നോയിഡ ബൊട്ടാണിക്കൽ ഗാർഡൻവരെയാണ്. 34 കിലോമീറ്ററാണ് ദൂരം. 22 സ്റ്റേഷനുകൾ ഉണ്ടാകും. മൂന്നാംഘട്ട പദ്ധതിക്കായി കേന്ദ്രഗവൺമെന്റ് ബജറ്റിൽ 1351 കോടി വകയിരുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ കേന്ദ്ര വിഹിതമായി 452 കോടി രൂപയും നൽകും.

ഡൽഹി മെട്രോയുടെ മൂന്നാം ഘട്ടത്തിലെ ഭൂരിഭാഗവും ഭൂമിക്കടിയിലൂടെയായിരിക്കും എന്നതാണ് പ്രത്യേകത. 40 കിലോമീറ്ററിലേറെ ദൂരത്തിൽ അണ്ടർഗ്രൗണ്ട് പാതയായിരിക്കും. ഡൽഹിമെട്രോയ്ക്ക് ഇപ്പോൾ ആകെ 31 അണ്ടർഗ്രൗണ്ട് സ്റ്റേഷനുകളാണുള്ളത്. മൂന്നാം ഫേയ്സിൽ മാത്രം 28 അണ്ടർഗ്രൗണ്ട് സ്റ്റേഷനുകൾ ഉണ്ടാകും. അപ്രകാരം ഡൽഹിയിൽ 59 അണ്ടർഗ്രൗണ്ട് റെയിൽവേ സ്റ്റേഷനുകളാണ് നിലവിൽ വരിക.

നിലവിൽ 48 കിലോമീറ്റർ ദൂരത്തിലാണ് അണ്ടർഗ്രൗണ്ട് റെയിൽ പാത ഉള്ളത്. മൂന്നാം ഘട്ടപണികൾ പൂർത്തിയാകുമ്പോൾ ഇത് 90 കിലോമീറ്ററോളം ആകും. മൂന്നാംഘട്ട നിർമ്മാണത്തിൽ എയർപോർട്ടിൽ നിന്ന് കൽക്കാജിവരെ നിർമ്മിക്കുന്ന പാതയാണ് ഏറ്റവും നീളമുള്ള അണ്ടർഗ്രൗണ്ട് മേഖല–17 കിലോമീറ്റർ.

ഡൽഹി മെട്രോ റെയിൽ കോർപ്പറേഷന് (DMRC) നിലവിൽ 200 ട്രെയിനുകളാണുള്ളത്. ഡൽഹിയുടെ ജീവനാഡിയായി, നഗരത്തിൽ എല്ലായിടത്തുകൂടിയും അങ്ങോട്ടുമിങ്ങോട്ടും എപ്പോഴും അതിവേഗം ഓടിക്കൊണ്ടിരിക്കുന്ന ഈ സർവീസുകളുടെ പരിപാലനത്തിനും റെയിൽവേ സ്റ്റേഷനുകളിൽ സേവനത്തിനും ഭരണ, മെയിന്റനൻസ്, നിർമ്മാണ മേഖലകളിലുമായി 6800 ഉദ്യോഗസ്ഥരാണ് DMRCയ്ക്കുള്ളത്. ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ 17 വർഷത്തെ സ്തുത്യർഹമായ സേവനം പൂർത്തിയാക്കി. സ്ഥാപകദിനത്തോടനുബന്ധിച്ച് മാനേജിംഗ് ഡയറക്ടർ പുതിയൊരു പ്രെസ്റ്റീജ് പദ്ധതി പ്രഖ്യാപിക്കുകയും ചെയ്തു. അതിവേഗ എയർപോർട്ട് എക്സ്പ്രസ് പാത, ഡൽഹിയുടെ സാറ്റലൈറ്റ് നഗരമായ, ഹരിയാനയിലെ ഗുഡ്ഗാവ് (ഡൽഹിയുടെയും ഹരിയാനയുടെയും അതിർത്തിയിലാണ് ഈ നഗരം) വരെ നീട്ടാനാണ് ഉദ്ദേശിക്കുന്നത്. ഇന്ത്യയിൽ രണ്ടാമത്തെ മെട്രോ ബാംഗ്ളൂരിൽ കഴിഞ്ഞ മാസം ഓടിതുടങ്ങി. 7 കിലോമീറ്റർ ദൂരത്തിൽ മാത്രമേ പണി പൂർത്തിയായിട്ടുള്ളൂ. എന്നതിനാൽ ഈ ദൂരത്തിൽ മാത്രമേ സർവ്വീസുള്ളൂ.



അക്ഷർധാം ക്ഷേത്രം








**ലണ്ടനിൽ 26 കിലോമീറ്റർ പാത നിർമ്മിക്കാൻ 5 വർഷം എടുത്തു. ചൈനയിലെ ഷാങ്ഹായി വിമാനതാവള പാത (30 കിലോമീറ്റർ) നിർമ്മിക്കാൻ 3 വർഷം എടുത്തു. ഏതാണ്ട് ഇതേ വേഗതയിലാണ് ഡൽഹി മെട്രോ കോർപ്പറേഷൻ, വിമാനതാവള അതിവേഗ പാത നിർമ്മിച്ചത്. 5700 കോടി രൂപയാണ് ചെലവ്. 2011 ഫെബ്രുവരി 23നാണ് എയർപോർട്ട് മെട്രോയിൽ സർവീസ് ആരംഭിച്ചത്. ന്യൂഡൽഹിയിൽനിന്ന് എയർപോർട്ടിലേക്ക് ഇപ്പോൾ 80 രൂപയാണ് ടിക്കറ്റ് നിരക്ക്. 20 മിനിറ്റ് കൊണ്ട് എത്താം. വിദേശരാജ്യങ്ങളിലെ വിമാനതാവള മെട്രോ പാതകളിൽ ഉപയോഗിക്കുന്ന ആധുനിക സൗകര്യങ്ങളുള്ള കോച്ചുകളാണ് സർവ്വീസിനായി ഉപയോഗിക്കുന്നത്. സ്പെയിനിൽ നിർമ്മിച്ച കോച്ചുകളാണ് ഓടുന്നത്.**

ബസിൽ ഡൽഹി ചുറ്റിക്കറങ്ങാനായി 40 രൂപയുടെ പാസ് എടുക്കുന്നതാണ് നല്ലത്. 50 രൂപയുടെ പാസ് എടുത്താൽ ഏസി ബസുകളിലും യാത്ര ചെയ്യാം. ഒരു ദിവസം ഈ പാസ്കൊണ്ട് എത്ര ബസിൽ വേണമെങ്കിലും യാത്ര ചെയ്യാം. പാസിൽ ആളിന്റെ പേരും വയസും തീയതിയും കണ്ടക്ടർ എഴുതി നൽകും.

ഡൽഹിയിലെ എല്ലാ വീടുകളിൽ നിന്നും വെയ്സ്റ്റ് എടുത്തുകൊണ്ടുപോകാനുള്ള ക്രമീകരണമുണ്ട്. സ്വകാര്യ ഏജൻസികളാണിതു ചെയ്യുന്നത്. ഒരു മാസത്തേക്ക് 30 രൂപയാണ് ചാർജ്. കേരളവുമായി താരതമ്യപ്പെടുത്തുമ്പോൾ, ഉപയോഗിച്ച കാറുകൾക്ക് ഡൽഹിയിൽ വളരെ വിലക്കുറവാണ്. 'FOR SALE' എന്ന ബോർഡുവച്ച് കാറുകൾ വഴിയോരത്ത് നിരത്തിയിട്ടിരിക്കുന്നതു കാണും. എല്ലാ സ്ഥലങ്ങളിലും റോഡരികിൽ തുണി തേച്ചുകൊടുക്കുന്ന ആൾക്കാരെ കാണാം. കരിയിട്ടു തേക്കുന്ന തേപ്പുപെട്ടിയാണിവർ ഉപയോഗിക്കുന്നത്. ഷർട്ടായാലും പാന്റ്സായാലും 2 രൂപയാണ് നിരക്ക്.

അക്ഷർധാം ക്ഷേത്രവും ഡൽഹിയിലെ ഒരു സന്ദർശന കേന്ദ്രമാണ്. ക്ഷേത്രം മുഴുവൻ നടന്നുകാണാൻ മൂന്നാലുമണിക്കൂർ വേണ്ടിവരും. പ്രവേശനം സൗജന്യമാണ്. തിങ്കളാഴ്ച പ്രവേശനമില്ല. ശില്പ ചാരുതയാർന്ന ക്ഷേത്രവും മനോഹരമായ പരിസരവും ഇതിന്റെ ദൃശ്യഭംഗി കൂട്ടുന്നു. 100 ഏക്കർ വിസ്തൃതിയുള്ള കോമ്പൗണ്ടിലാണ് ക്ഷേത്രം സ്ഥിതിചെയ്യുന്നത്. വിശാലമായ ഹാളുകളും പൂന്തോട്ടങ്ങളുമൊക്കെ ഈ ക്ഷേത്ര പരിസരത്തുണ്ട്. യമുനാനദിക്കക്കരെ മയൂർ വിഹാറിനു സമീപമാണ് ലോകപ്രശസ്തമായ ഈ ക്ഷേത്രം. 2010ലെ കോമൺവെൽത്ത് ഗെയിംസ് വില്ലേജ് ഈ ക്ഷേത്രത്തിന് സമീപമായിരുന്നു. ഈ ആധുനിക ക്ഷേത്രത്തിലെ ഓരോ മണ്ഡപത്തിലും ആയിരക്കണക്കിന് കൽപ്രതിമകളുണ്ട്. 2005 നവംബറിലാണ് ഈ ക്ഷേത്രം രാഷ്ട്രപതി ഡോ. A.P.J. അബ്ദുൾകലാം ജനങ്ങൾക്കായി തുറന്നുകൊടുത്തത്. 7000 കൊത്തുപണിക്കാർ 5 വർഷം തുടർച്ചയായി ജോലിചെയ്താണ് ഇതിലെ ശില്പങ്ങൾക്ക് രൂപം നൽകിയത്. കിഴക്കൻ ഡൽഹിയിൽ യമുനാ നദിക്കരയിലുള്ള ഈ ക്ഷേത്രം ലോകത്തിലെ ഏറ്റവും വലിയ ഹൈന്ദവക്ഷേത്ര സമുച്ചയമായി ഗിന്നസ് റെക്കോർഡിൽ ഇടം നേടിയിട്ടുണ്ട്.

ഒരു സന്ദർശകന് ഇന്ത്യയുടെ ഭരണസിരാകേന്ദ്രമായ ഡൽഹിയിൽ ഇനി കാണാൻ ഇതുപോലെ പ്രസിദ്ധമായ നിരവധി കേന്ദ്രങ്ങളുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള, ഡൽഹിയിലെ മ്യൂസിയങ്ങൾ മാത്രം സന്ദർശിക്കാൻ രണ്ടാഴ്ചയെങ്കിലും ഡൽഹിയിൽ തങ്ങണം. അതുപോലെ ഈ ലേഖനപരമ്പരയിൽ പരാമർശിക്കാത്ത നിരവധി കാര്യങ്ങൾ കാഴ്ചകൾ ചരിത്രമുറങ്ങുന്ന ഈ മഹാനഗരത്തിലുണ്ട്. ഈ ലേഖന പരമ്പര ഡൽഹിയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ചുള്ള ഒന്നല്ല. ചില പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ പരാമർശിച്ചു എന്നു മാത്രം.

ഡൽഹിയിൽ എത്തുന്ന മലയാളികൾക്ക് അത് കൊച്ചിയാണെന്നേ തോന്നുകയുള്ളൂ. ഇവിടുത്തെ തമിഴന് ഇത് ചെന്നൈയും തെലുങ്കന് ഹൈദ്രാബാദുമാണ്. പാറ്റ്നയിലുള്ള സ്വാതന്ത്ര്യം ബീഹാറിക്ക് ഡൽഹിയിൽ കിട്ടും. മഹാരാഷ്ട്രക്കാരന് മുംബൈപോലെതന്നെയാണ് ഡൽഹിയും. മിസ്സോറാം, അരുണാചൽപ്രദേശ് എന്നിവിടങ്ങളിൽ നിന്നുള്ളവർക്കെല്ലാം അവരവരുടെ സ്വന്തം സ്ഥലംപോലെ തോന്നും ഡൽഹിയിൽ ജീവിച്ചാൽ. ഇപ്രകാരം എല്ലാവർക്കും സ്വന്തം സംസ്ഥാനം എന്ന തോന്നൽ ലഭിക്കത്തക്ക സ്വാതന്ത്ര്യം ഇവിടുണ്ട് വിവിധ വിദേശ രാജ്യങ്ങളിൽ നിന്നുള്ളവരും ഈ നഗരത്തിൽ ഉള്ളതിനാൽ 'ഇന്ത്യാക്കാരന് മാത്രം സ്വന്തം' എന്ന കാഴ്ചപ്പാടും ജനിക്കില്ല.

എല്ലാവരുടെയും സംസ്ഥാനം, തലസ്ഥാനനഗരം എന്ന് അനുഭവത്തിലൂടെ അറിഞ്ഞ് ജീവിക്കാമെങ്കിലും ഇവിടുത്തെ കഠിനമായ 4 മാസ വേനലും 3 മാസത്തെ അതിശൈത്യവും സ്ഥിരമായ താമസത്തിൽ നിന്ന് ഈ നഗരം നമ്മെ അകറ്റുന്നു. കാലാവസ്ഥ അനുകൂലമായിരുന്നെങ്കിൽ ഡൽഹിയിൽ കുറച്ചുനാൾ എങ്കിലും താമസിച്ചവർ ഈ നഗരം വിട്ടുപോകുമെന്ന് തോന്നുന്നില്ല. അത്രയ്ക്കും ജീവിതസൗകര്യങ്ങൾ ഈ നഗരം നൽകുന്നു. അന്താരാഷ്ട്ര നിലവാരമുള്ള ഈ നഗരത്തിൽ കുറച്ചുനാൾ എങ്കിലും ജീവിക്കാൻ ലഭിക്കുന്ന അവസരം ഒരു ഇന്ത്യാക്കാരന് ലഭിക്കുന്ന ഭാഗ്യം തന്നെയാണ്. ■

*ഈ പരമ്പര ഈ ലക്കത്തോടെ നിർത്തുമ്പോൾ ഡൽഹിയിലേക്കുള്ള ഒരു കവാടം തുറക്കുവാൻ മാത്രമേ സാധിച്ചിട്ടുള്ളൂ എന്നാണ് ഈ ലേഖകൻ കരുതുന്നത്. പരമ്പര ഇവിടെ അവസാനിക്കുന്നു.*

*(ലേഖകൻ ഡൽഹി സെൻട്രൽ മോനിറ്ററിംഗ് സർവീസിൽ ന്യൂസ് മോനിറ്ററായിരുന്നു. ഇപ്പോൾ ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ന്യൂസ് എഡിറ്ററാണ്)*



# കേരളപ്പെരുമ

**കെ.എൽ. ശ്രീകൃഷ്ണ ദാസ്**

ലോകമെമ്പാടുമുള്ള മലയാളികൾക്ക് ഏറ്റവും പ്രിയപ്പെട്ട സുദിനമാണ് 1956 നവംബർ 1. അന്നാണ് മലയാളികളുടെ ചിരകാലാഭിലാഷമായ ഐക്യകേരളം പിറവിയെടുത്തത്. തിരു:കൊച്ചി സംസ്ഥാനവും മദ്രാസ് സംസ്ഥാനത്തെ ലക്ഷദ്വീപും മിനിക്കോയിയും ഒഴിച്ചുള്ള മലബാർ ജില്ലയും ദക്ഷിണകാനറ ജില്ലയിലെ കാസർകോട് താലൂക്കും കൂട്ടിച്ചേർത്താണ് കേരളം രൂപീകരിച്ചത്. 1956 ലെ സംസ്ഥാന പുന:സംഘടനാ നിയമമനുസരിച്ച് തിരു:കൊച്ചി സംസ്ഥാനത്തിലെ തിരുവനന്തപുരം ജില്ലയിലെ അഗസ്തീശ്വരം, തോവാള, കൽക്കുളം, വിളവൻകോട് എന്നീ താലൂക്കുകളും കൊല്ലം ജില്ലയിലെ ചെങ്കോട്ട താലൂക്കും മദ്രാസ് സംസ്ഥാനത്തിന് വിട്ടുകൊടുത്തു. ഭരണപരമായ ഈ ഐക്യം കൈവരിക്കുന്നതിന് നൂറ്റാണ്ടുകൾ മുൻപു തന്നെ കേരളം എന്ന ഭൂവിഭാഗത്തെക്കുറിച്ച് സഞ്ചാരികളും ചരിത്രകാരന്മാരും പരാമർശിച്ചിരുന്നു. ക്രിസ്തുവിനും മുൻപ് 4-ാം ശതകത്തിലെ കാത്യായനന്റെയും 2-ാം ശതകത്തിലെ പതഞ്ജലിയുടെയും രചനകളിൽ കേരളത്തെക്കുറിച്ചുള്ള സൂചനകളുണ്ട്. പരശുരാമൻ മഴുവെറിഞ്ഞ് കടലിൽ നിന്ന് വീണ്ടെടുത്തതാണ് കേരളം എന്ന ഐതിഹ്യം മലയാളി എന്നും മനസ്സിൽ വച്ച് ഓമനിക്കുന്ന ഒരു മനോഹര സങ്കല്പമാണ്. കേരം നിങ്ങിനിറഞ്ഞ നാടായതുകൊണ്ട് കേരളം എന്ന പേരുവന്നു എന്ന വാദമുഖവും പ്രസക്തമാണ്.

വിദേശികൾക്ക് എന്നും കേരളം ഒരു പറുദീസയായിരുന്നു. വ്യാപാരബന്ധങ്ങൾക്കായി കേരളം സന്ദർശിച്ച അറബികളുടെയും ഇസ്രേലികളുടെയും ഗ്രീക്കുകാരുടെയും റോമാക്കാരുടെയും ചൈനാക്കാരുടെയും ബ്രിട്ടീഷുകാരുടെയും ഒക്കെ സംസ്ക്കാര സവിശേഷതകളെ സ്വീകരിക്കാനും അവയുടെ അംശങ്ങളെ സ്വാംശീകരിക്കാനും കേരളം മടികാണിച്ചില്ല. അതുകൊണ്ട് തന്നെ കേരള സംസ്ക്കാരം വിശ്വസംസ്കൃതിയുടെ നന്മകൾ നിറഞ്ഞതാണെന്ന് കരുതുന്നതിൽ തെറ്റില്ല.

ആധുനിക കാലഘട്ടത്തിൽ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നത് കേരളത്തിന്റെ A,B,C,D യാണെന്ന് പറഞ്ഞുവരാറുണ്ട്. A എന്നാൽ Ayurveda, B എന്നാൽ Backwaters, C-Culture, D-Distance, ആയുർവ്വേദം എന്ന മഹത്തായ ചികിത്സാ സമ്പ്രദായത്തിന്റെ ഈറ്റില്ലമാണ് കേരളം. രോഗാതുരമായ അവയവത്തെ മാത്രം ചികിത്സിക്കാതെ പ്രകൃതിനിയമങ്ങൾക്കനുസൃതമായി ഒരു രോഗിയെ പരിപൂർണ്ണമായി മനസ്സിലാക്കി ചികിൽസിക്കുന്ന രീതിയാണിത്. കേരളത്തിന്റെ സമതുലിത കാലാവസ്ഥയും ഔഷധസസ്യങ്ങൾ നിറഞ്ഞ വനങ്ങളും ഇളം കുളിരുള്ള മഴക്കാലവുമൊക്കെ ആയുർവ്വേദ ചികിത്സയ്ക്ക് തികച്ചും അനുയോജ്യമാണ്. മനുഷ്യശരീരത്തെ വാത, പിത്ത, കഫ പ്രകൃതികളായി തരം തിരിച്ച് അവയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്ന ഈ ചികിൽസാ രീതി ഇന്ന് ലോകപ്രസിദ്ധമായിക്കഴിഞ്ഞിട്ടുണ്ട്. ഈ ചികിത്സാരീതി തികഞ്ഞ അർപ്പണബോധത്തോടെ പിൻതുടരുന്ന നാടാണ് കേരളം. ആയുർവ്വേദത്തിലെ സ്വാസ്ഥ്യ, ശോധന, ശമന ചികിത്സകൾക്കായി ദിനംപ്രതി ഒട്ടേറെ വിദേശികൾ ഇവിടെ എത്തിച്ചേരുന്നു. സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ആയുർവ്വേദ ആന്റ് സിദ്ധ (CCRAS) എന്ന സ്ഥാപനത്തിന് പൂജപ്പുരയിലും ചെറുതുരുത്തിയിലും സെന്ററുകളുണ്ട്. കോട്ടയ്ക്കലിലും ഒല്ലൂരിലുമുള്ള സ്വകാര്യ കോളേജുകളും തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ എന്നിവിടങ്ങളിലെ ഗവൺമെന്റ് കോളേജുകളും ഉൾപ്പെടെ അഞ്ച് ആയുർവ്വേദകോളേജുകളും 111 ആയുർവ്വേദ ആശുപത്രികളും 68 ആയൂർവ്വേദ ഡിസ്പൻസറികളും കേരളത്തിലുണ്ട്. കേരളത്തിന്റെ പ്രശസ്തി വിശ്വവ്യാപകമാക്കുന്നതിൽ ആയൂർവ്വേദം സ്തുത്യർഹമായ പങ്ക് വഹിക്കുന്നു.

B എന്നാൽ Backwaters അഥവാ തടാകങ്ങൾ. ഇത്രയേറെ ജലാശയങ്ങളുള്ള മറ്റൊരു സംസ്ഥാനം ഇന്ത്യയിലുണ്ടോ എന്ന് സംശയമാണ്. 44 പ്രധാന നദികൾക്കു പുറമേ ഒട്ടേറെ കായലുകളും തടാകങ്ങളും മലയാളനാടിന്റെ മനോഹാരിതയ്ക്ക് മാറ്റു കൂട്ടുന്നു. ദ്വീപുകൾ പോലെ ഒറ്റപ്പെട്ടു കിടക്കുന്ന പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നത് ഈ ജലാശയങ്ങളാണ്. യാത്രചെയ്യുന്നതിനും സാധനങ്ങൾ കൊണ്ടുപോകുന്നതിനും ഈ കായലുകളും തടാകങ്ങളും ഉപകരിക്കുന്നു. താരതമ്യേന ചെലവുകുറഞ്ഞതും സൗകര്യപ്രദവുമാണീ മാർഗ്ഗം. അഷ്ടമുടികായലും വേമ്പനാട്ടുകായലും വിനോദസഞ്ചാരികളുടെ പ്രിയപ്പെട്ട ലക്ഷ്യങ്ങളാണ്. ഇവയിലൂടെ ചെറുവഞ്ചികളിലോ, ഹൗസ്ബോട്ടുകളിലോ കയറിയുള്ള യാത്ര അനുപമമായ ഒരു അനുഭവമാണ് അവർക്ക് പ്രദാനം ചെയ്യുന്നത്. വേമ്പനാട്ടുകായലിനെ തൊട്ടുകിടക്കുന്ന കുമരകം ഇന്ന് വിശ്വപ്രസിദ്ധമായ വിനോദസഞ്ചാര കേന്ദ്രമായി വളർന്നുകഴിഞ്ഞിരിക്കുന്നു. ആലപ്പുഴയിലെ നെഹ്റു ട്രോഫി വള്ളംകളിയും ആറന്മുള വള്ളം കളിയും ഒക്കെ വിദേശികൾക്ക് വിശിഷ്ടമായ ദൃശ്യവിസ്മയങ്ങളാണ്. വേമ്പനാട്ടുകായലോരം ലോകശ്രദ്ധയാകർഷിച്ച വിനോദസഞ്ചാര കേന്ദ്രമായി വളർന്നു കഴിഞ്ഞു. ഇരുകരകളിലുമുള്ള ഹരിതഭംഗി ആസ്വദിച്ചു കൊണ്ട് ശാന്തസുന്ദരമായ കായലിലൂടെയുള്ള യാത്രയുടെ ആസ്വാദ്യത അനുഭവിക്കാൻ ആയിരക്കണക്കിന് വിനോദസഞ്ചാരികളാണ് ഇവിടെ എത്തിച്ചേരുന്നത്.

C-Culture സംസ്ക്കാരം- കേരളം സംസ്ക്കാര സമ്പന്നമാണ്. ആര്യദ്രാവിഡ സംസ്ക്കൃതികളുടെ സമഞ്ജസ സംഗമവുമാണ് കേരള സംസ്ക്കാരം. മതസൗഹാർദ്ദത്തിന്റെ മനോജ്ഞഭൂമിയാണ് കേരളം. മൂന്നു പ്രധാന മത വിഭാഗങ്ങളിൽപ്പെട്ട കേരളത്തിലെ ജനങ്ങൾ തികഞ്ഞ സൗഹാർദ്ദത്തോടെയാണ് ജീവിക്കുന്നത്. തലസ്ഥാനനഗരമായ തിരുവനന്തപുരത്തിന്റെ ഹൃദയഭാഗത്തു തന്നെ മൂന്നു മതവിഭാഗങ്ങളുടെ ആരാധനാലയങ്ങൾ തികച്ചും ശാന്തവും സമാധാനപൂർണ്ണവുമായ അന്തരീക്ഷത്തിൽ സ്ഥിതിചെയ്യുന്നത് മലയാളിയുടെ മതസഹിഷ്ണുതയുടെ മകുടോദാഹരണമാണ്. അഭ്യസ്തവിദ്യരായ, ശുചിത്വത്തിൽ നിഷ്ക്കർഷയുള്ളവരായ, അതിഥി സൽക്കാര പ്രിയരായ ജനങ്ങൾ അധിവസിക്കുന്ന കേരളത്തിലേക്ക് വിനോദസഞ്ചാരികളുടെ വരവ് ദിനംപ്രതി വർദ്ധിക്കുന്നതിൽ അത്ഭുതത്തിന് അവകാശമില്ല.

കേരളത്തിന്റെ തനതുകലകളായ കൂത്തും കൂടിയാട്ടവും കഥകളിയും കണ്ണിനും കാതിനും ഇമ്പമേകുന്ന ദൃശ്യശ്രാവ്യ രൂപങ്ങളാണ്. ശാസ്ത്രീയ സംഗീത രംഗത്തും ചലച്ചിത്ര സംഗീത രംഗത്തും അസാമാന്യ പ്രതിഭ തെളിയിച്ച ഒട്ടേറെ കേരളീയരുണ്ട്. യേശുദാസും ചിത്രയും അന്തർദേശീയ പ്രശസ്തിയാർജ്ജിച്ച ഗായകരാണ്. ഭരണ രംഗത്ത് ഇന്ത്യയുടെ രാഷ്ട്രപതിയായിരുന്ന കെ.ആർ. നാരായണൻ, സാഹിത്യ രംഗത്ത് ജ്ഞാനപീഠ പുരസ്കാര ജേതാക്കളായ ജി. ശങ്കരക്കുറുപ്പ്, തകഴി ശിവശങ്കരപ്പിള്ള, എസ്.കെ പൊറ്റക്കാട്, എം.ടി. വാസുദേവൻ നായർ, ഒ.എൻ.വി. കുറുപ്പ് തുടങ്ങിയവർ, ചലച്ചിത്ര രംഗത്ത് ശബ്ദമിശ്രണത്തിന് ഓസ്ക്കാർ അവാർഡ് നേടിയ റസൂൽ പൂക്കുട്ടിയും അഭിനയത്തിന് ദേശീയ അവാർഡ് നേടിയ ബാലൻ കെ നായർ, പി.ജെ. ആന്റണി, ഭരത് ഗോപി, മമ്മൂട്ടി, മോഹൻലാൽ, സുരേഷ്ഗോപി, ബാലചന്ദ്രമേനോൻ, സലിം കുമാർ തുടങ്ങിയവരും അന്താരാഷ്ട്ര പ്രശസ്തരായ ചലച്ചിത്ര സംവിധായകരായ അടൂർ ഗോപാലകൃഷ്ണനും അരവിന്ദനും ഷാജി എൻ. കരുണുമൊക്കെ മലയാളത്തിന്റെ മഹത്വം ലോകമെമ്പാടും പ്രചരിപ്പിച്ച ആധുനിക കാലഘട്ടത്തിന്റെ പ്രതിഭാശാലികളാണ്.

വൈവിധ്യമാർന്ന ഉത്സവങ്ങളും







ആഘോഷങ്ങളും കേരളത്തെ വർണ്ണാഭമാക്കുന്നു. ഓണവും വിഷുവും ക്രിസ്തുമസ്സും റംസാനുമെല്ലാം കേരളീയർക്ക് പ്രിയപ്പെട്ടവയാണ്. എല്ലാ ആചാരാനുഷ്ഠാനങ്ങൾക്കും അന്യമതസ്ഥരുടെ സൗഹൃദവും സഹകരണവും ലഭിക്കാറുണ്ട്.

ആഹാരരീതിയിലും കേരളീയർ വ്യത്യസ്തത പുലർത്തുന്നു. നമ്മുടെ പ്രഭാത ഭക്ഷണ വിഭവങ്ങളായ ഇഡ്ഡലിയും ദോശയും പുട്ടും ഇടിയപ്പവും എല്ലാം കേരളീയരല്ലാത്തവർക്കും പ്രിയങ്കരമായിക്കഴിഞ്ഞിരിക്കുന്നു. വിഭവസമൃദ്ധവും സ്വാദിഷ്ഠവുമായ കേരളീയരീതിയിലുള്ള സദ്യ അന്യദേശക്കാർക്കും ഇഷ്ടമായിക്കഴിഞ്ഞിരിക്കുന്നു. ചുരുക്കത്തിൽ, കേരളീയ സംസ്ക്കാരത്തിന്റെ സവിശേഷ സൗകുമാര്യം അന്യദേശക്കാരെ ഇങ്ങോട്ട് ആകർഷിക്കുന്ന ഒരു സുപ്രധാന ഘടകമാണ്.

D എന്നാൽ distance ദൂരം-കേരളത്തിൽ ദൂരം ഒരു പ്രശ്നമേയല്ല. നീണ്ടു നീണ്ടു കിടക്കുന്ന ഹരിതഭംഗിയാർന്ന ഒരു മഹാനഗരമാണ് കേരളം. ഇവിടെ വൃക്ഷലതാദികളില്ലാത്ത മണൽപ്പരപ്പുകളോ ജലാംശമില്ലാത്ത ഊഷര ഭൂമികളോ ഇല്ല. സുദീർഘമായ കടൽത്തീരവും ശാന്തസുന്ദരമായ ജലാശയങ്ങളും അംബരചുംബികളായ മലനിരകളും ഒക്കെ ചേർന്ന് കേരളം എന്ന ഈ ചെറു സംസ്ഥാനത്തെ മനോഹരമായ ഒരു വാസ സ്ഥലമാക്കിമാറ്റുന്നു. സമശീതോഷ്ണമായ കാലാവസ്ഥയും വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സമൃദ്ധിയും സംസ്ക്കാരസമ്പന്നരായ ജനങ്ങളും കേരളത്തെ അന്യദേശക്കാർക്കുക്കൂടി പ്രിയപ്പെട്ടതാക്കിത്തീർക്കുന്നു. എന്നാൽ കൃഷി ഭൂമിയിലും കർഷകത്തൊഴിലാളികളുടെ ലഭ്യതയിലും വന്ന കുറവ് നമ്മെ അതിവേഗം ഒരു ഉപഭോക്തൃ സംസ്ഥാനമാക്കി മാറ്റികൊണ്ടിരിക്കുകയാണ്. ഇവിടുത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയാത്തപ്പോഴും അന്യസംസ്ഥാന തൊഴിലാളികൾ നമ്മുടെ നിർമ്മാണ മേഖലയെ കൈയടക്കാൻ തുടങ്ങുന്നു. വിവരസാങ്കേതിക മേഖലയിലെ കുതിച്ചുചാട്ടം സമ്പന്നരും സാധാരണക്കാരും തമ്മിലുള്ള അന്തരം വർദ്ധിപ്പിക്കുകയും അതിന്റെ ഫലമായി മോഷണങ്ങളും കവർച്ചകളും കൂടുകയും ചെയ്യുന്നു. ഗവൺമെന്റും ജനങ്ങളും സന്നദ്ധസംഘടനകളും സഹകരിച്ച് സമഗ്രമായ ഒരു കർമ്മ പരിപാടി തയ്യാറാക്കിയാൽ ഈ പ്രശ്നങ്ങൾക്കെല്ലാം ഒരു പരിധിവരെ നിശ്ചിത സമയപരിധിക്കുള്ളിൽ പരിഹാരം കണ്ടെത്താൻ കഴിയും. എങ്കിൽ മാത്രമേ "ദൈവത്തിന്റെ സ്വന്തം നാട്" എന്ന വിശേഷണം പൂർണ്ണമായി അന്വർത്ഥമാകുകയുള്ളൂ. ■

*ലേഖകൻ തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോ മുൻ ഡയറക്ടറാണ്.*







# സാനഡു മോഹനം: മന്ത്രികൃഷി നൂറുമേനി

**ഡോ. ഡി ഷൈൻകുമാർ**

തിരുവനന്തപുരം വഴുതയ്ക്കാട്ടുള്ള കൃഷിയെന്നാൽ വകുപ്പുഭരണം മാത്രമല്ല, മണ്ണിനെ മെരുക്കുന്ന മാതൃകകൾ കൂടിയാണ്. ഇത് തെളിയിക്കുന്നതാകട്ടെ കൃഷി വകുപ്പിന്റെ തേരു തെളിക്കുന്ന മന്ത്രി കെ.പി. മോഹനൻ തന്നെ. ഹരിതമോഹനമായ കൃഷി കാണണമെങ്കിൽ മന്ത്രി മന്ദിരമായ സാനഡുവിലേക്ക് വന്നാൽ മതി. ഒന്നല്ല ഒന്നിലധികം കൃഷിമാതൃകകൾ കേവലം ഒന്നരയേക്കറിൽ കാണാം. ഇതിനിടെ നൂറ് ദിന കർമ്മപരിപാടിക്കിടയിൽ പൈയ്യൊന്നു പെറ്റു. കുഞ്ഞിപ്പശുവിന്റെ കുട്ടി പിറന്നതോടെ മന്ത്രി മന്ദിരം ഉഷാറിലാണ്. സന്ദർശകരുടെയും സഹായക്കാരുടെയും ശ്രദ്ധ തൊഴുത്തിലേക്ക് തന്നെ. ഫയൽത്തിരക്കിനിടയിൽ നിന്നും ഗോകുലത്തിലെത്താൻ മന്ത്രി മോഹനന് മടിയില്ല. ഗിദ്ദപ്പശുവിന്റെ ഗാർഡ് ഓഫ് ഓണർ സ്വീകരിച്ചേ മറ്റെന്തിനുമുള്ളൂ എന്ന ദൃഢപ്രതിജ്ഞ.

പാനൂരിന്റെ കൃഷിപ്പെരുമ വഴുതക്കാട്ട് എത്തിച്ചപ്പോൾ മന്ത്രി മന്ദിരത്തെ അത് താരും തളിരും ചൂടിച്ചു. കൃഷിയെന്തായാലും അത് ജൈവരീതിയിലാകണമെന്ന നിർബന്ധമുണ്ട് കൃഷി മന്ത്രിക്ക്. എന്തായാലും ബ്രിട്ടീഷ് റീജന്റുമാർ തീർത്ത സാനഡുവിലെ ഒരേക്കർ ഭൂമിയിൽ നിന്ന് ഇന്ന് ഒന്നാംതരം ഹരിതഗാഥ ഉയരുകയാണ്. സ്വന്തം പ്രയത്നം കൊണ്ട് അതിന് അഭിവാദ്യമർപ്പിക്കുവാൻ കൃഷിമന്ത്രി തന്നെ മുന്നിലുണ്ടുതാനും.

സാനഡുവിലെത്തുന്ന ആരെയും വരവേല്ക്കാൻ കയർപ്പന്തലിൽ തോരണമൊരുക്കി ശാരികപ്പയർ ഊയലാടുന്നുണ്ട്. പ്രോട്ടോക്കോൾ ലംഘിച്ചാണെങ്കിലും താഴോട്ട് തൂങ്ങുന്ന പ്രിയങ്ക പാവയ്ക്ക പൊലിമ കാട്ടുന്നുണ്ട്. പിന്നാമ്പുറത്തെ കൃഷിഭൂമിക്കായി ഹരിതക്കുട നിവർത്തി ചേന വിരിഞ്ഞു നില്ക്കുന്നു. ഭാര്യ ഹേമജ പാനൂരിൽ നിന്നെത്തിച്ച നേന്ത്രൻതന്നെ കൃഷിത്തോട്ടത്തിലെ താരം. രസകദളിയും, ചെങ്കദളിയുമെല്ലാം കണ്ണൂരിന്റെ ഉള്ളുറപ്പ് കാട്ടി പടല തിരിഞ്ഞു നില്ക്കുന്നു. നൂറ്ദിന കർമ്മപരിപാടിക്ക് മുമ്പേ വെണ്ടയും വഴുതനയും പൂവിട്ട് നൂറുമേനിയിലെത്തി. വഴുതന പൂസാപർപ്പിളെങ്കിൽ വെണ്ട അനാമിക ഇനം തന്നെ.

പിറകിൽ ഒത്തനടുവിൽ കോഴികൾക്കായി മികച്ച കൂടുണ്ട്. റീജന്റ് ഭരണത്തിൽ സൂപ്രണ്ടിനായി നിർമ്മിച്ച കൂടാരത്തിൽ മന്ത്രി മോഹനന്റെ പ്രിയയിനം ഗ്രാമപ്രിയ കോഴികൾ രണ്ട് ഡസനോളം. നാടൻമുട്ട നാട്ടുമണം ചോരാതെ കിട്ടുമെന്ന് മന്ത്രിഭാഷ്യം. ഒഴിഞ്ഞ കോണിൽ ഒന്നാംതരം തൊഴുത്ത്. നാല് പൈക്കൾക്ക് സ്വാതന്ത്ര്യമായി നില്ക്കാം. ഗിദ്ദപ്പശുവിലാണ് കൂടുതൽ ശ്രദ്ധ.

> **പാനൂരിന്റെ കൃഷിപ്പെരുമ വഴുതക്കാട്ട് എത്തിച്ചപ്പോൾ മന്ത്രിമന്ദിരത്തെ അത് താരും തളിരും ചൂടിച്ചു. കൃഷിയെന്തായാലും അത് ജൈവരീതിയിലാകണമെന്ന നിർബന്ധമുണ്ട് കൃഷി മന്ത്രിക്ക്. എന്തായാലും ബ്രിട്ടീഷ് റീജന്റുമാർ തീർത്ത സാനഡുവിലെ ഒരേക്കർ ഭൂമിയിൽ നിന്ന് ഇന്ന് ഒന്നാംതരം ഹരിതഗാഥ ഉയരുകയാണ്. സ്വന്തം പ്രയത്നം കൊണ്ട് അതിന് അഭിവാദ്യമർപ്പിക്കുവാൻ കൃഷിമന്ത്രി തന്നെ മുന്നിലുണ്ടുതാനും.**

കാസർകോട്ടെ കുള്ളൻ പശുക്കൾ മന്ത്രിക്ക് ഹരംതന്നെ. പാൽ ഏറിയാൽ ഇരുനാഴി. പാൽസേവ ഔഷധസേവ കൂടിയാണ്. എങ്കിലും കന്നിക്കിടാവിന് തന്നെ അത് അനുവദിച്ചുനല്കാൻ മന്ത്രി ഉത്തരവിട്ടിരിക്കുന്നു.

സ്വാതന്ത്ര്യദിനപതാക ഉയരുന്ന മുന്നിലെ പൂന്തോട്ടം ഇന്ന് പച്ചക്കറിത്തോട്ടമാണ്. അതിന് അതിരുനില്ക്കുന്നത് ഉയരത്തിൽ വളർന്ന ചെഞ്ചീര തന്നെ. ഒത്ത നടുവിൽ എല്ലാത്തിനും സാക്ഷിയായി കൃഷ്ണവിഗ്രഹം. കോൺക്രീറ്റ് തൂണുകളാകെ പച്ചക്കറി വളരുന്ന ഗ്രോബാഗുകളാണ്. തക്കാളിയും കത്തിരിയും. കൃഷിയിൽ മന്ത്രിക്ക് ഒരു പാനൂർ ടച്ചുണ്ട്. പഠിച്ചത് എയ്റോനോട്ടിക്കൽ എഞ്ചിനീയറിംഗ് ആണെങ്കിലും മനസ്സിൽ ഞാറ്റുപാട്ടിന്റെ ഈണമുണ്ടെങ്കിൽ അത് കൃഷിയിലെത്തുമെന്ന് മന്ത്രിക്കറിയാം. മണ്ണ്, മണൽ, ചകിരിച്ചോറ്, മണ്ണിരകമ്പോസ്റ്റ് എന്നിവ നിറച്ച ഗ്രോബാഗിൽ തളിരിടുന്നത് പ്രധാന വിളയാണെങ്കിലും ചുറ്റിലും ചീരയുണ്ട്. ചീര പതിനഞ്ചാം പക്കം കൊയ്യുമ്പോൾ നൂറാം ദിനം മുഖ്യവിള പരുവമാകും. രാസവളം ഇല്ലേയില്ല. മണ്ണിരകമ്പോസ്റ്റ് ഒരുപിടി ആഴ്ച തോറും. ഒരു ചിരട്ടവെള്ളം നിത്യവും. അതാണ് പാനൂർ ശൈലി. കീടത്തെയും രോഗത്തെയും തുരത്താൻ കളരിമുറ തന്നെ വേണം. നാലില എത്തിയാൽ വളം വിതറും. തുടർന്ന് വേപ്പ് എമൽഷനും ബിവേറിയ എന്ന മിത്രകീടവും പ്രയോഗിക്കും. രോഗത്തെ ചെറുക്കാൻ സ്യൂഡോമോണസ് എന്ന പൂഴിക്കടകനുണ്ട്. എല്ലാം നാല് മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്നതാണ് കണക്ക്. നൂറ് ദിനമെത്തിയാൽ പിന്നെ മറ്റൊരു വിഷൻ. ഗ്രോബാഗിൽ വിള മാറ്റി പ്രയോഗിക്കും. ബാഗിന് മാറ്റമില്ല. തിരുവനന്തപുരം കോർപ്പറേഷൻ കാർഷികകർമ്മസേനയാണ് സാനഡുവിലേക്ക് ഗ്രോബാഗ് സാങ്കേതികത എത്തിച്ചത്.

ഭൂമിക്ക് സ്വർണ്ണപ്പാദസരം തീർത്ത് മത്തൻ നിലത്തോടുന്നു. ഇലച്ചാർത്തുകൾ കൊണ്ട് കുടവിരിച്ച പ്ലാവിൽ വരിക്കച്ചക്ക ഫലഭാരം അണിയിക്കുന്നു. റീജന്റ് സായിപ്പ് നട്ട ഞാവൽമരം പഴങ്ങളേന്തി നാവു കറുപ്പിക്കാൻ കാത്തുനില്ക്കുന്നു. പപ്പായ കൊത്തിപ്പഴുപ്പിക്കാൻ കിളികളുടെ മത്സരം. മണ്ണിൽ നിന്ന് മധുരം കടഞ്ഞെടുക്കുന്ന പേരമരം ചില്ലകളിൽ ശോണിമ വിടർത്തുന്നു. അത്തി ആർത്തിരമ്പി കായ്ക്കുന്നു കൃഷി സാനഡുവിൽ ഇവിടെ ഒരു മോഹനസ്വപ്നമായി പൂവണിയുന്നു.

'ഭരണത്തിരക്ക്' കൃഷി ചെയ്യാൻ തടസ്സമേയല്ല. കാരണം കൃഷി മുളപൊട്ടുന്നത് മനസ്സിൽ നിന്നാണ്. ഫയലല്ല വയലാണ് എന്റെ മനസ്സിൽ എന്നു കൃഷിമന്ത്രി പറയുമ്പോൾ അതിൽ ഞാറ്റുപാട്ടിന്റെ ഈണങ്ങളുണ്ട്. അത് കൈരളിയുടെ കൃഷിക്ക് ഇണങ്ങുന്നതാണുതാനും. ■

*ലേഖകൻ*
*മൃഗസംരക്ഷണ വകുപ്പിൽ*
*പബ്ലിക് റിലേഷൻസ് ഓഫീസറാണ്*
*ഫോൺ: 9847111827*

# വാർത്തകളും വിശേഷങ്ങളും

## തദ്ദേശഭരണസ്ഥാപന ഭാരവാഹികളുടെ ഓണറേറിയം വർദ്ധിപ്പിച്ചു

തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം 1.4.2011 മുതൽ പ്രാബല്യത്തോടെ താഴെ പറയുന്ന പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവായി. (സ.ഉ.(അച്ചടി) നം. 260/2011/തസ്വഭവ, തീയതി 20.10.2011).

| തദ്ദേശഭരണസ്ഥാപനം | പ്രസിഡന്റ്/മേയർ | വൈസ് പ്രസിഡന്റ്/ ഡെപ്യൂട്ടി മേയർ | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | അംഗങ്ങൾ |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 6900 | 5600 | 3700 | 3400 |
| ബ്ലോക്ക് പഞ്ചായത്ത് | 6300 | 5000 | 3400 | 2800 |
| ഗ്രാമപഞ്ചായത്ത് | 5600 | 4300 | 3100 | 2500 |
| കോർപ്പറേഷൻ | 6900 | 5600 | 3700 | 3100 |
| മുനിസിപ്പാലിറ്റി | 6300 | 5000 | 3400 | 2800 |

## ബഡ്സ് സ്കൂളുകൾക്കുള്ള വിദ്യാഭ്യാസ ഗ്രാന്റ് ചെലവഴിക്കുന്നതിന് നിർദ്ദേശം

ബഡ്സ് സ്കൂളുകൾക്കുള്ള വിദ്യാഭ്യാസ ഗ്രാന്റ് ചെലവഴിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചു. ഇതു പ്രകാരം തദ്ദേശസ്ഥാപനങ്ങൾ ആരംഭിച്ചിട്ടുള്ള ബഡ്സ് സ്പെഷ്യൽ സ്കൂളുകൾക്ക് വിദ്യാഭ്യാസ വകുപ്പ് പ്രത്യേക നിർദ്ദേശങ്ങൾ നൽകി അനുവദിക്കുന്ന ഗ്രാന്റ് തുക പ്രസ്തുത ഉത്തരവിലെ നിർദ്ദേശപ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും സംയുക്തമായ പേരിൽ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ഈ തുക നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ബഡ്സ് സ്കൂളുകൾക്കായി മാത്രം ചെലവഴിക്കുകയും ചെയ്യേണ്ടതാണ്. പ്രസ്തുത അക്കൗണ്ടിൽ മറ്റു തുകകൾ നിക്ഷേപിക്കുവാൻ പാടില്ലാത്തതും ഗ്രാന്റ് വരവ് ചെലവ് കണക്കുകൾ പ്രത്യേകമായി എഴുതി സൂക്ഷിക്കേണ്ടതും (സ്കൂൾ ഗ്രാന്റ് ബുക്ക്) ഓഡിറ്റ് ചെയ്ത കണക്കുകളും ധനവിനിയോഗ സർട്ടിഫിക്കറ്റുകളും പഞ്ചായത്ത് കമ്മറ്റിയുടെ അറിവോടെ വിദ്യാഭ്യാസ ഡയറക്ടർക്ക് യഥാസമയം നൽകുകയും ചെയ്യേണ്ടതാണ്. ബന്ധപ്പെട്ട തദ്ദേശഭരണ സെക്രട്ടറിമാർ കൈപറ്റുന്ന ഗ്രാന്റ് തുകയുടെ വിവരം പഞ്ചായത്ത് അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതും പ്രത്യേക പാസ്സ് ബുക്കിൽ നിക്ഷേപിച്ചതായും ചെലവഴിച്ചതായും ക്ലാസ്സിഫിക്കേഷൻ കാണിച്ച് ഉപയോഗപ്പെടുത്തേണ്ടതാണ്. കേന്ദ്ര സർക്കാർ ഗ്രാന്റ് ലഭിക്കുന്ന സന്ദർഭങ്ങളിലും ഇതേ നടപടിക്രമം പാലിക്കേണ്ടതാണ്. ഗ്രാന്റ് ലഭിക്കുന്നതിന് താമസം നേരിടുകയോ അവ്യക്തത ഉണ്ടാവുകയോ ചെയ്യുന്ന സാഹചര്യം കണക്കിലെടുത്ത് തനത് ഫണ്ട്/പ്ലാൻ ഫണ്ട്/വികസന മാനേജ്മെന്റ് ഫണ്ട് എന്നിവ നിയമാനുസൃതം ഉപയുക്തമാക്കി ഓണറേറിയം ഉൾപ്പെടുന്ന ചെലവുകൾ തടസ്സം കൂടാതെ നിർവ്വഹിക്കുന്നതിനും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക തിരിച്ച് പ്രസ്തുത ഫണ്ടിലേക്ക് മുതൽക്കൂട്ടുകയും ചെയ്യാവുന്നതാണ്. വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഇതിനകം ലഭ്യമായ ഗ്രാന്റ് തുക ചെലവഴിക്കാത്തവർ പ്രസ്തുത തുക ചെലവഴിച്ച് ചാർട്ടേഡ് അക്കൗണ്ടന്റിനെ കൊണ്ട് ഓഡിറ്റ് ചെയ്ത് ധനവിയോഗ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. (സ.ഉ.(സാധാ) നം. 2517/2011/തസ്വഭവ, തീയതി 31.10.2011).

## കണ്ണൂരിൽ പഞ്ചായത്ത് ജീവനക്കാരുടെയും പെൻഷൻകാരുടെയും സഹകരണസംഘം ഉദ്ഘാടനം ചെയ്തു





*കണ്ണൂർ ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് ആന്റ് പെൻഷനേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഉദ്ഘാടനം പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം. കെ. മുനീർ നിർവ്വഹിക്കുന്നു.*

കണ്ണൂർജില്ലയിലെ പഞ്ചായത്ത് ജീവനക്കാരുടെയും പെൻഷൻകാരുടെയും സഹകരണസംഘമായ കണ്ണൂർ ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് ആന്റ് പെൻഷനേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഉദ്ഘാടനം പഞ്ചായത്ത് സാമൂഹ്യക്ഷേമവകുപ്പ് മന്ത്രി ഡോ. എം. കെ. മുനീർ നിർവ്വഹിച്ചു. കെ.എം. ഷാജി എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. അംഗങ്ങളുടെ ഇടയിൽ മിതവ്യയം, സ്വയം പര്യാപ്തതാബോധം, പരസ്പര സഹായമനസ്ഥിതി എന്നീ ഗുണങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതിലേക്ക് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്യുക, വിവിധ തരത്തിലുള്ള നിക്ഷേപങ്ങൾ അംഗങ്ങളിൽ നിന്നും സ്വീകരിക്കുക, സംഘം അംഗങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കുള്ള ഹ്രസ്വ, മദ്ധ്യ, ദീർഘകാല വായ്പകൾ നൽകുക, സഹകരണസംഘം രജിസ്ട്രാരോ, മറ്റ് അംഗീകൃത ഏജൻസികളോ അംഗീകരിക്കുന്ന പദ്ധതികൾ പ്രകാരമുള്ള വായ്പകൾ നൽകുക തുടങ്ങിയവയാണ് സൊസൈറ്റിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. എൻ. പ്രദീപ് കുമാർ പ്രസിഡന്റും രാഹുൽ രാമചന്ദ്രൻ സെക്രട്ടറിയുമായ ഭരണസമിതിയാണ് പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്.

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsg.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by K.R. Muraleedharan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.


ഗ്രാമ നഗര ഭരണത്തിന്റെ നേർക്കാഴ്ചകളുമായി

# പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- ഫീച്ചറുകൾ
- മാതൃകകൾ
- അവലോകനങ്ങൾ
- അനുഭവങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

## പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:

എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033